[ശ്രീ. കെ. കുഞ്ഞമ്പു]:

യിരിക്കുകയാണ്. പണിമുടക്കിന്റെ ഫലമായി ഇറക്കുമതി നിലച്ചിരിക്കുകയും ഭക്ഷ്യധാന്യങ്ങൾക്ക പൊതുവിൽ ഇക്കാരണത്താൽ വില വർദ്ധിച്ചുവരികയുമാണ്. പണിമുടക്കിയ 350 ഓളം തൊഴിലാളികളെ പോലീസ് ഇതിനകം അറസ്റ്റ ചെയ്തിരിക്കുകയാണ്.

ഈ പ്രശ്നം സമാധാനപരമായും മാനമായും പരിഹരിക്കണമെന്നും കൂടുതൽ കുഴപ്പങ്ങൾ വലിച്ചിഴയ്ക്കപ്പെടുന്നതിനുമുൻപ് ഈ പാസ്തൊഴിലാളി പ്പണിമുടക്കിൽ ഇടപെട്ട് വേണ്ട പരിഹാരം വരുത്തണമെന്നും ബഹുമാനപ്പെട്ട തൊഴിൽവകുപ്പ മന്ത്രിയോടഭ്യർത്ഥിച്ചുകൊള്ളുന്നു.

തൊഴിൽവകുപ്പുമന്ത്രി ശ്രീ. ടി. വി. തോമസ്: കോഴിക്കോട്ട് കമ്പോളത്തിലേക്ക് ഭക്ഷ്യധാന്യങ്ങൾ റയിൽവേ വാഗണിൽനിന്നും മാററിക്കൊണ്ടിരിക്കുന്ന കണ്ട്രാക്റ്റന്മാർ അവർക്ക് കിട്ടിക്കൊണ്ടിരിക്കുന്ന കൂലി കുറവാണെന്ന കാരണത്താൽ ഒരു പണിമുടക്കിൽ ഏർപ്പെട്ടിരിക്കുകയാണ്. ഈ പ്രശ്നം സമാധാനത്തിലെത്തിക്കുന്നതിന് കോഴിക്കോട്ട ഡിസ്ട്രിക്റ്റ ലേബർ ആഫീസർ പലതവണ സമ്മേളനം വിളിച്ചുകൂട്ടിയിട്ടുണ്ട്. പണിമുടക്കുമൂലം സാധനങ്ങൾ മാററാൻ സാധിക്കുന്നില്ല; അതുകൊണ്ട് വിലവർദ്ധനവുണ്ടാകുന്നു എന്നു പറയുന്നതു മുഴുവൻ ശരിയല്ലെന്നു ഈ സഭയെ അറിയിക്കാൻ ഞാനാഗ്രഹിക്കുന്നു. ഏതായാലും 17-ാംതീയതി ഇരുകൂട്ടരും ഒരു തീരുമാനത്തിലെത്താൻ ശ്രമിച്ചിട്ടുണ്ട്. അന്ന് ഒരു തീരുമാനത്തിലെത്തുമെന്ന് വിശ്വസിക്കുന്നു. ഇതിൽ കൂടുതലായി ഇതിനെപ്പററി ഒന്നും പറയാനില്ല.

THE KERALA EDUCATION RULES, 1959—(*Contd.*)

CHAPTER IX—(*Contd.*)

Mr. Speaker: Mr. Joseph Mundasseri, yesterday you had agreed to re-draft Rule 6 of Chapter IX and submit it today for the consideration of the House. Is it ready now?

Shri Joseph Mundasseri: I am drafting it. We may now take up the next rule. By the time that is considered, I will send you Rule 6 as re-drafted.

Mr. Speaker: Rule 7 deals with 'pupils under suspension not to be allowed to attend the school'. As that rule also deals with disciplinary matters, it should depend upon the framing of Rule 6.

Shri M. Narayana Kurup: Many things depend on the framing of that rule.

Mr. Speaker: The next two or three rules would depend upon Rule 6.

Shri M. Narayana Kurup: It seems Government are not taking things very seriously.

Mr. Speaker: I am not competent to say that.

Shri M. Narayana Kurup: But we are competent.

Mr. Speaker: I think we will now take up amendments to Rule 7.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: റൂൾ 6-ൽ സസ്പെൻഷനാണോ ഡിസ്മിസ്സലാണോ ഭേദഗതിചെയ്തു സ്വീകരിച്ചിരിക്കുന്നതു് എന്നറിയാതെ എങ്ങനെയാണ് ഇതിൽ പങ്കെടുക്കുന്നതു്? അതറിയാതെ ഞങ്ങൾക്ക പങ്കെടുക്കാൻ സാധിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

Shri M. Narayana Kurup: Sir, I think Rule 7 is to be deleted, because it has reference to Rule 4. In that rule, every reference is to Rule 4; therefore, we can easily delete that.

Mr. Speaker: But in the note there it is stated: "See also rule 18 (3) in Chapter VI regarding the issue of Transfer Certificates to such pupils."

Shri T. A. Thomman: Rule 7 has to be recast, because Rule 4 is deleted.

Shri P. T. Chacko: Though rule 4 has been deleted, in the re-draft of rule 6, some portion of rule 4 has to come. So, rule 7 cannot be deleted as such; that also is to be recast.

Shri Joseph Mundasseri: In rule 7, wherever reference is made to rule 4(1), it may be corrected as reference to rule 6 (1).

Shri T. A. Thomman: If the re-draft of rule 6 is not ready, then rule 7 may also be held over, as that also requires recasting.

Shri P. T. Chacko: Under Rule 4 (1), I had moved an amendment for deleting sub-rule (1) (a) which was almost accepted by every section of the House. Now if we are to substitute 'rule 6(1)' for 'rule 4(1)' wherever that occurs in rule 7, I will have to move an amendment again.

Mr. Speaker: What the Minister has suggested is the substitution of 'Rule 6 (1)' in rule 7, which means it would be a reference to re-drafted rule 6.

Shri M. Narayana Kurup: What is rule 6(1) is not clear to us now.

Mr. Speaker: How are we to proceed now?

Shri M. Narayana Kurup: Shall we adjourn for 15 minutes in the meanwhile the amendment may be got ready.

Shri T. V. Thomas: We will start from Rule 10, Sir.

Shri Joseph Mundasseri: Rule 10 may be taken up.

Shri P. T. Chacko: That again relates to matters of discipline. The entire thing will have to be re-opened again when Rule 6 is settled. I would suggest that we better go to Chapter X, because that Chapter is entirely a different matter. Chapter IX can be further considered after settling Rule 6; or if the Minister wants some time to re-draft that rule, why not we adjourn?

Mr. Speaker: Why not we take up Rule 11?

Shri Joseph Mundasseri: I agree to take up Rule 11 as suggested by the hon. Speaker.

Mr. Speaker: There is an amendment to Rule 11 in Chapter IX by Shri T. C. Narayanan Nambiar—Amendment No. 252. Are you moving that amendment, Mr. Nambiar?

LIBRARY ARCHIVES Kerala Legislative Assembly

Shri T. C. Narayanan Nambiar: Yes, I move:

In Chapter IX, Rule 11 add as sub-rule (viii) the following:

"(viii) to organise and function staff council in which all teaching members on the staff shall be members and the Headmaster the Convener."

സ്റ്റാഫ് കൗൺസിലിന് ചില ഫംഗ്ഷൻസ് എല്ലാം കൊടുത്തുകൊണ്ടുള്ള ചില വകുപ്പുകൾ നാം പാസ്സാക്കിക്കഴിഞ്ഞിട്ടുണ്ട്. സ്റ്റാഫ് കൗൺസിൽ രൂപീകരിക്കുന്നതിനുള്ള ചുമതല ഹെഡ്മാസ്റ്റർക്ക് കൊടുക്കുന്നതു മാത്രമാണ് ഇതിൽ പറയുന്നത്. അത് സ്വീകരിക്കാത്തപക്ഷം സംഘടനതന്നെ ഇല്ലാതാകും. അതുകൊണ്ട് ഇത് അനിവാര്യമാണ്.

ശ്രീ. ടി. എ. തൊമ്മൻ: ഇതിൽ ഒരു ഭാഗത്തോടു ഞാൻ യോജിക്കുകയാണ്. സ്റ്റാഫ് കൗൺസിൽ രൂപീകരിക്കാനുള്ള ചുമതല ഹെഡ്മാസ്റ്റർക്ക് കൊടുക്കേണ്ടതാണ്. എന്നാൽ "to organise and function staff coun il in which all e ching members on the staff shall be me b rs" എന്നു പറയുന്നതു ശരിയല്ല. കൗൺസിലിൽ ചേരണമോ ചേരണ്ടയോ എന്നു തീരുമാനിക്കാൻ ഒരധ്യാപകനു സ്വാതന്ത്ര്യമുണ്ടായിരിക്കണം. നിർബന്ധമായി ബലം പ്രയോഗിച്ച് സ്റ്റാഫ് കൗൺസിലിൽ ചേർക്കുന്നതിനുള്ള വ്യവസ്ഥ ശരിയല്ല. ഇഷ്ടമുണ്ടെങ്കിൽ ചേരാം അല്ലെങ്കിൽ വേണ്ട എന്നല്ലാതെ നിർബന്ധപൂർവ്വം സകല മെമ്പറന്മാരും സ്റ്റാഫ് കൗൺസിലിലെ അംഗങ്ങളായിരിക്കണമെന്ന വ്യവസ്ഥ ചെയ്യുന്നതു ശരിയല്ല. അതു സ്വാതന്ത്ര്യത്തെ ഹനിക്കുന്നതാണ്. അതുകൊണ്ട് ഞാൻ അതിനെ എതിർക്കുകയാണ്. സ്റ്റാഫ് കൗൺസിൽ എങ്ങനെ രൂപീകരിക്കണം അതിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമായിരിക്കണം എന്നെല്ലാം ചിന്തിക്കേണ്ടത് ഇപ്പോഴല്ല, സ്റ്റാഫ് കൗൺസിൽ വരുമ്പോഴാണ്.

ശ്രീ. എം. നാരായണക്കുറുപ്പ്: എല്ലാ ടീച്ചേഴ്സും മെമ്പറന്മാരായാൽ ചില സ്ക്കൂളുകളിൽ പത്തും പന്ത്രണ്ടും ഡിവിഷൻ കാണും; ഓരോ ക്ലാസ്സിലും ഒന്നും രണ്ടും ടീച്ചേഴ്സുമുണ്ടാകും. അങ്ങനെ വരുമ്പോൾ കൗൺസിലിന്റെ പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകും.

ശ്രീ പി. ഗോവിന്ദപ്പിള്ള: സ്റ്റാഫ് കൗൺസിൽ എന്നു പറയുമ്പോൾ സ്റ്റാഫിലുള്ള എല്ലാ അംഗങ്ങളും ഉൾപ്പെടണമെന്നില്ല.

Mr. Speaker: Now, what has the Minister to say in regard to this amendment?

Shri Joseph Mundasseri: I accept the sub-rule as suggested by Shri Narayanan Nambiar with this modification that the Headmaster may be the Chairman instead of 'Convener'.

Shri M. Narayana Kurup: "To organise and function"—that is what is proposed. The idea is not clear to me. 'function' is not a transitive verb.

Mr. Speaker: According to the technicality accepted yesterday, you cannot speak now, as you have once spoken on it.

Shri M. Narayana Kurup: I am only seeking a clarification—not speaking.

Shri T C Narayanan Nambiar: Sir,.

Mr. Speaker: You have also no right to speak after the Minister's speech is concluded.

LIBRARY ARCHIVES Kerala Legislative Assembly

Shri M. Narayana Kurup: If necessary clarifications are not allowed to be made, the matter will have to be re-opened again.

Mr. Speaker: I am not worried about it.

Shri A. M. Kalyanakrishnan Nair: I move.

"In Chapter IX rule 11 add the following as new sub rule (viii):—

"to take steps to maintain the school premises in a healthy neat and tidy condition".

Shri P Gopalan: In Chapter IX rule 11 add as a new sub rule (viii) the following:—

"to organise, and conduct staff council in which all the teachers shall be the members and the Headmaster, the Convener".

Shri Joseph Mundassery: I accept the amendments with the following changes:—In the amendment of Shri Kalyanakrishnan Nair delete the words "to take steps" and in the amendment of Shri P. Gopalan the word "shall" changed into "may" and 'convener' into "Chairman".

The following modification of the amendments was put and carried:—

In Chapter IX Rule 11, after sub rule (vii) add the following:—

"(viii) to maintain the school premises in a healthy, neat and tidy condition.

"(ix) to organise and conduct staff council in which all the teachers may be members and the Headmaster, the Chairman".

The amendment moved by Shri T. C. Narayanan Nambiar was by leave, withdrawn.

Shri P Gopalan: In Chapter IX Rule 12 add as sub rule (iv)

"to correct note books, transcription and composition exercises of pupils punctually and regularly as instructed by the Headmaster".

Smt. Leela Damodara Menon: Sir, on a point of information I would like to know whether sub-rule (1) does not cover this also? Sub-rule (1) is this: "to perform to the best of their abilities the teaching and other items of work allotted to them." There may be several other items like this.

Mr. Speaker: Yes.

Smt. Leela Damodara Menon: Even this is not exhaustive.

Mr. Speaker: There is a doubt expressed whether item (1) in rule 12 is already covered by the amendment moved by Shri P. Gopalan. Another amendment is absolutely unnecessary. It is better to withdraw the amendment.

Shri Joseph Mundassery: Rule 12 sub-rule (1) covers the items mentioned in the amendment suggested by Shri P. Gopalan. I accept the suggestion.

The amendment moved by Shri P. Gopalan was by leave withdrawn.

LIBRARY ARCHIVES Kerala Legislative Assembly

Shri. M. Narayana kurup: I move: In Chapter IX Rule 14 (2) delete the second sentence and add the following at the end:

"and the explanation, if any, so offered shall form part of the record, with the remarks of the Headmaster".

സർ, ഈ റൂൾ ഇതിൽ ആവശ്യമുണ്ടെന്നുതന്നെ ഞാൻ പറയുന്നില്ല. എൻ. ജി. ഓ. മാർക്കും, ഗവണ്മെൻറുദ്യോഗസ്ഥന്മാർക്കും, കാൺഫിഡൻഷ്യൽ ഫയൽ, അഥവാ പേഴ്സനൽ ഫയൽ ആവശ്യമില്ല എന്നൊരു അഭിപ്രായമുണ്ട്. ആ തത്വത്തിൻെറ അടിസ്ഥാനത്തിൽ അദ്ധ്യാപകർക്കുകൂടി ഇങ്ങനെയൊരു വ്യവസ്ഥ ഏർപ്പെടുത്തിയിരിക്കുകയാണ്. ഈ വ്യവസ്ഥ പലപ്പോഴും ദുരുപയോഗപ്പെടുത്തിവന്നിട്ടുണ്ട്; ദുരുപയോഗപ്പെടുത്താനുള്ള സാദ്ധ്യതയുണ്ട് എന്നു പരക്കെ അറിവുള്ളതാണ്; അതിൽ കുറെ പരമാർത്ഥവുമുണ്ട്. ഈ റൂൾ ഏർപ്പാടുകൾതന്നെ ഗവണ്മെൻറുദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം അവരുടെ പ്രാപ്തി, അല്ലെങ്കിൽ എഫിഷ്യൻസി അറിയാനുള്ള ഒരു മാനദണ്ഡമെന്ന നിലയിലാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. അതു പരിശോധനോദ്യോഗസ്ഥന്മാരുടെ അഭിപ്രായത്തിനു് അല്ലെങ്കിൽ പ്രിജുഡീസ്സിനു് അനുസരിച്ചു കീഴുദ്യോഗസ്ഥന്മാർക്കു് വളരെ ദുരിതമുണ്ടാക്കുന്നതാണ്. അവരുടെ പേരിൽ റിമാർക്ക് എഴുതി അവരുടെ പുരോഗതിക്കു തടസ്സമുണ്ടാക്കാനാണ് ഈ നടപടി അധികം ഉപയോഗപ്പെടുത്തുന്നതെന്നുള്ള പരാതിയാണ് ഇങ്ങനെയൊരു വ്യവസ്ഥതന്നെ ആവശ്യമില്ലെന്നുള്ള വാദഗതിയുടെ പിന്നിലുള്ളത്. ഏതായാലും ഈ വ്യവസ്ഥ അംഗീകരിച്ചാൽതന്നെ, അതിൻെറ വിനിയോഗം ന്യായമായ നിലയിൽ നിയന്ത്രിക്കുന്നതിനുള്ള വ്യവസ്ഥകൂടി ഇതിൽ ഉൾക്കൊള്ളിക്കണം. ഇതിൽ പ്രധാനമായിട്ടുള്ള ഒരു സംഗതി, മേലുദ്യോഗസ്ഥന്മാരുടെ അഭിപ്രായങ്ങൾ, അല്ലെങ്കിൽ റിമാർക്കുകൾ, അതു് ആരെ ബാധിക്കുന്നുവോ അവരെ അറിയിച്ചു് അവരുടെ വിശദീകരണംകൂടി വാങ്ങിക്കുക എന്നുള്ളതാണ്. ആ വിശദീകരണത്തെ സംബന്ധിച്ചു് ഇതിൽ ഒന്നുംതന്നെ പറയുന്നില്ല. അതു് ഇതിൽ ഉൾക്കൊള്ളിക്കണം; അതു് ഈ റിക്കാർഡിൻെറ ഒരു ഭാഗമായി സ്വീകരിക്കപ്പെടണം എന്നാണ് എൻെറ ഭേദഗതി. അതു വളരെ അത്യാവശ്യമാണ്. അങ്ങനെയാണെങ്കിൽമാത്രമേ, ഓ പിയിൽ. ഇതിനെ പരിശോധിച്ചു് എന്തെങ്കിലും തീരുമാനം എടുക്കാൻപോകുന്ന ഉദ്യോഗസ്ഥനോ അധികൃതന്മാർക്കോ അതുസംബന്ധിച്ചു് വ്യക്തമായ ഒരഭിപ്രായത്തിൽ എത്തിച്ചേരാൻ സാധിക്കുകയുള്ളു. അല്ലെങ്കിൽ, ഇങ്ങനെയുള്ള റിക്കാർഡുകൾ ഉണ്ട്; അവ ബാധിക്കുന്ന ആളുകൾക്കു് കമ്മ്യൂണിക്കേറ്റുചെയ്തതിൽ അഭിപ്രായമൊന്നും പറഞ്ഞിട്ടില്ല, അവ മുഴുവൻ അംഗീകരിക്കുന്നു എന്നൊരു നിഗമനത്തിലെത്തിച്ചേരാൻ ഇടയാകും. ആ നിലയിൽ ഒരു അവ്യക്തത ഇല്ലാതാക്കുന്നതിനുവേണ്ടി ഇങ്ങനെയൊരു ഭേദഗതി ആവശ്യമാണ്. ഇതു് ഗവണ്മെൻറുദ്യോഗസ്ഥന്മാരുടെ കാൺഫിഡൻഷ്യൽ വ്യവസ്ഥയിൽകൂടി ഉൾക്കൊള്ളിക്കാവുന്നതുമാണ്. ഇതു സ്വീകരിക്കുന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ടാകുമെന്നു വിചാരിക്കുന്നില്ല.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: സർ, ശ്രീ. നാരായണക്കുറുപ്പിൻെറ ഭേദഗതിയിലെ ആദ്യഭാഗത്തോടു ഞാൻ യോജിക്കുന്നു.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, ഞാനും ശ്രീ. നാരായണക്കുറുപ്പിൻെറ ഭേദഗതിയെ പിൻതാങ്ങുകയാണ്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: സർ, ഈ ഭേദഗതി സ്വീകരിക്കാൻ സമ്മതമാണ്.

The amendment was put and carried.

Shri. K. M. George: 'In Chapter XI delete Rule 10 and subsitute the following;

LIBRARY ARCHIVES Kerala Legislative Assembly

"10. The decision of the Director on the appeal shall be subject to the revision of the Government". അപ്പീലിനുകൂടി പ്രൊവിഷൻ ഉണ്ടായിരിക്കണം. അല്ലെങ്കിൽ ചില അവസരങ്ങളിൽ പ്രയാസമുണ്ടാകും. ആ നിലയിൽ ഭേദഗതി സ്വീകരിക്കുവാൻ ബഹുമാനപ്പെട്ട മന്ത്രിക്കു വിഷമം ഉണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല.

Shri Joseph Mundasseri : I do not accept.

The Amendment was put and lost.

Shri P. T Chacko : I move: In Chapter XII Rule 1 after the words "collected from pupils" the words "in Government and aided schools" be inserted. എന്റെ ഭേദഗതിയുടെ ഉദ്ദേശം വളരെ വ്യക്തമാണു്. ഗവണ്മെന്റ് സ്കൂളിലും എയിഡഡ് സ്കൂളിലും ഇതിൽ നിശ്ചയിച്ചിട്ടുള്ള റേറ്റനുസരിച്ച് ഫീസ് കളക്റ്റ് ചെയ്യണമെന്നും ഇതു രണ്ടുമല്ലാത്ത സ്കൂളുകളെ സംബന്ധിച്ച് റേറ്റ് ഇവിടെ നിശ്ചയിക്കേണ്ടെന്നുമാണു് ഞാൻ പറയുന്നതു്. ഞാൻ മറ്റൊരവസരത്തിൽ പറഞ്ഞതുപോലെ ഗവണ്മെന്റ് സ്കൂളും എയിഡഡ് സ്കൂളുമല്ലാത്ത റെക്കഗ്നൈസ്ഡ് സ്കൂളുകളും നടത്തുമ്പോൾ ....

Shri E. Chandrasekharan Nair : "Rates of tuition and Special fees in Government and aided schools" എന്നു് ടൈറ്റിലിൽ പ്രത്യേകം പറയുന്നുണ്ടു്.

Shri. P. T. Chacko : Heading is no part of the rule. That is the difficulty. "Rates of tuition and special fees in Government and aided schools" എന്നുണ്ടു്. അതവിടെ എഴുതിയിരിക്കുന്നതുകൊണ്ടു തന്നെ ഗവണ്മെന്റിന്റെ ഉദ്ദേശം എന്റെ ഉദ്ദേശം തന്നെയാണെന്നു കാണാം. റെക്കഗ്നൈസ്ഡ് സ്കൂളുകളെ ഒഴിവാക്കണമെന്നാണു് എന്റെ ഭേദഗതി. അതു ഗവണ്മെന്റ് ഉദ്ദേശിച്ചിട്ടുണ്ടെന്നു ഹെഡ്നോട്ടിൽനിന്നും കാണാം. അതു റൂളിൽകൂടി എഴുതണം.

Shri K. C. Abraham : In Chapter XII Rule 1 Schedule, omit the column for "Excursion and scouting". എസ്കർഷനു് വളരെ ചുരുങ്ങിയ ശതമാനം കുട്ടികളെ സാധാരണ സ്കൂളിൽനിന്നും പോകാറുള്ളു. അതിലേയ്ക്കു ഗവണ്മെന്റ് കൊടുക്കുന്ന ഗ്രാന്റും സ്കൂളിൽനിന്നു എന്തെങ്കിലും സംഭാവന കൊടുക്കുമെങ്കിൽ അതും ഉപയോഗിക്കാം. എല്ലാ കുട്ടികളിൽനിന്നും ഒരു ഫീസ് പിരിക്കുന്നതു് ശരിയല്ല. കൂടുതൽ സംഖ്യ വേണ്ടിവരുന്നെങ്കിൽ അതു് എസ്കർഷനു് പോകുന്ന കുട്ടികളിൽനിന്നു ഈടാക്കണം. ഈ ഉദ്ദേശത്തിലാണു് ഞാൻ ഭേദഗതി അവതരിപ്പിക്കുന്നതു്.

Shri. P. M. Joseph : Sir, I move : In Chapter XII Rule 1 (i) delete Tuition fees Rs. 48 per year in Standard VIII and Standards IX to XI in the schedule. എട്ടുമുതൽ പതിനൊന്നാം സ്റ്റാൻഡാർഡുവരെ ട്യൂഷൻഫീസ് ഇളവുചെയ്യണമെന്നാണു് ഞാൻ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു്. സ്കൂളുകളിൽ പഠിക്കുന്ന 95 ശതമാനം കുട്ടികളുടെ രക്ഷകർത്താക്കന്മാർക്കു് സാമ്പത്തിക കഴിവില്ലാത്തവരാണു്. അവർക്കു ഫീസില്ലാതെ പഠിക്കുന്നതിനുള്ള പരിതസ്ഥിതി ഉണ്ടാകണം. അതുകൊണ്ടാണു് ഞാൻ ഇങ്ങനെ ഒരു ഭേദഗതി അവതരിപ്പിക്കുന്നതു്. ഫീസ് ഈടാക്കുന്നതിനു് വ്യവസ്ഥ വച്ചാൽ സാധുക്കളായ വിദ്യാർത്ഥികൾക്കു പഠിത്തം തുടരാൻ നിവൃത്തിയില്ലാതെ വരും. ഒന്നാം സ്റ്റാൻറാഡു മുതൽ എട്ടാം സ്റ്റാൻറാർഡുവരെ മിക്കവാറും ഫീസില്ലാതിരിക്കയാണു് അതുകൊണ്ടു എട്ടുമുതൽ 11 വരെ സ്റ്റാൻഡേർഡുകളിൽ ഫീസില്ലാതാക്കണമെന്നുള്ള ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എ. മാത്യു: ഞാൻ ശ്രീ. പി. എം. ജോസഫിന്റെ ഭേദഗതിയെ അനുകൂലിക്കുന്നു. എട്ടാം സ്റ്റാൻഡേർഡിൽ ഫീസിനെ സംബന്ധിച്ചിടത്തോളം ചില ആനുകൂല്യങ്ങൾ വരുത്തിയിട്ടുണ്ട്. ആ ആനുകൂല്യം വച്ചുകൊണ്ട് എട്ടാം സ്റ്റാൻഡേർഡിൽ പഠിച്ച് പാസ്സാകുന്ന കുട്ടികൾക്ക് ആ ആനുകൂല്യം തുടരാനുള്ള അവസരം ഉണ്ടായില്ലെങ്കിൽ എട്ടാം സ്റ്റാൻഡേർഡിൽ അങ്ങനെ ഒരു ആനുകൂല്യം കൊടുത്തതുകൊണ്ടുള്ള പ്രയോജനം തന്നെ ഇല്ലാതെയാകും. എട്ടാം സ്റ്റാൻഡേർഡു പഠിത്തത്തെ സംബന്ധിച്ചിടത്തോളം ഒരു പുതിയ ഘട്ടം തുടങ്ങുന്നതാണ്. അതു പൂർത്തിയാക്കുന്നതിനുള്ള സൗകര്യം ഇല്ലാതെ വന്നാൽ മുമ്പു കിട്ടിയിട്ടുള്ള സൗജന്യം കൊണ്ടു ഒരു പ്രയോജനവും ഉണ്ടാകുകയില്ല. ആ ആനുകൂല്യം തുടരുന്നതിനാണ് ശ്രീ. ജോസഫ് ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത്. അങ്ങനെ ചെയ്തില്ലെങ്കിൽ അത് തികച്ചും അശാസ്ത്രീയമായിരിക്കും.

ശ്രീ. പി. ടി. ചാക്കോ: എട്ടാം സ്റ്റാൻഡേർഡിൽ ഇപ്പോൾ ഫീസുണ്ടോ എന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചാൽ കൊള്ളാം.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: 1200 രൂപയ്ക്കു താഴെ വരുമാനമുള്ളവരുടെ കുട്ടികൾക്ക് ഫോർത്തു ഫാമിൽ ഫീസ് സൗജന്യം ഉണ്ട്.

ശ്രീ. പി. ടി. ചാക്കോ: ഇപ്പോഴുള്ള ആ ആനുകൂല്യം തന്നെ ഈ റൂൾ പാസാക്കിയാൽ ഇല്ലാതാകുകയില്ലേ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഇപ്പോഴുള്ള ആർഡർ അനുസരിച്ച് ഫീസാനുകൂല്യം കിട്ടും.

ശ്രീ. ടി. എ. തൊമ്മൻ: ഈ റൂൾസ് നടപ്പിൽ വന്നാൽ ഇതുവരെയുള്ള റൂളുകളെല്ലാം റദ്ദാകുന്നതാണ്. അങ്ങനെയിരിക്കുമ്പോൾ വെറും എക്സിക്യൂട്ടീവ് ആർഡർ പ്രകാരമുള്ള ഫീസിളവു തുടരുമെന്നു പറയുന്നത് ശരിയല്ല. ആർഡറുകളും സർക്കുലറുകളും ഒന്നും പിന്നെ നില നിൽക്കുകയില്ല.

ശ്രീ. പി. ടി. ചാക്കോ: ബഹുമാനപ്പെട്ട മന്ത്രി ഒരു തെററു ധാരണയിലാണ് പറയുന്നത്. റൂൾ ഉണ്ടാക്കിയിട്ടു പിന്നെ ഫീസിളവിനുള്ള ഉത്തരവു കൊടുക്കാമെന്നു മന്ത്രി വിചാരിക്കുന്നുണ്ടെങ്കിൽ അതു തെററാണ്. ഇന്ന് എട്ടാം സ്റ്റാൻഡേർഡിൽ കുട്ടികൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യം ഇല്ലാതാക്കരുത്. അതിനു വേണ്ട ഭേദഗതി ഷെഡ്യൂളിൽ വരുത്തണം. എട്ടാം സ്റ്റാൻഡേർഡിൽ 1200 രൂപാവരെ വരുമാനമുള്ളവരുടെ കുട്ടികൾക്ക് ഫീസ് സൗജന്യം കൊടുത്തിട്ടുണ്ട്. അതിനു മുകളിലും 11-ാം സ്റ്റാൻഡേർഡു വരെ ആ ആനുകൂല്യം നൽകണമെന്നാണ് ഞങ്ങളുടെ അഭിപ്രായം. എട്ടാം സ്റ്റാൻഡേർഡിൽ പഠിക്കുന്ന കുട്ടികൾ ഈ റൂൾ പാസാക്കുന്നതുമുതൽ ഫീസുകൊടുക്കേണ്ടിവരും.

ശ്രീ. സി. അച്ചുതമേനോൻ: എട്ടാം സ്റ്റാൻഡേർഡിൽ മാത്രമല്ല, അതിനു മുകളിലുള്ള ക്ലാസുകളിലും പല വിധത്തിലുള്ള ഫീസ് സൗജന്യങ്ങളും നൽകുന്നുണ്ട്. പിന്നോക്കസമുദായക്കാർക്കും നിർധന സർട്ടിഫിക്കററ് ഹാജരാക്കുന്നവർക്കും മററും ഫീസ് സൗജന്യം കൊടുക്കുന്നുണ്ട്. ആ നിലയിൽ എല്ലാത്തിനേയും ബാധിക്കുമെന്നുള്ള തരത്തിൽ നോക്കാം. എല്ലാ സ്റ്റാൻഡേർഡുകളിലും ഫീസ് ഒഴിവാക്കണമെന്നുള്ളതു സാധ്യമല്ലെന്നു എനിക്കു വ്യക്തമായി പറയാൻ കഴിയും. നമ്മുടെ ആഗ്രഹം മാത്രം പറഞ്ഞതുകൊണ്ടു ആയില്ല. അതു നടക്കുമോ എന്നു കൂടി ആലോചിക്കണം. ഇന്നത്തെ നിലയിൽ പരിശോധിച്ചുനോക്കുമ്പോൾ അതു നടക്കുകയില്ലെന്നുള്ള തീരുമാനത്തിലാണ് ഗവണ്മെൻറ് എത്തിയിരിക്കുന്നത്. 1200 രൂപാവരെ വരുമാനമുള്ള ആളുകളുടെ കുട്ടികൾക്ക് എട്ടാം സ്റ്റാൻഡേർഡിൽ ഫീസിളവു നില നിറുത്തുന്നതിനുള്ള വ്യവസ്ഥ ഈ റൂളിൽ എഴുതിച്ചേർക്കുന്നതു നന്നായിരിക്കും. മററു ക്ലാസുകളിൽ ഏതെങ്കിലും സൗജന്യം കൊടുക്കണമെങ്കിൽ അതിനും സഹായകമായ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതു നല്ലതാണ്.

LIBRARY ARCHIVES Kerala Legislative Assembly

Shri Joseph Mundassery: I accept Shri Chacko's amendment with this change. The word 'shall' may be changed to 'may'.

ശ്രീ. പി. ടി. ചാക്കോ: 'മേ' എന്നാക്കിയതുകൊണ്ടു ശരിയാവുകയില്ല. അതൊന്നുകൂടി ആലോചിക്കണം. ധനകാര്യമന്ത്രി പറഞ്ഞതു ശരിയാണ്. സൗജന്യം കൊടുക്കണമെന്നു വിചാരിക്കുന്നതിനെപ്പറ്റിയെല്ലാം ഇവിടെ പറയുകയാണു നല്ലതു. അതിനു ഷെഡ്യൂളും റൂളും റീഡ്രാഫ്റ്റ് ചെയ്യുകയാണു വേണ്ടതു.

Shri E. Chandrasekharan Nair: "subject to any concessions that may be granted by Government" എന്നുകൂടി ചേർക്കണം.

ശ്രീ. പി. ടി. ചാക്കോ: എങ്ങനെ റീഡ്രാഫ്റ്റ് ചെയ്യണമെന്നുള്ളതു മിനിസ്റ്റർ തന്നെ തീരുമാനിച്ചുകൊള്ളട്ടെ.

ശ്രീ. പി. ഗോവിന്ദപ്പിള്ള: 1200 രൂപാവരെ വരുമാനമുള്ളവരുടെ കുട്ടികൾക്കു ഫീസ് സൗജന്യം കൊടുക്കുന്നുണ്ടു. ഗവൺമെന്റിനു ഏതിനത്തിൽ കിട്ടാനുള്ള ഏതു ഫീസും ഇളവു ചെയ്യാനുള്ള അവകാശം ഉണ്ടു. ഈ റൂൾ പാസ്സായാൽ ഗവൺമെന്റു ഫീസ് ഈടാക്കേണ്ടി വരുമെന്നുള്ള വ്യാഖ്യാനം ശരിയല്ല. അതുകൊണ്ടു ഈ റൂൾ ഇങ്ങനെ തന്നെ നിൽക്കുന്നതുകൊണ്ടു ഒരു കുഴപ്പവും വരികയില്ലെന്നാണു എന്റെ അഭിപ്രായം.

Mr. Speaker: Now we are again entering into discussion on legal terminologies with reference to the validity or otherwise of the order and the consequences of the order. That is not necessary. If there is going to be any debate on that, there will be no end.

ശ്രീ. കെ. കെ. വിശ്വനാഥൻ: ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ചന്ദ്രശേഖരൻ നായർ പറഞ്ഞതുപോലെ, കൺസഷനെ സംബന്ധിച്ചു സബ് റൂൾ (3) ഭേദഗതിചെയ്താൽ മാത്രം പോരാ എന്നാണു എന്റെ അഭിപ്രായം. ശ്രീ. അച്യുതമേനോൻ പറഞ്ഞതുപോലെ ഇതു ഒരു എനേബ്ലിംഗ് പ്രൊവിഷനായിട്ടു വയ്ക്കുന്നതു നന്നായിരിക്കും. ഇന്നു തേഡ്ഫാറം വരെ ഫീസ് സൗജന്യമുണ്ടു. ഫോർത്തുഫാറത്തിൽ പ്രതിവർഷം 1200 - രൂപയിൽ കവിയാത്ത വരുമാനമുള്ളവർക്കു ഫീസ് സൗജന്യമുണ്ടു. ആ നയം ഗവൺമെന്റു തുടർന്നുകൊണ്ടുപോവുകയാണു. ഒരു പക്ഷെ, ഫിഫ്ത്തിലും, സിക്സ്ത്തിലും കൂടി ഫീസ് സൗജന്യം ചെയ്തുകൊടുത്തേക്കാം. അതിനുകൂടി അധികാരം കൊടുക്കുന്ന ഒന്നായിട്ടു ഈ റൂളിനെ ഭേദഗതി ചെയ്താൽ കൊള്ളാം.

ശ്രീ. ജോസഫ് ചാഴിക്കാട്: സർ, ഇവിടെ ഇപ്പോഴും കുഴപ്പമുള്ളതു, ഫോർത്തുഫാറത്തിൽ 1200 രൂപയിൽ കവിയാത്ത...........

Mr. Speaker: Are you supporting the amendment, or opposing it?

Shri Joseph Chazhikattu: I am supporting the amendment moved by Shri P. M. Joseph. ഫോർത്തുഫാറം വരെ ഫീസ് ആവശ്യമില്ല എന്നുള്ള ആ ഭേദഗതിയെ സപ്പോർട്ടുചെയ്തുകൊണ്ടു ഞാൻ സംസാരിക്കുകയാണു. 1200 രൂപയിൽ കുറവായി വരുമാനമുള്ളവർക്കു ഫീസ് ഇളവു ചെയ്തുകൊടുക്കുന്നുണ്ടു. ഗവൺമെന്റു നിശ്ചയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കുന്നവർക്കും ഫീസ് ഇളവുചെയ്യുന്നുണ്ടു. ഇപ്പോഴും ഈ റൂൾ പാസ്സായാൽ ഫോർത്തു ഫാറത്തിനു ഫീസ് ഇളവുചെയ്യുവാൻ സാധിക്കാതെ വരും. ജനങ്ങൾക്കു ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യം ഈ റൂൾ പാസ്സാകുന്നപക്ഷം നഷ്ടപ്പെടുകയാണു. ശ്രീ. പി. എം. ജോസഫ് അഭിപ്രായപ്പെടുന്നതു, ഫോർത്തുഫാറത്തിലുള്ള ഫീസ് കംപ്ലീറ്റായിട്ടു ഇളവുചെയ്യണ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോസഫ് ചാഴിക്കാട്ട്]

മെന്നാണ്. ഫോർത്തുഫാറത്തിൽ ഫീസ് വേണമെന്നവശ്യപ്പെടുകയും, അതേ സമയം 1200 രൂപയിൽ കവിയാത്ത വരവുള്ളവർക്ക് ഫീസ് സൗജന്യം അനുവദിക്കുകയും ചെയ്തിരിക്കുന്ന നിലയ്ക്ക് ആ വ്യവസ്ഥ മേലും തുടർന്നുകൊണ്ടു പോകണമെങ്കിൽ അതിനു തക്കവണ്ണം ഈ റൂളിൽ ഭേദഗതി വരുത്തണം. ഫോത്തിൽ പൂർണ്ണമായി ഫീസ് സൗജന്യം ചെയ്യണമെന്നാണ് എന്റെയും അഭിപ്രായം. അതു വരുത്താൻ സാദ്ധ്യമല്ലെങ്കിൽ ആ ആനുകൂല്യം ഇന്നും അതേപടി നില്ക്കുമെന്നും, ബാക്കി കാര്യങ്ങൾക്ക മാത്രമേ ഈ നിയമം ബാധകമാവുകയുള്ളു എന്നും വ്യവസ്ഥ ചെയ്യേണ്ടതാണ്.

Shri Joseph Mundassery: Sir, to avoid the difficulty......

ശ്രീ. എം. നാരായണക്കുറുപ്പ്: ഇതിൽ may എന്നു ചേർത്തുകൊണ്ടു കാര്യമില്ല. നിയമത്തിനു ഒരു യൂണിഫാമിററി വേണം. പന്ത്രണ്ടണ പിരിക്കണമോ, എട്ടണ പിരിക്കണമോ എന്നു നിശ്ചയമില്ല. അപ്പോൾ 'shall' എന്നു ചേർത്തിട്ട് "unless otherwise directed by Government" എന്നു കൂടി ചേർത്താൽ മതിയാകുന്നതാണ്.

ശ്രീ. ആർ. പ്രകാശം: സർ, ഒരു മിനിസ്റ്റർ എഴുന്നേററുനിന്നു ഈ ചർച്ചയിലുണ്ടായിട്ടുള്ള സംശയങ്ങൾ വ്യക്തമാക്കാമെന്നു പറഞ്ഞിട്ട് പിന്നെയും ആളുകൾ സംസാരിക്കുവാൻ തുടങ്ങുന്നതു ശരിയാണോ? മിനിസ്റ്ററെയല്ലയോ ആദ്യം വിളിക്കേണ്ടതു്?

ശ്രീ. പി. ടി. ചാക്കോ: ഇപ്പുറത്തു്, ചെയർ ചെയ്തതിനെ കുററപ്പെടുത്തുകയല്ലേ? അതു തെററാണ്.

ശ്രീ. ആർ. പ്രകാശം: ഇതു വളരെ പ്രാധാന്യമുള്ള കാര്യമായതുകൊണ്ടു ഞാൻ ഇക്കാര്യം ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തിയതാണ്.

ശ്രീ. പൊന്നറ ജി. ശ്രീധർ: ശ്രീ. നാരായണക്കുറുപ്പ് പറഞ്ഞതുപോലെയുള്ള ഒരു അധികാരം ഗവണ്മെന്റ് ഇന്നു കൊടുക്കുന്നതു് നല്ലതല്ല എന്നാണ് എന്റെ അഭിപ്രായം. ഗവണ്മെന്റിനു ഇക്കാര്യത്തിൽ വിവേചനാധികാരം കൊടുക്കാതെ ഇന്നയിന്ന സൗജന്യങ്ങൾ എല്ലാം വേണമെന്നും, ഇന്നയിന്ന സൗജന്യങ്ങൾ വേണ്ടെന്നും ഈ റൂളിൽത്തന്നെ വ്യവസ്ഥചെയ്യുന്നതു് നന്നായിരിക്കും.

Mr. Speaker: Order, order. Ever so many opinions, suggestions and counter-suggestions and a set of speeches in support of them cannot solve the problem.

ശ്രീ. സി. എ. മാത്യു: സൃഷ്ടിപരമായ നിർദ്ദേശങ്ങളാണല്ലോ ഇതൊക്കെ.

ശ്രീ. കെ. എം. ജോർജ്ജ്: സർ, ശ്രീ. പി. എം. ജോസഫിന്റെ ഭേദഗതിയെ പിൻതാങ്ങിക്കൊണ്ടു് എനിക്കും ഒരു വാക്കു പറയാനുണ്ട്. ശ്രീ. ശ്രീധർ പറഞ്ഞ അഭിപ്രായത്തോടു് ഞാൻ യോജിക്കുകയാണ് ചെയ്യുന്നതു്. ഏതെല്ലാം ഫീസ് സൗജന്യം കൊടുക്കും എന്ന കാര്യം ഈ റൂളിൽ വ്യക്തമാക്കി പറയുകയാണ് വേണ്ടതു്. ഇന്നു് എൻ. ജി. ഒ. മാക്ക് പകുതി ഫീസ് അനുവദിച്ചിട്ടുണ്ട്. അതുപോലെതന്നെ 1200 രൂപയിൽ കവിയാത്ത വരുമാനമുള്ളവരുടെ കുട്ടികൾക്കും ഫീസ് സൗജന്യമുണ്ട്. എൻ. ജി. ഒ. മാരുടെ കുട്ടികൾക്ക് പകുതി ഫീസ് അനുവദിക്കുന്നതിൽ ഒരു വിരോധവുമില്ല. എന്നാൽ 1200 രൂപയിൽ കവിയാത്ത വരുമാനമുള്ളവരുടെ കാര്യത്തിൽ ഇന്നു ചില ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. വരുമാനത്തെ സംബന്ധിച്ചുള്ള സർട്ടിഫിക്കററ് കൊടുക്കേണ്ടതു്, തഹശീൽദാരന്മാരാണ്. എം. എൽ. എ. മാരുടെയോ, ഗസററഡ് ആഫീസറന്മാരുടേയോ സർട്ടിഫിക്കററുകൾ സ്വീകാര്യമല്ല. സർട്ടിഫിക്കററ കൊടുക്കുന്ന കാര്യത്തിൽ തഹശീൽദാരന്മാർ എടുക്കുന്ന നയവൈകല്യംമൂലം സത്യത്തിൽ 500 രൂപ വരുമാനമുള്ളവർക്കുകൂടി ആ സൗജന്യം ലഭിക്കുന്നില്ല. അതുകൊണ്ടു് എന്റെ അഭിപ്രായത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

വാർഷികവരുമാനം 2,000 രൂപ വരെയുള്ളവർക്ക് ഈ സൗജന്യം അനുവദിക്കേണ്ടതാണ്. ഈ റൂൾ ഭേദഗതി ചെയ്യുമ്പോൾ അങ്ങനെ വ്യവസ്ഥചെയ്യണമെന്നും എനിക്ക് അഭിപ്രായമുണ്ട്.

Shri K. Chandrasekharan: I submit, Sir, it will not be possible by the suggestions made by the members. It will be possible to make these amendments even after that. To-day we have Government Notifications and Orders. I suggest that all those concessions which are in existence should be incorporated and residuary powers given should be there. I suggest that sub-rule (i) may be like this: "Tuition fees and special fees may be collected at the rates given in the following schedule subject so such concessions as are already in existence and such other concessions as the Government may, from time to time declare by Notification in the Gazette."

Shri Joseph Mundassery: I move: In Chapter XII, Rule 1, at the beginning, the words "Subject to such exemptions and concessions as Government may make by Notification in the official Gazette from time to time" shall be inserted.

ശ്രീ. പി. ടി. ചാക്കോ: സർ, ഞാൻ മന്ത്രിയുടെ ഭേദഗതിയെ എതിർക്കുന്നു. വിദ്യാഭ്യാസആക്റ്റ് ഉണ്ടായതുതന്നെ ഗവൺമെന്റ് വിദ്യാഭ്യാസരംഗത്ത് തോന്നിയതുപോലെ ചെയ്യാതിരിക്കാനാണ്. വിദ്യാഭ്യാസരംഗത്ത് കാര്യങ്ങൾ എങ്ങനെ നടത്തണമെന്നുള്ളത് ഈ ആക്റ്റും, റൂളുംകൊണ്ട് വ്യക്തമാക്കുകയും ക്ലിപ്തപ്പെടുത്തുകയും ചെയ്യണം. അതിനാവശ്യമായ റൂളുകൾ ഗവൺമെന്റ് ഉണ്ടാക്കാമെന്ന് ആക്റ്റിൽ 36–ാമത്തെ വകുപ്പിൽ പറയുന്നുണ്ട്. പക്ഷെ, അങ്ങനെയുണ്ടാക്കുന്ന റൂളുകൾ നിയമസഭ മുമ്പാകെ കൊണ്ടുവന്ന് അവയ്ക്കു നിയമസഭയുടെ അംഗീകാരം വാങ്ങേണ്ടതാണ്. ആ റൂളുകൾ ഉണ്ടാക്കുന്നതുതന്നെ നിയമസഭ ഡെലിഗേറ്റു ചെയ്തുകൊടുത്ത അധികാരം വച്ചുകൊണ്ടാണ്. അങ്ങനെ ഡെലഗേറ്റു ചെയ്ത അധികാരങ്ങൾ ഉപയോഗിച്ച് റൂളുകൾ ഉണ്ടാക്കി അത് നിയമസഭയിൽ കൊണ്ടുവരുമ്പോൾ വീണ്ടും, നിയമസഭ ഗവൺമെന്റിന് അധികാരം ഡെലിഗേറ്റുചെയ്തുകൊടുക്കുന്നത് ശരിയായ ഒരു നടപടിക്രമമല്ല. അധികാരം ഇനിയും ഡെലിഗേറ്റു ചെയ്യണമെന്ന് ആവശ്യപ്പെടാൻ ഗവൺമെന്റിന് കാര്യമില്ല. അങ്ങനെ ആവശ്യപ്പെടുന്നത്, ഈ ആക്റ്റിനുതന്നെ വിരുദ്ധവുമാണ്. ഗവൺമെന്റ് ഇങ്ങനെ അധികാരം ഉപയോഗിക്കണമെന്നു ആവശ്യപ്പെടുന്നത് ആക്റ്റിലെ 37-ാം വകുപ്പിനു വിരുദ്ധമായതുകൊണ്ട് ഈ ഭേദഗതി സ്വീകരിക്കാമോ എന്നുള്ളതിനെപ്പററി ആലോചിക്കേണ്ടതാണ്. അതിനകമായി എന്തെല്ലാമാണോ സൗജന്യങ്ങൾ ചെയ്തുകൊടുക്കേണ്ടത്, അതെല്ലാം ഇപ്പോൾത്തന്നെ റൂളിൽ എഴുതിവയ്ക്കുകയാണ് നല്ലത്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: വരുന്നകൊല്ലം ഈ സൗജന്യം ആവശ്യമില്ലെന്നു തീരുമാനിക്കുകയാണെങ്കിൽ അപ്പോൾ നിയമസഭയിൽ വന്ന് റൂൾ ഭേദഗതി ചെയ്യണമെന്നാണോ പറയുന്നത്?

ശ്രീ. പി. ടി. ചാക്കോ: അങ്ങനെ ചെയ്യണം.

ശ്രീ. ഇ. പി. ഗോപാലൻ: ഫീസ് പിരിവിനെ സംബന്ധിച്ച് ഇന്നുള്ള സൗജന്യങ്ങൾ അനുവദിക്കണമെന്നും, അത് ഈ റൂളിൽത്തന്നെ വ്യവസ്ഥചെയ്യണമെന്നും, പിന്നീട് അതിനെസംബന്ധിച്ചു വരുത്താവുന്ന ഭേദഗതികൾ നിർദ്ദേശിക്കുവാനും, നടപ്പിൽവരുത്തുവാനും ഉള്ള അധികാരം ഗവൺമെന്റിനു കൊടുക്കണമെന്നും ഉള്ളതിനെ ഞാൻ സപ്പോർട്ടുചെയ്യുന്നു. ഗവൺമെന്റിന് അവശിഷ്ടാധികാരം കൊടുക്കുന്നതിൽ ചില മെമ്പറന്മാർ ഭയപ്പെടുന്നതുപോലെ തോന്നുന്നു. നാം ഈ റൂളിൽ എത്രതന്നെ വ്യക്തമാക്കിയിരുന്നാലും, ചില സന്ദർഭങ്ങളിൽ ഗവൺമെന്റിനു യുക്താധികാരം പ്രയോ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. പി. ഗോപാലൻ]

ഗിക്കാതെ നിവൃത്തിയില്ല. റൂളുകൾ ഉണ്ടാക്കുന്ന അവസരങ്ങളിൽ ആ അധികാരം റിസ്ട്രിക്റ്റ് ചെയ്യാവുന്നിടത്തോളം ചെയ്യുന്നുണ്ട്. അതു കൂടാതെ, അതിനും അപ്പുറമായി ഏതെങ്കിലും കാര്യങ്ങൾ റിസ്ട്രിക്റ്റ് ചെയ്യണമെന്നുണ്ടെങ്കിൽ അതും ചെയ്യാവുന്നതാണ്. എന്നാൽ, അങ്ങനെ റിസ്ട്രിക്റ്റ് ചെയ്യുന്നതുവരെ അതാതുകാലത്തു യുക്തമെന്നു തോന്നി ചെയ്യുവാനുള്ള അധികാരം ഗവൺമെന്റിനുണ്ടായിരിക്കേണ്ടത് ആവശ്യമാണ്.

ശ്രീ. എം. നാരായണക്കുറുപ്പ്: സർ, ഞാൻ ഇതിന്റെ തത്വത്തോടു യോജിക്കുന്നു. പക്ഷെ, അങ്ങനെയൊരധികാരം കൊടുക്കുന്നതു 36-ാം വകുപ്പിനു വിപരീതമാകയില്ലേ എന്നു ഭയപ്പെടുന്നു. ആ വകുപ്പിനു വിരുദ്ധമായിട്ടുപോലും ഇങ്ങനെയുള്ള ഒരധികാരം കൊടുക്കേണ്ട ആവശ്യമുണ്ട്. ഏതു ഘട്ടത്തിലും ഗവൺമെന്റിനു ആവശ്യമെന്നു തോന്നുന്ന അധികാരം നല്കുവാൻ ഈ സഭയ്ക്കു എപ്പോഴും അധികാരമുണ്ട്. റൂളിൽ നാം ഗവൺമെന്റിനു ഇനിയും അധികാരം ഡെലിഗേറ്റ് ചെയ്യുന്നതായാൽ റൂൾ 36 അനുസരിച്ചു ഈ സഭയ്ക്കുള്ള അധികാരം എടുത്തുകളയുന്നതായിരിക്കും. ഈ റൂൾതന്നെ ഭേദഗതി ചെയ്യാൻ ഗവൺമെന്റിനു അധികാരമുണ്ട്. നിയമസഭയുടെ അംഗീകാരംകൂടി വേണമെന്നേയുള്ളു. ഇതിന്റെ തത്വത്തോടു എനിക്കു എതിർപ്പില്ല. ചട്ടപ്രകാരം നാം അതു വ്യാഖ്യാനിക്കുമ്പോൾ, ഗവൺമെന്റിന്റെ ആ നോട്ടിഫിക്കേഷൻ സഭ മുമ്പാകെ വരുന്നതിനും, സഭയുടെ പര്യാലോചനയ്ക്കു വിഷയീഭവിക്കുന്നതിനും ഇടയാകുകയില്ല.

9 A. M. **Mr. Speaker**: What has the Minister to say with regard to the amendment.

Shri Joseph Mundassari: I stick to the amendment which I have moved.

Shri P. T. Chacko: You may stick to that. But does it not contravene provisions in sections 36 and 37 of the Act? I would like to know that.

Shri M. Narayana Kurup: In the light of Section 36(d)—Rules for the Levy and Collection of Fees—is the amendment in order?

Mr. Speaker: The Speaker is not bound to consider the legality or otherwise of the amendment. It is the Courts of Law that have to decide that. If it is unconstitutional, the Courts will look to that. I do not propose to do that.

Shri E. P. Poulose: When an amendment is objected to as being not in order under the rules, the Speaker has to say whether the amendment is in order or not. We expect a ruling from the Chair on it.

Mr. Speaker: If you want a Ruling I am prepared to give it. What is stated is only this:

"Power to make Rules: In particular and without prejudice to the generality of the foregoing power such rules may provide for the levy and collection of fees in aided schools". So, the amendment is only within the bounds of the Section. It is perfectly in order. Whether it will stand in a Court of Law is a matter to be decided by the Courts and not by me.

Shri P. T. Chacko: The amendment is in order. But it is ultra vires of the Act itself. Mr. E. P. Gopalan was pointing out that it would be difficult for the Government every time to

LIBRARY ARCHIVES Kerala Legislative Assembly

bring up rules to the Legislature for amending. There is no such difficulty. I would like to inform him that Government can amend the rule at any time. That need not be placed on the table of the Legislature. If the members want any modification they will suggest it. So, there is no difficulty with regard to that. But if this amendment is accepted it will be ultra vires of the Act.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അതൊരഭിപ്രായം മാത്രമാണ്.

Shri P. T. Chacko: Sir, each amendment may be put separately. There is my amendment and there is the amendment of the Minister.

The amendment moved by Shri P. M. Joseph was put and lost.

Mr. Speaker: I will now put amendment moved by Mr. Chacko

Shri P. T. Chacko: It has been accepted by the Minister.

Mr. Speaker: No, it has only been incorporated in the Minister's amendment. If you want, I shall put it separately.

The amendment moved by Shri P. T. Chacko was put and lost.

Shri P. T Chacko: Sir, I demand a poll.

A poll was taken and the House divided as follows:—

Ayes—**48.**

1 Shri K. C. Abraham	26 Shri T. Krishnan
2 ,, M. C. Abraham	27 ,, P. Kumaran
3 ,, K. S Achutan	28 ,, Kunhambu Kallayan
4 ,, M. P. M. Ahmed Kurikkal	29 ,, Cherippady Kunhikrishnan Nair
5 ,, Alexander Parambithara	30 ,, P. M. Kunhiraman Nambiar
6 ,, M. A. Antony	31 ,, C. Kunhikrishnan Nair
7 ,, K. Avukkadarkutty Naha	32 ,, A. Kunjukrishnan
8 ,, A. Bala Gopalan	33 ,, M. Kunjukrishnan Nair
9 ,, T. O. Bava	34 Smt. Kusumom Joseph
10 ,, P. T. Chacko	35 ,, Leela Damodara Menon
11 ,, K. Chandrasekharan	36 Shri V. Madura
12 ,, K. Easharan	37 ,, M. M. Mathai
13 ,, E. P. Eapen	38 ,, C. A. Mathew
14 ,, P. R. Francis	39 ,, K. Moideenkutty Haji
15 ,, N. Ganapathy	40 ,, K. R. Narayanan
16 ,, K. M. George	41 ,, M. Narayana Kurup
17 ,, M. Gopalankutty Nair	42 ,, E. P. Poulose
18 ,, K. Hassan Gani	43 ,, R. Raghava Menon
19 ,, Idiculla	44 ,, A. A. Rahim
20 ,, A. L. Jacob	45 ,, Ponnara G. Sreedhar
21 ,, P. M. Joseph	46 ,, K. T. Thomas
22 ,, Joseph Chazhikatt	47 ,, T. A. Thomman
23 ,, Joseph (George)	48 ,, K. K. Viswanathan
24 ,, P. S. Karthikeyan	
25 ,, K. Kochukuttan	

LIBRARY ARCHIVES Kerala Legislative Assembly

Noes—59.

1 Shri Abdul Majeed
2 ,, C. Achutha Menon
3 ,, C. C. Ayyappan
4 Smt. K. O. Aysha Bai
5 Shri P. Balachandra Menon
6 ,, R. Balakrishna Pillai
7 ,, K. A. Balan
8 ,, N. E. Balaram
9 ,, K. Bhargavan
10 ,, P. Bhaskaran Nair
11 ,, Thoppil Bhaskaran Pillai
12 ,, E. Chandrasekharan Nair
13 ,, P. K. Chathan
14 ,, K. C. George
15 ,, E. P. Gopalan
16 ,, P. Gopalan
17 ,, K. P. Gopalan
18 ,, E. Gopalakrishna Menon
19 Smt. K. R. Gouri
20 Shri R. Govindan
21 ,, K. Govindankutty Menon
22 ,, P. Govindan Nambiar
23 ,, P. Govinda Pillai
24 ,, R. Janardanan Nair
25 ,, John Kuduvakkotte
26 ,, Joseph Mundasseri
27 ,, A. M. Kaliyanakrishnan Nair
28 ,, Kallalan
29 ,, C. H. Kanaran
30 Shri C. Kannan
31 ,, G. Karthikeyan
32 ,, K. Karunakaran
33 ,, M. K. Kelu
34 ,, P. K. Koru
35 ,, R. Krishnan
36 ,, T. K. Krishnan
37 ,, K. Krishna Menon
38 ,, V. R. Krishna Iyer
39 ,, M. Kumaran
40 ,, E. T. Kunhan
41 ,, P. V. Kunhunni Nayar
42 ,, P. K. Kunjachan
43 ,, P. R. Madhavan Pillai
44 ,, C. K. Narayanan Kutty
45 ,, T. C. Narayanan Nambiar
46 ,, N. Neelakantaru Pandarathil
47 ,, G. Padmanabhan Tampi
48 ,, R. Prakasam
49 ,, N. Rajagopalan Nayar
50 ,, T. K. Ramakrishnan
51 ,, A. K. Ramankutty
52 Smt. Rosamma Punnoose
53 Shri C. G. Sadasivan
54 ,, E. M. S. Namboodiripad
55 ,, K. Sivadasan
56 ,, N. Sivan Pillai
57 ,, V. Sreedharan
58 ,, R. Sugathan
59 ,, T. V. Thomas

Mr. Speaker: For the amendment 48, against 59. The amendment is lost.

The amendment of Shri K. C. Abraham was, by leave, withdrawn.

The amendment of the Minister for Education viz:—

In Chapter XII, Rule 1, at the beginning the words, "Subject to such exemptions and concessions as Government may make by notification in the official Gazette, from time to time" shall be inserted was put and carried.

<u>ശ്രീ. പി. ടി. ചാക്കോ:</u> സബ്റൂളിൽ 'ഷാൽ' എന്നുള്ളത് 'മേ' എന്നാക്കി എന്റെ ഭേദഗതി അക്സപ്റ്റ് ചെയ്തു എന്നു പറഞ്ഞു. അപ്പോൾ അതിന്റെ നില എന്തായി?

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: Acceptance means it is an oral acceptance and in the proceedings it will be noted as such; later on when the actual division takes place decision of the House is taken.

Shri P. T. Chacko: There was a suggestion that the word 'may' may be inserted instead of 'shall', and the Minister accepted it; it was not put to the House.

Shri E. Chandrasekharan Nair: Finally, the Minister himself moved an amendment and that was put to the sense of the House.

ശ്രീ. പി. ടി. ചാക്കോ: വേറെ വിരോധമുണ്ടായിട്ടില്ല. മന്ത്രി അമെൻറമെൻറ കൊണ്ടുവന്നു. കുറെ കഴിഞ്ഞ് ആ അമെൻറമെൻറിനെപ്പററി ഒന്നും കാണുന്നില്ല. ഹൗസിൽ കൊണ്ടുവന്ന അമെൻറമെൻറ എന്തായി എന്നറിയണ്ടേ?

മി. സ്പീക്കർ: അങ്ങനെ പറഞ്ഞില്ല. 'മേ' എന്നുള്ള അമെൻറമെൻറ കൊണ്ടുവന്നേയില്ല. He suggested that instead of the word "shall" the word "may" be substituted in the sub-rule. Nobody brought forward an amendment that "shall" be substituted by "may". അങ്ങനെ തെററിദ്ധരിച്ചാൽ എങ്ങനെയാണ്?

ശ്രീ. പി. ടി. ചാക്കോ: മിനിസ്റ്റർ അക്സപ്റ്റ് ചെയ്തു എന്നു പറഞ്ഞ അമെൻറമെൻറ പ്രൊസീഡിംഗ്സിൽ വരണ്ടേ?

Mr. Speaker: That kind of a thing should not come from the Leader of the Opposition.

Shri Joseph Mundassery: There was no such amendment, and I did not accept any such amendment.

Shri K. Chandrasekharan: Sir, I move: Delete Rule 5, in Chapter XII.

I submit, Sir, with due respect to this House that Rule 1(1) as already passed now is likely to be treated as *ultra vires* of the Act and any notification or order passed by Government and published in the official Gazette can certainly be disobeyed, because if it is *ultra vires* if it is illegal or unconstitutional, a person is bound to obey only a correct order, a legally valid order and not an illegal order. According to the position as it stands now, up till the VIII Standard there is no fees at all. In the IX Standarad there is fee concession for members of the Backward Communities and for other community pupils whose guardians have not an income of more than Rs. 1,200 a year; and as far as the X and XI standards are concerned, for the pupils belonging to Backward Communities, there is no fees levied at all. The concessions now given to the Backward Communities in the matter of education must undoubtedly continue. The concessions now given so far as the IX standard pupils are concerned with reference to the economic conditions of pupils of all communities, that should also continue.

It is likely under the present set-up that all these orders can be disobeyed, because they will be wrong orders, illegal orders and unconstitutional orders. The difficulty will come with

LIBRARY ARCHIVES Kerala Legislative Assembly

[Shri K. Chandrasekharan]

reference to pupils of certain classes; there may be a large number of pupils outside the 'backward communities' who will not be able to pay up their tuition fees in time—hardly a month's time is given in the rule. And if a pupil does not pay the instalment due on or before the last day of the month for which it is due, he will be considered a defaulter, and he will not be allowed to attend school; he will not also be given any leave of absence at all. The hon. Minister will, as usual, reply that those things are already obtaining here and they were copied in these rules here. But we must remember that today we are giving legislative sanction to these orders; we are promulgating them on a statutory basis and therefore certainly a greater importance, a greater force of law will be laid on them, and if they are to be strictly enforced, it will be very very hard for Government to do that. As a result, a lot of poor pupils in this poverty-stricken State are going to suffer.

ശ്രീ. കെ. എം. ജോർജ്ജ്: ശ്രീമാൻ ചന്ദ്രശേഖരൻ അവതരിപ്പിച്ച ഭേദഗതിയെ ഞാൻ പിൻതാങ്ങുകയാണ്. സർ, മാസത്തിന്റെ അവസാനത്തിൽ ഫീസ് കൊടുക്കണമെന്നും, അല്ലെങ്കിൽ ക്ലാസ്സിൽനിന്നും നീക്കംചെയ്യുമെന്നുമുള്ള റൂൾകൊണ്ട് ഈ രാജ്യത്തെ വളരെ അധികം കുട്ടികൾക്ക് അതുമൂലം പഠനം തുടരാൻ സാധിക്കാതെവരും. ഈ റൂളിന്റെ സാധുതയെപ്പററി ഞാനൊന്നും പറയുന്നില്ല. അത് ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതുപോലെ കോടതികളാണ് തീരുമാനിക്കാൻ പോകുന്നത്. ഫീസ് കൊടുക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഇവിടെ ചില ആനുകൂല്യങ്ങൾ ചെയ്തിട്ടുണ്ടെന്നു പറയുന്നു. എന്നാൽ നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഏററവും പാവപ്പെട്ട കുട്ടികൾകൂടി സ്കൂളുകളിൽ പോകുന്നുണ്ട്. അങ്ങനെയുള്ളവരിൽ ഒരു നല്ല ശതമാനം കുട്ടികൾക്ക് ഓരോ മാസാവസാനത്തിലും ഫീസ് കൊടുക്കാൻ സാധിക്കാതെവരും. അങ്ങനെയുള്ള കുട്ടികളിൽനിന്നും അല്പസ്വല്പം പിഴ ഈടാക്കിയിരുന്നതിനെ അങ്ങേയററം ആക്ഷേപിച്ചിട്ടുള്ള ആളുകളുടെ ഗവണ്മെൻറാണ് ഇന്ന് ഈ റൂളുകൾ എഴുതിക്കൊണ്ടുവന്നിരിക്കുന്നത്. ഫീസ് കൊടുക്കാൻ സാദ്ധ്യമല്ലാത്ത കുട്ടികൾക്ക് സ്കൂളിൽ അറെറൻഡൻസ് കൊടുക്കാൻ പാടില്ലാ എന്നു പറയുന്നത് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു വ്യവസ്ഥയാണ്. അതുകൊണ്ട് ഈ ഭേദഗതി സ്വീകരിക്കണമെന്ന് വളരെയേറെ കാര്യമായിട്ട് ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. എം. നാരായണക്കുറുപ്പ്: പുറത്താക്കണം അല്ലെങ്കിൽ സസ്പെൻഡു ചെയ്യണം എന്നുള്ള ഒരു നിർബ്ബന്ധം വയ്ക്കാതെ അതിനെ സംബന്ധിച്ചിടത്തോളം ഹെഡ്മാസ്റ്റരന്മാർക്ക് ഒരു വിവേചനാധികാരംകൂടി നൽകുന്നില്ലെങ്കിൽ അത് വളരെ കഷ്ടമാണ്.

Shri A. M. Kalyanakrishnan Nair: Sir, I move:

In Chapter XII, Rule 5 after the words "working days" add the following:—

"Provided that the Headmaster may on reasonable grounds alleged and proved to his satisfaction by the guardian allow such defaulter to attend classes for a period of one week from the last day of the month of default".

LIBRARY ARCHIVES Kerala Legislative Assembly

സർ, ഈ ഭേദഗതിമൂലം ഡിഫാൾട്ടറാകുന്ന കുട്ടിക്ക് അനർഹമായ സൗജന്യം കൊടുക്കണമെന്ന് ആവശ്യപ്പെടുന്നില്ല. നേരെമറിച്ച് വീഴ്ച വരുത്തുന്നതു് തൃപ്തികരമായ കാരണങ്ങളാൽ ആണെന്ന് ഹെഡ്മാസ്റ്റർക്ക് ബോദ്ധ്യമാവുന്ന കേസുകളിൽ ഒരു സൗജന്യം എന്ന നിലയിൽ വിദ്യാർത്ഥിക്ക് അദ്ധ്യയനം നഷ്ടപ്പെടാതിരിക്കുന്നതിന് ഒരാഴ്ച ക്ലാസ്സിൽ ഇരിക്കുന്നതിന് അനുവാദം കൊടുക്കണമെന്നാണ് എന്റെ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നതു്. വലിയ അപകടമുള്ള ഒന്നല്ല ഇതു്. അതുകൊണ്ട് ഞാൻ ഇതു് അവതരിപ്പിക്കുകയാണ്.

Mr. Speaker: What has the Minister to say ?

Shri Joseph Mundasseri: I oppose both the amendments.

Mr. Speaker: You are opposing amendment of Shri Kalyanakrishnan Nair ?

Shri Joseph Mundasseri: Yes.

Th amendment moved by Shri K. Chandrasekharan was put and lost.

Mr. Speaker: The question is that the amendment moved by Shri A. M. Kalyanakrishnan Nair be accepted by the House.

Shri K. Chandrasekharan: I demand a division on it, Sir.

Shri P. Govinda Pillai: He is not pressing it. Sir.

Shri A. M. Kalyanakrishnan Nair: I am not pressing my amendment, Sir.

Mr. Speaker: So, the amendment moved by Shri Kalyanakrishnan Nair is, by leave, withdrawn. Mr. Chandrasekharan are you pressing for the Division ?

Shri K. Chandrasekharan: He raised his hand when that amendment was put; it is because of that that I demanded a division. Now that he has not pressed it, I also do not press my request for a division.

Shri K. C. Abraham: Sir, I move that in Chapter XII Rule 6 (3) omit "or for a transfer certificate during that year." ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് വാങ്ങുകയാണെങ്കിൽ ആ കൊല്ലത്തെ ഫീസ് കൊടുക്കണമെന്നു പറയുന്നതു് അനീതിയാണ്. സ്കൂളിൽ ഒരു ദിവസവും ഹാജരായിട്ടില്ല. ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് വാങ്ങാനായി വരുമ്പോൾ വേറെ എന്തെങ്കിലും ജോലിയിൽ പ്രവേശിക്കാനോ, അല്ലെങ്കിൽ വേറെ എവിടെയെങ്കിലും പോകുന്നതിനോ സർട്ടിഫിക്കറ്റ് വാങ്ങേണ്ടിവരുമ്പോൾ ആ കുട്ടി ഒരു ദിവസംപോലും സ്കൂളിൽ ഹാജരായിട്ടില്ലെങ്കിൽ ഫീസ് വാങ്ങേണ്ട ആവശ്യമില്ല. സർട്ടിഫിക്കറ്റ് വാങ്ങി മറ്റു സ്കൂളിൽ ചേരുകയാണെങ്കിൽ അവിടെ ഫീസ് കൊടുക്കുന്നുമുണ്ട്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: ഞാൻ ആ ഭേദഗതിയെ പിൻതാങ്ങുകയാണ്. ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് വാങ്ങുന്നതിന് ഫീസ് ചുമത്തുന്നതു് കഷ്ടമാണ്.

Shri Joseph Mundassery: I oppose the amendment.

The amendment was put and lost.

Shri K. C. Abraham: Sir, I move that in Chapter XII Rule 14 (1) the following be added after "Government Treasury" "in Postal Savings Bank Account or in an approved Bank."

2/675/V.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. സി. എബ്രഹാം]

ഈ സ്പെഷ്യൽ ഫീസ് പിരിക്കുന്നതു് ട്രഷറിയിൽ അടയ്ക്കണമെന്നുള്ളതിന്റെ കൂടെ പോസ്റ്റൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ട്സ് അല്ലെങ്കിൽ അപ്രൂവ്ഡ് ബാങ്ക് എന്നുകൂടി ചേർക്കണം. ബാങ്കിൽ നിക്ഷേപിക്കുകയാണെങ്കിൽ കൂടുതൽ പലിശ കിട്ടും. അതു് സ്കൂളിലേക്കു് ലഭിക്കുകയും ചെയ്യും.

I also move in Chapter XII Rule 14 delete (2).

ശ്രീ. പി. ഗോവിന്ദപ്പിള്ള: രണ്ടാമത്തെ ഭേദഗതി അനുസരിച്ചു് ആദ്യത്തേതു് സ്വീകാര്യമല്ലാതെയല്ലേ വന്നതു്?

ശ്രീ. കെ. സി. എബ്രഹാം: ആദ്യത്തെ ഭേദഗതി സ്വീകരിക്കുകയാണെങ്കിൽ രണ്ടാമത്തേതു് വേണ്ടിവരികയില്ല.

The amendments were put and lost.

Shri K. C. Abraham: I move:

> In Chapter XII Rule 17 add at the end "except with the approval of the Education Officer."

ചില കൊല്ലങ്ങളിൽ സ്പെഷ്യൽ ഫീസ് കളക്റ്റു ചെയ്തു് ഒരുപക്ഷേ അതേ ഇനത്തിൽ ചെലവുചെയ്യാൻ സാധിച്ചില്ലെന്നുവരും. അതു് കൂടുതൽ പ്രയോജനകരമായ വേറെ ഒരു കാര്യത്തിനു് ഉപയോഗിക്കുന്നതിനു എഡ്യൂക്കേഷൻ ആഫീസർക്കു് അനുവാദം നൽകാനുള്ള അധികാരം കൊടുക്കണമെന്നാണു് എന്റെ ഭേദഗതിയുടെ ഉദ്ദേശം.

ശ്രീ അലക്സാണ്ടർ പറമ്പിത്തറ: ഇന്നത്തെ സമ്പ്രദായത്തിൽ ഒരു ഇനത്തിൽനിന്നും മറ്റൊരു ഇനത്തിനുവേണ്ടി ഉപയോഗപ്പെടുത്തുന്ന സമ്പ്രദായമുണ്ടു്. നിലവിലുള്ള ആ സമ്പ്രദായം തുടരുന്നതിനു് അനുവദിക്കുകയാണു് ഇതുകൊണ്ടുദ്ദേശിക്കുന്നതു്. കൂടുതൽ പ്രയോജനകരമായ ഒരു സമ്പ്രദായം തുടരുന്നതിനു തടസ്സമാകാത്തവിധത്തിലാണു് എഡ്യൂക്കേഷനാഫീസറുടെ അപ്രൂവലോടുകൂടി എന്നതുകൊണ്ടു് വന്നുചേരുന്നതു്.

Shri Joseph Mundassery: I accept the amendment.

The amendment was put and carried.

Shri K. C. Abraham: I move in Chapter XII Rule 19 delete "with the permission of the Manager".

ഫീസ് പിരിക്കുന്നതു് ഹെഡ്മാസ്റ്ററാണു്. ചെലവുചെയ്യുന്നതു് മാനേജരുടെ അനുവാദത്തോടുകൂടി വേണമെന്നാണു് ഇതിൽ പറയുന്നതു്. ഇതിനേക്കാൾ കൂടുതൽ അധികാരങ്ങൾ ഹെഡ്മാസ്റ്റർക്കു് കൊടുത്തിട്ടുള്ളപ്പോൾ ഈ നിസ്സാരകാര്യത്തിനുവേണ്ടി മാനേജരുടെ അനുവാദം വാങ്ങണമെന്നു് നിർബന്ധിക്കേണ്ട കാര്യമില്ല. ഇതിനേക്കാൾ പ്രധാനപ്പെട്ട പല കാര്യങ്ങൾക്കും മാനേജരുടെ അനുവാദം കൂടാതെ ചെയ്യാമെന്നിരിക്കെ ഈ കാര്യത്തിലും മാനേജരുടെ അനുവാദം കൂടാതെ ഹെഡ്മാസ്റ്റർക്കു് ചെലവുചെയ്യാവുന്നതാണു്.

Shri Joseph Mundassey: I oppose the amendment.

ശ്രീ. പി. ടി. ചാക്കോ: മാനേജരുടെ അനുവാദം വാങ്ങണമെന്ന നിലപാടാണോ ഗവണ്മെന്റിനുള്ളതു്?

(ഉത്തരമില്ല.)

ശ്രീ. എം. നാരായണക്കുറുപ്പു്: എഡ്യൂക്കേഷൻ ആഫീസറുടെ സാംഗ്ഷൻ വാങ്ങണമെന്നുണ്ടു്. പിന്നീടു് മാനേജരുടെ സമ്മതം വാങ്ങണമെന്നു പറയുന്നതു് ശരിയല്ല.

Mr. Speaker: There is no harm in accepting this amendment.

LIBRARY ARCHIVES Kerala Legislative Assembly

Shri Joseph Mundassery: I accept the amendment.

ശ്രീ. ജോസഫ് ചാഴിക്കാട്: ബഹുമാനപ്പെട്ട മന്ത്രി എന്താണ് പറഞ്ഞത്? ആദ്യം സ്വീകരിക്കുന്നില്ലെന്നു പറഞ്ഞു. പിന്നീട് സ്വീകരിക്കുന്നുവെന്നു പറയുന്നു.

മി. സ്പീക്കർ: അത് തിരുത്തിയപ്പോഴാണ് മന്ത്രി സമ്മതിച്ചു.

ശ്രീ. ജോസഫ് ചാഴിക്കാട്: ഇത്തരം ചില ഉപദേശങ്ങളും കൂടെക്കൂടെ അങ്ങോട്ടു കൊടുത്താൽ കൊള്ളാം.

Mr. Speaker: Order, order.

The amendment "In Chapter XII Rule 19 delete" with the permission of the manager'' was put and carried.

Shri K. C. Abraham: I move in Chapter XII Rule 22 substitute "20%" in place of "10%".

പഴക്കമുള്ള സ്കൂളുകളിൽ ധാരാളം പുസ്തകങ്ങളുണ്ടായിരിക്കും. ചില സ്കൂളുകളിൽ പതിനായിരക്കണക്കിനു പുസ്തകങ്ങളും ഉണ്ട്. ഈ പുസ്തകങ്ങളും സൂക്ഷിക്കുന്നതിനുള്ള ഉപകരണങ്ങളും ഉണ്ടാക്കുവാൻ ഈ തുകയിൽ മിച്ചംവരുന്ന തുക ഉപയോഗപ്പെടുത്താൻ അനുവദിക്കുന്നതു തെററല്ല. പല സ്കൂളുകളിലും വേണ്ടത്ര ഉപകരണങ്ങളും ഇല്ലാത്തതിനാൽ പുസ്തകങ്ങളും ശരിയായി സൂക്ഷിക്കപ്പെടാതെ ചിതലുപിടിച്ചും മററും നഷ്ടപ്പെട്ടുപോകാറുണ്ട്. അലമാരകളോ മററോ വാങ്ങുന്നതിനുള്ള സൗകര്യംകൂടി കൊടുത്തെങ്കിൽമാത്രമേ പുസ്തകം വാങ്ങിയാൽ അതു് സൂക്ഷിക്കാൻ സാധിക്കുകയുള്ളു. അതുകൊണ്ട് Library fee പിരിക്കുന്നതിൽനിന്നു് 20 ശതമാനം ഈ ഇനത്തിനു് അനുവദിക്കണം. 10 ശതമാനമെന്നുള്ളതു് 20 ശതമാനമാക്കണം.

ശ്രീ. പി. ഗോവിന്ദപ്പിള്ള: ലൈബ്രറി ഫീസ് 10 ശതമാനം അനുവദിച്ചിരിക്കുന്നതു് പുസ്തകങ്ങളും വാങ്ങിക്കുന്നതിനു വേണ്ടിയാണ്. അല്ലാതെ അതു വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ആവശ്യത്തിനുള്ള തട്ടുമുട്ടുസാമാനങ്ങളും വാങ്ങിക്കാനല്ല.

ശ്രീ. കെ. ഹസ്സൻഗനി: സാധാരണ വാങ്ങിക്കാറുള്ള പുസ്തകങ്ങളും അവിടെയുമിവിടെയും വല്ല മേശപ്പുറത്തുമൊക്കെ ഇടുകയാണ് പതിവ്. ഫർണിച്ചർ വേണമെന്നുണ്ടെങ്കിലും ഇങ്ങനെയാണ് കാണാറുള്ളതു്. അതുകൊണ്ട് 10 ശതമാനം കളക്ഷൻകൊണ്ട് ഉപകരണങ്ങളും വാങ്ങിയതുകൊണ്ട് യാതൊരു ദോഷവും വരാനില്ല. അതുകൊണ്ട് 20 ശതമാനമാക്കുന്നതിൽ തെററില്ല.

Shri Joseph Mundassery: I don't accept the amendment.

The amendment was put and declared lost.

Shri K. C. Abraham: I move in Chapter XII Rule 22, number the existing rule as sub-rule (1) and add the following as sub-rule (2): "A full time librarian shall be appointed in every secondary school."

വളരെക്കാലമായി അദ്ധ്യാപകരും അദ്ധ്യാപകസംഘടനകളും ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാര്യമാണിതു്. ചില പ്രൈവററ് സ്കൂളുകളിൽ ലൈബ്രേറിയനെ നിയമിച്ചിട്ടുണ്ട്. എല്ലാ സ്കൂളുകളിലും ലൈബ്രേറിയനെ നിയമിക്കുന്നതിനുള്ള അനുവാദം ഉണ്ടാകണം എന്നാണ് എന്റെ ഭേദഗതി. ഇപ്പോഴും ചില സ്കൂളുകളിൽ അദ്ധ്യാപകന്മാരുടെ വർക്കിംഗ് സമയം കഴിഞ്ഞിട്ട് പുസ്തകം എടുത്തുകൊടുക്കാനും മററും നിയോഗിക്കുകയാണ്. ആ പതിവ് ഉപേക്ഷിച്ച് ആ ചുമതല പ്രത്യേകം ഒരാളെ ഏല്പിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: ഇതേ കാര്യത്തിനു് ഞാനും ഒരു ഭേദഗതി അയച്ചിരുന്നു. നാൺ ടീച്ചിംഗ് സ്റ്റാഫിന്റെ ശമ്പളം ഇതുവരെ തീരുമാനിച്ചിട്ടില്ല. ലൈബ്രറിക്കു ചെലവാക്കുന്ന പണം ശരിയായി വിനിയോഗിക്കണമെങ്കിൽ ബുക്കുകൾ സൂക്ഷിക്കാൻ ഒരാളെ ചുമതലപ്പെടുത്തുകതന്നെ വേണം. ഇന്നത്തെ നിലയിൽ ചില അദ്ധ്യാപകന്മാരാണു് പാർട്ട്ടൈം ആയി ജോലി നോക്കുന്നതു്. ചിലയിടങ്ങളിൽ ക്ലാർക്കന്മാരും. ഇക്കാരണത്താൽ സ്കൂൾ പുസ്തകങ്ങൾ ശരിയായി സൂക്ഷിക്കപ്പെടുന്നില്ല. അതുകൊണ്ടു് ഒരു ഫുൾടൈം ആഫീസറെത്തന്നെ നാൺടീച്ചിംഗ് സ്റ്റാഫിലുൾപ്പെടുത്തി അനുവദിക്കേണ്ടതാണു്.

ശ്രീ. ജോസഫ് ജാർജ്ജ്: നാൺ ടീച്ചിംഗ് സ്റ്റാഫിൽപ്പെട്ട ലൈബ്രറിയന്മാരായും ക്ലാർക്കന്മാരായും അഞ്ചെട്ടുപത്തു കൊല്ലമായി ജോലിനോക്കിവരുന്ന ആളുകൾക്കു് പുതിയ ആർഡർ അനുസരിച്ചു് ശമ്പളം കിട്ടുന്നില്ല. അവരെ പിരിച്ചുവിടുകയെന്നതു് നീതിയല്ല. ഗൗരവതരമായ ഒരു സംഗതിയാണിതു്. വളരെക്കാലമായി നാൺ ടീച്ചിംഗ് വിഭാഗത്തിൽപ്പെട്ട ഇവർ പിരിഞ്ഞുപോകേണ്ടി വരുന്ന ഒരവസ്ഥ സംജാതമാകുന്നതു് വളരെ കഷ്ടമാണു്. അതുകൊണ്ടു് ആ വിഭാഗക്കാർക്കു് ഗുണകരമായ ഒരു ഭേദഗതിയെന്ന നിലയിൽ ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു.

ശ്രീമതി കുസുമം ജോസഫ്: സർ, പ്രീയൂണിവേഴ്സിറ്റി ക്ലാസ്സുകളിലും ഹയർ സെക്കൻഡറി സ്കൂളുകളിലും ലൈബ്രേറിയൻ ഇല്ലാതെ നിവൃത്തിയില്ല. അതുകൊണ്ടു് ഒരു ഫുൾടൈം ലൈബ്രേറിയനെ നിയമിക്കണമെന്നുള്ള ഈ അമെൻഡുമെന്റു് സ്വീകരിക്കണം.

ശ്രീ. പി. എം. കുഞ്ഞിരാമൻനമ്പ്യാർ: ശ്രീ. കെ. സി. എബ്രഹാമിന്റെ ഭേദഗതിയെ ഞാൻ ശക്തിയായി പിൻതാങ്ങുന്നു. പല സ്കൂളുകളിലേയും അനുഭവം വച്ചുകൊണ്ടു് ഞാൻ പറയുകയാണു്, ലൈബ്രേറിയൻസ് ഇല്ലാത്ത അനവധി സ്കൂളുകൾ ഉണ്ടു്. അവിടെ പഠിപ്പിക്കുന്ന അദ്ധ്യാപകന്മാരുടെ പഠിപ്പിക്കുന്ന സമയം കഴിഞ്ഞിട്ടു് ഉള്ള സമയമാണു് അവർ പുസ്തകം വിദ്യാർത്ഥികളുടെ ഇടയിൽ വിതരണത്തിനായി വിനിയോഗിക്കുന്നതു്.

ശ്രീ. പൊട്ടിപ്പാറ ചൂണ്ടിക്കാണിച്ചതുപോലെ അദ്ധ്യാപകന്മാരുടെ ശമ്പളവും മററും പരിഷ്കരിച്ച കൂട്ടത്തിൽ അവരുടെ കാര്യം ചോദിച്ചപ്പോൾ അതു് പിന്നീടു പരിഗണിക്കുന്നതാണെന്നു് മന്ത്രി പറഞ്ഞിരുന്നു. അവരുടെ ശമ്പളത്തെപ്പററി വ്യക്തമായി ഒന്നും പറഞ്ഞുകാണുന്നില്ല. അതുകൊണ്ടു് ആവശ്യമായ ലൈബ്രേറിയൻസിനെ നിയമിക്കുന്നതിനും നാൺ ടീച്ചിംഗ് സ്റ്റാഫിന്റെ കാര്യം പരിഗണിക്കുന്നതിനും ഈ ഭേദഗതി സ്വീകരിക്കണമെന്നു് ഞാൻ വിനീതമായി അപേക്ഷിക്കുന്നു.

The amendment moved by Shri K. C. Abraham, was put and lost.

Shri E. P. Poulose: I move: In Chapter XII Rule 29 add the following proviso: "Provided that fees exceeding the above rates may be realised in any recognised school with the previous sanction of the Director".

Section 20 of the Bill originally passed has been changed because of the declaration made by the Supreme Court that any provision affecting the freedom of minorities in conducting recognised schools will be ultravires. So, the provision was subsequently changed after the Bill was returned. This clause affects not only schools which are receiving aid from the Government, but recognised schools not claiming any aid from

LIBRARY ARCHIVES Kerala Legislative Assembly

the Government. The question arises whether in spite of the expression of opinion given by the Supreme Court, Government would be at liberty to regulate the fees in minority schools which only claim recognition but no aid. My humble view is that it is unconstitutional for government to impose this condition on recognised schools not receiving any aid from Government. Recognised schools not receiving aid from Government will be at liberty to charge or levy such fees as they deem necessary for the efficient conduct of the schools. It may be argued that it is constitutional and valid to impose only regulations but not a complete ban on fee collection. My view is that it would be wrong to place such restrictions on the levying of fees. Take the case of minority schools which are exercising the liberty given to them in regard to primary classes. If that school falls below a certain level in resources available to it and the fee collection made is not sufficient to meet the expenses of the schools it has only two alternatives left, either to close down for want of sufficient funds because of the restrictions sought to be imposed under this Rule, or to get the permission of the authorities for changing the scale of fees so that they may be able to raise sufficient funds for the minimum needs in connection with the conduct of the schools.

I suggest that the management need not be prevented from raising the fees under all circumstances. The better thing will be to allow them to make such alteration in the scale of fees with the sanction of Government. If in any particular circumstances, if the management finds it difficult to run the school on account of reduction of strength or for any other reason, the better thing will be to allow such management to alter the scale of fees so that sufficient income may be got for the conduct of the schools.

As I have submitted, this provision, as it now stands, will be ultra vires of the Constitution because the regulation imposed may ultimately affect the rights of the minority schools. This regulation itself is likely to be held to be invalid.

Shri M. Narayana Kurup: Section 36 (e) says that Government may make rules regulating the rates of fees in recognised schools. He is raising a constitutional validity and so I am referring to that.

Shri E. P. Poulose: I think my speech covered that point. Sub rule (e) will be unconstitutional to that extent. That is my view.

ശ്രീ. കെ. എം. ജോർജ്ജ്: സർ, അംഗീകൃതവിദ്യാലയങ്ങളിലെ ഫീസ് പിരിവ് ഗവൺമെന്റ് ബന്ധിതമായി നിയന്ത്രിക്കണമോ വേണ്ടയോ എന്ന പ്രശ്നം, ശ്രീ. ഇ. പി. പൗലോസ് വിശദമായിട്ട് സൂചിപ്പിച്ചതുപോലെ, വിദ്യാഭ്യാസത്തിനും, ഭരണഘടനയ്ക്കും എതിരല്ലേ എന്നുള്ളതു കാര്യമായിട്ട് ചിന്തിക്കേണ്ടതാണ്. എന്റെ അഭിപ്രായത്തിൽ, തീർച്ചയായിട്ടും ന്യൂനപക്ഷം അവരുടേതായ സംസ്കാരത്തിനും മതപരമായ വളർച്ചയ്ക്കും അനുഗുണമായ രീതിയിൽ പ്രവർത്തിക്കുന്നതിനു ഭരണഘടന വാഗ്ദാനം ചെയ്തിട്ടുള്ളതിന്മേൽ ഒരു കയ്യേറ്റമായിട്ടായിരിക്കും ഇതു ഇങ്ങനെ പാസാക്കിയാൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എം. ജാർജ്ജ്]

നിലനില്ക്കുന്നതു്. മററു തരത്തിൽ ആലോചിച്ചുനോക്കിയാൽ അംഗീകൃത സ്കൂളുകളെ ഇങ്ങനെ ഗവണ്മെന്റ നിയന്ത്രിക്കേണ്ട കാര്യമില്ല. ഗവണ്മെന്റിന്റെ പൊതുവായിട്ടുള്ള തത്വങ്ങളെല്ലാം അതുപോലെ അംഗീകരിച്ചും വിദ്യാഭ്യാസബില്ലിലെ തത്വങ്ങളെല്ലാം അംഗീകരിച്ചുകൊണ്ടും പ്രവത്തിക്കുന്നതുകൊണ്ടാണു് ഗവണ്മെന്റു് അത്തരം സ്കൂളുകൾക്കു് അംഗീകാരം നൽകുന്നതു്. അങ്ങനെ അംഗീകാരം നൽകണമെന്നു ഭരണഘടനയിൽതന്നെ പറയുന്നുമുണ്ടു്. ഈ ചട്ടത്തിൽ പറയുന്നതുപോലെ, അവർ ഒന്നുമുതൽ നാലുവരെ സ്റ്റാൻഡേർഡുകളിൽ 25 രൂപയും, അഞ്ചുമുതൽ ഏഴുവരെ സ്റ്റാൻഡേർഡുകളിൽ 50 രൂപയും, എട്ടു മുതൽ പതിനൊന്നുവരെ സ്റ്റാൻഡേർഡുകളിൽ 100 രൂപയും ഫീസ്സ പിരിച്ചുകൊള്ളണമെന്നു ഗവണ്മെന്റു് നിർബ്ബന്ധിക്കുന്നതു ശരിയായിരിക്കുകയില്ല. ഗവണ്മെന്റിന്റെ അംഗീകാരത്തോടുകൂടി മററു സ്കൂളുകളിൽ ഇല്ലാത്ത എക്സ്ട്രാ കരിക്കുലം അനുസരിച്ചുള്ള പല വിഷയങ്ങളും അവിടെ പഠിപ്പിക്കുന്നുണ്ടു്. ഇതിനൊക്കെ മാനേജ്മെന്റിനു് കൂടുതൽ ചെലവു വേണ്ടിവരും. അതു് വിദ്യാത്ഥികളോടോ, രക്ഷാകത്താക്കളോടോ ആവശ്യപ്പെടേണ്ടതായി വരും. അതിനെ ഇന്നതരത്തിൽ വേണമെന്നു ഗവണ്മെന്റ നിയന്ത്രിക്കുന്നതു ശരിയായിരിക്കുകയില്ല. ഇങ്ങനെ ഫീസ്സപിരിക്കുന്നതുതന്നെ വിദ്യാത്ഥികളുടെയും, രക്ഷാകത്താക്കളുടെയും ഇഷ്ടപ്രകാരം അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻകൂടിയാണു്. അദ്ധ്യാപകർക്കു ശമ്പളം കൊടുക്കുന്നതിനും മററുവിധത്തിലുള്ള ചെലവുകൾ നടത്തുന്നതിനും മാനേജ്മെന്റിനു് പ്രത്യേകം ഫീസ്സ പിരിക്കേണ്ടിവരും. ഈ ആവശ്യത്തിനുവേണ്ടിയാണു് മാനേജ്മെന്റുകൾ കുട്ടികളുടെ രക്ഷാകത്താക്കളിൽനിന്നും വിശേഷിച്ചു ഫീസ്സു് ഈടാക്കുന്നതു്. അല്ലാതെ മാനേജ്മെന്റിനു് അധികം ലാഭമുണ്ടാക്കുന്നതിനു വേണ്ടിയല്ല; ഒരു കച്ചവട മനഃസ്ഥിതിയോടുകൂടി ഇങ്ങനെ ഫീസ്സ പിരിവു നടത്തുന്നതെന്നുള്ള ആരോപണം ശരിയല്ല. ഡയറക്ടരുടെ അംഗീകാരത്തോടുകൂടി ന്യായമായ രീതിയിൽ ഫീസ്സ പിരിക്കാനുള്ള അധികാരം അവക്കുണ്ടായിരിക്കണം. ആ നിലയിലാണു് ഈ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നതു്. ഡയറക്ടർ ഒരുതരത്തിലും നീതീകരണമില്ലാത്ത ഫീസ്സു് പിരിവിനു് അനുവദിക്കുകയില്ല. അങ്ങനെ ന്യായമായ തരത്തിൽ ഫീസ്സു് പിരിക്കാൻ മാനേജ്മെന്റിനു് അനുമതി കൊടുക്കുന്നതിനു് ഡയറക്ടർക്കു് മൊത്തത്തിൽ അധികാരം കൊടുത്തുകൊണ്ടു്, ഇപ്പോൾ ഇത്ര ഫീസ്സു് മാത്രമേ പിരിക്കാൻ പാടുള്ളു എന്നു വ്യവസ്ഥ ചെയ്യുന്ന 29-ാമത്തെ റൂൾ എടുത്തുകളയേണ്ടതു് കേവലം ന്യായം മാത്രമാണു്. അല്ലെങ്കിൽ, അതു നിലനിൽക്കുകയില്ലെന്നു മാത്രമല്ല; എന്തു കാര്യത്തിനുവേണ്ടി അംഗീകൃതവിദ്യായങ്ങൾ വിഭാവനം ചെയ്തിരിക്കുന്നുവോ ആ ഉദ്ദേശംതന്നെ പരാജയപ്പെടുകയായിരിക്കും ഫലം. അതുകൊണ്ടു് ഇഷ്ടംപോലെ ലാഭം ഉണ്ടാക്കാൻ ഇത്തരം സ്കൂളുകൾ നടത്തുന്നുവെന്നുള്ള നില വരാതിരിക്കാൻ ഡയറക്ടർക്കു അതിനുള്ള നിയന്ത്രണാധികാരം നൽകണമെന്നാണു് എനിക്കു പറയാനുള്ളതു്. ഡയറക്ടരുടെ അധികാരത്തിനു വിധേയമായിട്ടു്, ന്യായമായ ഫീസ്സപിരിച്ചു് അംഗീകൃതവിദ്യാലയങ്ങൾ നടത്തുന്നതിനു് സൗകര്യം കൊടുക്കേണ്ടതാണു്. അതു കേവലം ഭരണഘടനാപരവും, നിയമപരവുമാണു്; ഈ രാജ്യത്തെ ന്യൂനപക്ഷങ്ങളുടെ അവകാശമാണു്. അതു ഇങ്ങനെയൊരു നിയമം കൊണ്ടു നിയന്ത്രിക്കുന്നതു് നിയമാനുസൃതമായി സാധൂകരിക്കത്തക്കതല്ല; നിലനിൽക്കത്തക്കതല്ല. അതുകൊണ്ടു് ഈ ഭേദഗതികൂടി ചേർത്തു് ബഹുമാനപ്പെട്ട മന്ത്രി ഇതു ശരിപ്പെടുത്തണമെന്നു് അപേക്ഷിക്കുകയാണു്.

ശ്രീ. പി. ടി. ചാക്കോ: സർ, ഈ ഭേദഗതി സ്വീകരിച്ചാൽ തന്നെ, ഇതു ഭരണഘടനാപരമായി നിലനിൽക്കുമോ എന്നു സംശയമുണ്ടു്. ബഹുമാനപ്പെട്ട മന്ത്രി, സുപ്രിംകോടതിയുടെ റഫറൻസ്സു് 20-ാമത്തെ സെക്ഷനിൽ പറഞ്ഞിട്ടുള്ള ഭാഗം വായിച്ചുനോക്കിയാൽ മതി. അവിടെ അങ്ങനെ പറയാൻകാരണം, അതു് അംഗീകൃതസ്കൂളുകളിലെ ഫീസ്സ പിരിവിനെ നിയന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

ച്ചതുകൊണ്ടാണ്. ഫീസ് പിരിക്കാൻ പാടില്ലെന്നുള്ളത് നിയമവിരുദ്ധമാണ്; ഭരണഘടനാവിരുദ്ധമാണ് എന്നാണ് സുപ്രീംകോടതിയുടെ വിധി. ആ ഭേദഗതി വരുത്തിയത് എയിഡഡ് സ്കൂളുകളും, ഗവണ്മെന്റ് സ്കൂളുകളും ഫീസ് പിരിവ് ഇളവു ചെയ്യാമെന്നാണ്. അതിന്റെ വെളിച്ചത്തിൽ നോക്കുമ്പോൾ, അംഗീകൃതസ്കൂളുകൾ, ന്യൂനപക്ഷത്തിന്റെ വിദ്യാലയങ്ങൾ ഫീസ് പിരിക്കുന്നതിനെ നിയന്ത്രിക്കുന്നതിനുള്ള പരിശ്രമം ഭരണഘടനാവിരുദ്ധമാകും എന്നു വളരെ വ്യക്തമായി കാണാൻ സാധിക്കും. ദീർഘമായി ഇതിനെപ്പററി പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. ഭരണഘടനാവിരുദ്ധമായ വകുപ്പുകൾ ഇതിൽ ഉൾപ്പെടുത്തണമെന്നു നിർബ്ബന്ധമില്ലെങ്കിൽ സൂക്ഷിച്ച് ഈ റൂൾ കൈകാര്യം ചെയ്യേണ്ടതാണ്. ഡയറക്ടർക്ക് ഒരു നിയന്ത്രണം കൊടുക്കണമെന്നാണ് ഭേദഗതിയിൽ പറയുന്നത്. ആ ഭേദഗതിയെങ്കിലും സ്വീകരിച്ചാൽ വലിയ നിയന്ത്രണത്തിൽനിന്നും ഒഴിവാകാമെന്നു പറയുന്നു. ഏതു നിയന്ത്രണം വരുത്തിയാലും അതു തെററാണ്. വ്യക്തമായ നിയന്ത്രണം ഈ കാര്യത്തിൽ ഉണ്ടായിരിക്കുന്നത് തെററാണ്; ഭരണഘടനാവിരുദ്ധവുമാണ്. പ്രൈമറി സ്കൂളുകളിലെ ഫീസ് പിരിക്കാൻ പാടില്ലെന്നു പറഞ്ഞപ്പോഴും ഭരണഘടനാവിരുദ്ധമാണെന്നു സുപ്രീംകോടതി പറഞ്ഞനിലയ്ക്കു അംഗീകൃത സ്കൂളുകളിൽ ഇന്ന തരത്തിലേ ഫീസ് പിരിക്കാവൂ എന്നു പറയുന്നതു നിശ്ചയമായും നിയമവിരുദ്ധമാകാൻ ഇടയുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇതിനെപ്പററി ആലോചിക്കണം; ആലോചിച്ച് ഈ റൂൾ നിയമവിരുദ്ധമാകാത്ത രീതിയിൽ ഭേദഗതി ചെയ്യണമെന്നു ഞാൻ അപേക്ഷിക്കുകയാണ്.

ശ്രീമതി കുസുമം ജോസഫ്: സർ, ന്യൂനപക്ഷങ്ങൾ അവരുടേതായ വിദ്യാലയങ്ങൾ വളരെ കഷ്ടപ്പെട്ടിട്ടാണെങ്കിലും ഇന്ന് അംഗീകൃതസ്കൂളുകളായി നടത്തിപ്പോരുന്നുണ്ട്. അങ്ങനെ അവർ ആരംഭിക്കുന്ന സ്കൂളുകളിൽ, ആ സ്കൂളുകൾ ഏററവും ഭംഗിയായി നടത്തിക്കൊണ്ടുപോകാൻ ആവശ്യമായി വരുന്ന ചെലവിലേക്കു ഫീസ് കളക്ററ് ചെയ്യുന്നതിനുള്ള അധികാരം സ്കൂൾ അധികൃതർക്കുണ്ടായിരിക്കണം. മാത്രമല്ല, അവിടെ ചേരുന്ന വിദ്യാർത്ഥികൾ അങ്ങനെ ഫീസ് കൊടുക്കാൻ തയ്യാറുമാണ്. ഇവിടെ കൊടുത്തിരിക്കുന്ന ഷെഡ്യൂൾ അനുസരിച്ചു ഫീസ് പിരിച്ചാൽ, മാനമായി ആ സ്കൂൾ നടത്തിക്കൊണ്ടുപോകാൻ സാദ്ധ്യമല്ലാതെ വരും. ഒന്നുമുതൽ നാലുവരെ ആണ്ടിൽ 25 രൂപ പിരിക്കാനാണ് പറഞ്ഞിരിക്കുന്നത്. ആണ്ടിൽ 25 രൂപയായാലും, ഒരു മാസത്തിൽ 2 രൂപ മാത്രമേ ആകുന്നുള്ളു. 12 മാസവും ഒരു അദ്ധ്യാപകന് ശമ്പളം കൊടുക്കണം. ഒരു ക്ലാസിൽ മാക്സിമം നാല്പതു കുട്ടികൾ എന്നാണല്ലോ നാം വ്യവസ്ഥ ചെയ്തിരിക്കുന്നത്. അങ്ങനെയാണെങ്കിൽ, 40 കുട്ടികളുള്ള ഒരു ക്ലാസിൽനിന്നും എൺപതു രൂപാ മാത്രമേ ഒരു മാസം പിരിക്കാൻ സാധിക്കുകയുള്ളു. നമ്മുടെ രാജ്യത്ത് ഇന്നു പ്രൈമറി സ്കൂൾ ടീച്ചേഴ്സിന്റെ ശമ്പളം 40—120 ക.യാണ്. ഗവണ്മെന്റ് സർവ്വീസിലുള്ള അദ്ധ്യാപകർക്കെന്നപോലെ ഡി. എ.യും മററും കൊടുക്കണം. അങ്ങനെ ഗവണ്മെന്റ് സ്കൂളുകളിലെയും, എയിഡഡ് സ്കൂളുകളിലെയും ശമ്പളക്രമംതന്നെ അംഗീകൃതസ്കൂളുകളിലെ അദ്ധ്യാപകർക്കും കൊടുക്കേണ്ടതുണ്ട്. അങ്ങനെ കൊടുക്കാനു അധികാരികൾക്കു ആഗ്രഹവും കാണും. പക്ഷെ 80 രൂപ മാത്രം ഒരു ക്ലാസിൽനിന്നും ഒരു മാസം ഫീസ് പിരിച്ചാൽ ഈ രീതിയിലുള്ള ശമ്പളം കൊടുക്കാൻ സാധിക്കുമോ എന്നു ചിന്തിക്കേണ്ടതാണ്. അദ്ധ്യാപകർക്കുവേണ്ടി വളരെയധികം വാദിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കണം. അംഗീകൃതസ്കൂളുകളിലെ അദ്ധ്യാപകർക്കു മാനമായി ജീവിക്കാനുള്ള സൗകര്യം, മററു സ്കൂളുകളിലെ അദ്ധ്യാപകരെപ്പോലെ ജീവിക്കാനുള്ള സൗകര്യം ഉണ്ടായിരിക്കണമെന്നുള്ളതു ആരും നിഷേധിക്കുന്നതല്ല. അപ്പോൾ, ഇന്നത്തെ നിലയിൽ ഫീസ് പിരിക്കുന്നതിനു വ്യവസ്ഥ ചെയ്താൽ ആ ഉദ്ദേശം സാധിക്കുകയില്ല. സർ, ഈ ചട്ടം ഉണ്ടാക്കുന്നതിൽനിന്നും. ഈ സംസ്ഥാനത്തു മേലാൽ അംഗീകൃതസ്കൂളുകൾ ഉണ്ടാകരുതെന്നു മനഃപൂർവ്വം ഗവണ്മെന്റ് ആഗ്രഹിക്കുന്നുണ്ടോ എന്നുപോലും സംശയിക്കേണ്ടിയിരിക്കുന്നു. സർ, ഇങ്ങനെയൊരു നിയന്ത്രണം പാടില്ലെന്നും, ശ്രീ. ഇ. പി. പൗലോസിന്റെ ഭേദഗതി സ്വീകരിക്കണമെന്നുമാണ് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എ. തൊമ്മൻ: സർ, സകല സ്കൂളുകളിലെയും കുട്ടികളിൽ നിന്നും പിരിക്കേണ്ട ഫീസ് എത്രയാണെന്നു ഈ ഷെഡ്യൂളിൽ പറഞ്ഞിട്ടുണ്ട്. ഗവണ്മെന്റ് സ്കൂളുകളിലും, എയിഡഡ് സ്കൂളുകളിലും നിന്നുമാത്രം കുട്ടികളിൽനിന്നും ഫീസ് പിരിക്കരുതെന്നുള്ള പ്രതിപക്ഷനേതാവിന്റെ ഭേദഗതി ഇവിടെ അവതരിപ്പിച്ചതു തള്ളിക്കളയുകയാണു ചെയ്തതു്. ആ നിലയ്ക്കു റൂൾ ഒന്നിൽ പറഞ്ഞിരിക്കുന്നതു് "Tuition fees and special fees shall be collected from pupils at the rates given in the following schedule" ഗവണ്മെന്റ് സ്കൂളുകളിലും, എയിഡഡ് സ്കൂളുകളിലുമുള്ള എല്ലാ സ്കൂൾകുട്ടികളിൽനിന്നും ഫീസ് പിരിക്കാൻ വ്യവസ്ഥ ചെയ്തിരിക്കുന്നതു് റൂൾ ഒന്നിലാണ്. ശ്രീ. ചന്ദ്രശേഖരൻനായർ ഇവിടെ പറഞ്ഞതു് ഇതിന്റെ തലക്കെട്ട്: "Rates of tuition and Special fees in Goverment and aided schools" എന്നുള്ളതുകൊണ്ട് അതു നിയന്ത്രിച്ചുകൊള്ളുമെന്നാണ്. അതു ശരിയല്ല. ട്യൂഷൻ ഫീസ് സ്റ്റാൻഡേർഡ് ഒന്നുമുതൽ നാലുവരെ പിരിക്കാൻ പാടില്ല എന്നാണ് പറയുന്നതു്. പ്രതിപക്ഷനേതാവിന്റെ ഭേദഗതി സ്വീകരിച്ചിരുന്നുവെങ്കിൽ നിശ്ചയമായിട്ടും 29-ാംവകുപ്പ് നിലനില്ക്കുമായിരുന്നു. ആ ഭേദഗതി തള്ളിയതുകൊണ്ട് അംഗീകൃതസ്കൂളുകളിലും ഫീസ് പിരിക്കേണ്ടതുതന്നെയാണ്. അങ്ങനെയൊരു കുഴപ്പംവരുന്നു. ഗവണ്മെന്റ് സ്കൂളുകളിലും, അംഗീകൃതസ്കൂളുകളിലും ഫീസ് പിരിവിനെ സംബന്ധിച്ച വ്യവസ്ഥ ചെയ്തിരിക്കുന്നതു ഒരുപോലെയാണ്. റൂൾ 29 റൂൾ 1-നു വിധേയമാണ് അതുകൊണ്ട് ഈ ഭേദഗതിയേ വേണ്ട.

29. Fees in recognised schools.

The tuition fees realised from pupils in a recognised school shall not exceed the following :-

Standards I to IV—Rs. 25 per pupil per year.
Standards V to VII—Rs. 50 per pupil per year.
Standards VIII to XI—Rs. 100 per pupil per year.

The special fees which can be collected from pupils in recognised schools shall be as prescribed for Government and aided schools.

ശ്രീ. കെ. ഹസൻഗനി: സർ, ഭരണഘടനാവിരുദ്ധമായതുകൊണ്ട് മാത്രമല്ല; ഇന്നു ന്യൂനപക്ഷങ്ങൾ നടത്തുന്ന സ്കൂളുകൾ വളരെ പരുങ്ങിയും, വിഷമിച്ചുമാണ് നടത്തുന്നതെന്നു കാണാൻ സാധിക്കുന്നതാണ്. സാധാരണ ഗവണ്മെന്റ് സ്കൂളുകളിലും, എയിഡഡ് സ്കൂളുകളിലും ഉള്ളത്ര കുട്ടികൾ അംഗീകൃതസ്കൂളുകളിൽ കാണുകയില്ല. ആ നിലയ്ക്കു ഫീസുപിരിവിനെ സംബന്ധിച്ചിടത്തോളം ഇങ്ങനെയൊരു നിയന്ത്രണം വയ്ക്കുന്നതു് ഇത്തരം സ്കൂളുകളുടെ ശരിയായ പ്രവർത്തനത്തിനു് സഹായകമായിരിക്കുകയില്ല. ന്യൂനപക്ഷങ്ങൾ നടത്തുന്ന ചില സ്കൂളുകളിലെ ചില ക്ലാസ്സുകളിൽ കുട്ടികൾ കൂടുതലാകുമ്പോൾ ഒരു പുതിയ ഡിവിഷൻ ആരംഭിക്കുന്നതിനു് ആവശ്യമായ ബെഞ്ചോ, കസേരയോ മററു ഉപകരണങ്ങളോ ഉണ്ടാക്കാൻ നിവൃത്തിയില്ലാതെ പബ്ലിക്ക് ഡൊണേഷൻ ആവശ്യപ്പെടേണ്ടതായി വരും. ഉദാഹരണമായിട്ട്, ഫോർട്ടുകൊച്ചിയിൽ, ആംഗ്ലോ ഇൻഡ്യൻ സ്കൂളിൽ ഒരു പുതിയ ഡിവിഷൻ ആരംഭിക്കുന്നതിനു് നിവൃത്തിയില്ലാതെവന്ന ഒരു അവസരമുണ്ടായി. ആ കാര്യം കണക്കിലെടുക്കുമ്പോൾ, ഇങ്ങനെ ഫീസ് പിരിവിനെ നിയന്ത്രിക്കുന്ന ഈ ചട്ടം ഭരണഘടനാവിരുദ്ധമാണ് എന്നു ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ശ്രീ. ഇ. പി. പൗലോസ് അവതരിപ്പിച്ച ഭേദഗതിയെ ഞാൻ അനുകൂലിക്കുകയാണ്. സർ, ഈ റൂളുകൾ കൊണ്ട് ഇവിടെ ന്യൂനപക്ഷത്തിന്റെ സ്കൂളുകൾ നടത്തുന്നതിനുള്ള ഒരു സാഹചര്യം സൃഷ്ടിക്കേണ്ടതാണ്. അതിനു പകരം അതില്ലാതാക്കുന്നതിനുള്ള വകുപ്പുകൾ എടുത്തുകളയേണ്ടതാണ്.

ബഹുമാനപ്പെട്ട മന്ത്രി അതു് അപ്പാടെ എടുത്തു കളയണമെന്നും, ശ്രീ. ഇ. പി. പൗലോസിന്റെ ഭേദഗതി സ്വീകരിച്ചു്, ന്യൂനപക്ഷങ്ങളുടെ സ്കൂളുകൾ കാര്യക്ഷമമായി നടത്തുന്നതിനുള്ള ഒരു സാഹചര്യം ഉണ്ടാക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. ഗോവിന്ദപ്പിള്ള : റക്കഗ്നൈസ്ഡ് സ്കൂളുകൾ എന്നു പറയുന്നതു് എല്ലാതരത്തിലുമുള്ള മൈനോറിട്ടി സ്കൂളുകൾ തന്നെ ആയിരിക്കണമെന്നില്ല. മററുള്ളവർക്കു സ്കൂൾ തുറക്കാവുന്നതുപോലെ മൈനോറിട്ടീസിനും സ്കൂൾ തുറക്കാൻ അവകാശമുണ്ടു്. അത്തരം സ്കൂളുകൾ പ്രത്യേകമായി ഗവൺമെന്റിൽ നിന്നും ധനസഹായം വാങ്ങാത്തതായിരിക്കും. അങ്ങനെ തുടങ്ങുന്ന സ്കൂളുകൾക്കു അതു നടത്തുന്നതിനു് എൻഡോവ്മെന്റും മററു ചില വരുമാനങ്ങളും കാണും. വിദ്യാർത്ഥികളുടെ താല്പര്യത്തെ മുൻനിറുത്തി അങ്ങനെയുള്ള സ്കൂളുകളിലും ഫീസ് പിരിക്കുന്ന കാര്യത്തിൽ ഒരു ലിമിററ് വെയ്ക്കുന്നതു് ശരിയാണു്. അതു് ഭരണഘടനാവിരുദ്ധമാകുന്നതു് എങ്ങനെയാണെന്നു എനിക്കു് അറിഞ്ഞുകൂടാ. എഡ്യൂക്കേഷൻ ആക്ടു് പ്രകാരം ഇങ്ങനെ നിയന്ത്രിക്കാനുള്ള അവകാശം ഗവൺമെന്റിനുണ്ടു്. അതു തന്നെയും ഭരണഘടനാവിരുദ്ധമാണെന്നു ശ്രീ. പൗലോസ് ഇപ്പോൾ പറയുന്നതു് പ്രസക്തമല്ല. ഈ നിയമസഭ നിയമം പാസാക്കി സുപ്രീംകോടതി ഒരു സ്ക്രീനിംഗ് നടത്തിയതാണു്. ഇനിയും കോടതിയിൽ പോകുമെന്നും വരാൻ പോകുന്ന സ്ക്രീനിംഗിൽ ഭരണഘടനാവിരുദ്ധമാകുമെന്നുമുള്ള സങ്കല്പത്തിൽ ഇപ്പോൾ ഒരു ഭേദഗതി വരുത്തേണ്ട കാര്യമില്ല. അതുകൊണ്ടു് ഭരണഘടനാവിരുദ്ധമാണെന്ന വാദം അപ്രസക്തമാണു്.

10. A.M.

ശ്രീ. എം. നാരായണക്കുറുപ്പു് : ഞാൻ ഒരു വസ്തുത ചൂണ്ടിക്കാണിക്കുമ്പോൾ ഇതിൽ അടങ്ങിയിട്ടുള്ള തത്വത്തെ എതിർക്കുകയാണെന്നു ആരും ധരിക്കരുതു്. ബഹുമാനപ്പെട്ട മെമ്പറന്മാരുടെ ശ്രദ്ധയിൽ എഡ്യൂക്കേഷൻ ആക്ടിലെ 26-ാം വകുപ്പു പെടുത്തുകയാണു്.

"In any area of compulsion, the guardian of every child shall, if such guardian ordinarily resides in such area, cause such child to attend a Government or private School, and once a child has been so caused to attend School under this Act, the child shall be compelled to complete the full course of primary education, or the child shall be compelled to attend school till it reaches the age of fourteen".

അപ്പോൾ ഒരു റെക്കഗ്നൈസ്ഡ് സ്കൂൾ ഒരു ദിക്കിലുണ്ടെങ്കിൽ അതിൽ കുട്ടികളെ നിർബ്ബന്ധപൂർവ്വം അയയ്ക്കാനുള്ള ബാദ്ധ്യത രക്ഷകർത്താവിനു ഉണ്ടു്. നാം അഞ്ചാം ക്ലാസ്സുവരെ പ്രൈമറി സ്റ്റേജിലെങ്കിലും സൗജന്യവിദ്യാഭ്യാസം വാഗ്ദാനം ചെയ്തിരിക്കയാണു്. ആ പ്രൈമറി ക്ലാസ്സുകളിൽ തന്നെ ഫീസു പിരിക്കാനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയാൽ അതെങ്ങനെ പൊരുത്തപ്പെട്ടുപോകുമെന്നു എനിക്കു മനസ്സിലാകുന്നില്ല. റെക്കഗ്നൈസ്ഡ് സ്കൂളിൽ അയയ്ക്കുന്ന കുട്ടികൾ ഫീസ് കൊടുക്കണമെന്നും മററുള്ളവർ ഫീസ് കൊടുക്കേണ്ടെന്നുമുള്ള ഒരു സ്ഥിതിവിശേഷം വന്നു ചേരുകയില്ലേ എന്നുള്ള കാര്യത്തിനു് എന്തെങ്കിലും മറുപടിയുണ്ടെങ്കിൽ കേട്ടാൽ കൊള്ളാം.

ശ്രീ. ഇ. പി. പൗലോസ് : സുപ്രീംകോടതി ഈ കാര്യം കൺസിഡർ ചെയ്തതിനുശേഷം കമ്പൽസറി ഏരിയായിൽ ബുദ്ധിമുട്ടു വരുമെന്നും എങ്കിലും ഈ പതനത്തിൽ അങ്ങനെ പ്രഖ്യാപിക്കാൻ തയാറാകുന്നില്ലെന്നും പറഞ്ഞിട്ടുണ്ടു് അവസാനമായി ഒരു തീർപ്പു സുപ്രീംകോടതി ഇതിൽ ചെയ്തിട്ടില്ല.

Shri V. R. Krishna Iyer: What exactly is the connotation of "minority" in this context is a moot point. Even the Supreme Court Judgement has not indicated that. These minority institutions are illusive. Under sections 14 and 15 of the Education

LIBRARY ARCHIVES Kerala Legislative Assembly

[Shri V. R. Krishna Iyer]

Act they can be taken over. They may in certain circumstances qualify the Management's rights to establish institutions. For that necessary changes have been made in the Act. Subject to that if the minorities schools happen to be 'recognised institutions' they cannot claim any immunity from regulations. They levy regulation fees if they happen to be recognised minority schools. They must subject to regulations. But the judgement of the Supreme Court gives a chance to contend that this regulation contained in this clause is applicable to all recognised schools even though they are included in the category of Minority schools. As was pointed out, there will be incompatibility with regard to Rules 1 and 29. Although the verbal alteration suggested by the Leader of the Opposition was negatived, it is not objectionable. My submission is that the rules as such cover only cases of Government and aided schools. They need not necessarily have the effect of putting one against the other. Where there are two rules which apply in a different degree with some sort of incongruity a harmonious construction should be made as far as possible and applied.

Then the point is regarding Mr. Kurup's suggestion. His point was rightly met from the other side. The Supreme Court has not said that it was ultra vires.

Shri P. T. Chacko: May I ask why the Supreme Court held section 20 as unconstitutional. As originally passed by this Legislature it was held to be unconstitutional by the Supreme Court. May I know on what reasons it was held to be unconstitutional.

Shri V. R. Krishna Iyer: The only point held by the Supreme Court was that Minority Schools should be free from the Education Act. But one judge was not in agreement with the others. As regards Anglo-Indian Schools we are not concerned. As regards other minority schools express provisions are in the Constitution. The Anglo-Indian Institutions are receiving excess aid due to them. Clauses 14 and 15 were held to offend Constitution. So clauses 14 and 15 were cut down. Clause 7 apply to aided schools. So there is no binding Regulation.

Shri P. T. Chacko: The Minister is now saying that the Supreme Court has not held Section 20 as unconstitutional. The section as passed by the Legislature at first was held by the Supreme Court to be unconstitutional because the section was this:

"No fees shall be payable by any pupil for any tuition in the primary class in any school."

Shri V. R. Krishna Iyer: What is sought to be done is not collection of fees by notification but only making Regulation for it. It does not militate against the rights.

Shri E. P. Poulose: I press the amendment.

The amendment was put and lost.

LIBRARY ARCHIVES Kerala Legislative Assembly

Shri T. A. Thomman : I move :

In Chapter XII add as Rule 30 the following :

"30. Nothing in this Chapter shall apply to Minority Schools."

മൈനോറിട്ടി സ്കൂൾ എന്താണെന്നു, എനിക്കു അറിയാൻ പാടില്ല; വിദ്യാഭ്യാസമന്ത്രിക്കും നിയമമന്ത്രിക്കും അറിയാൻ പാടില്ല. അങ്ങനെ മൈനോറിട്ടി സ്കൂളുകൾ എന്താണെന്നു ആർക്കും അറിയാൻ പാടില്ലാത്ത സ്ഥിതിയാണുള്ളത്. ഏതായാലും മൈനോറിട്ടി സ്കൂളുകൾ എന്നു ഗംഭീരമായ നിർവചനം കാണിച്ച് നിയമം പാസ്സാക്കി. അങ്ങനെ ഈ നിയമസഭ പാസ്സാക്കിയ ഒരു നിർവ്വചനത്തെ സംബന്ധിച്ച് ഈ നിയമസഭയിലുള്ള ആളുകൾക്ക് ആർക്കും തന്നെ ഒന്നും അറിയാൻ പാടില്ല. അതു വളരെ കഷ്ടമാണ്. അങ്ങനെ ഇരുട്ടിൽ കിടന്നു തപ്പുകയാണ്. വിദ്യാഭ്യാസമന്ത്രിയുടെ വാക്കിൽ പറഞ്ഞാൽ അങ്ങനെ കിടന്നു കളിക്കുകയാണ്. ഏതായാലും മൈനോറിട്ടി സ്കൂളുകളെ സംബന്ധിച്ചിടത്തോളം ചില നിയന്ത്രണങ്ങൾ പാടില്ലെന്നു സുപ്രീംകോടതിയുടെ വിധിയിൽ പറയുന്നുണ്ട്. മൈനോറിട്ടി സ്കൂളുകൾ എന്താണെന്നും അതിനെ എങ്ങനെയെല്ലാം നിയന്ത്രിക്കാമെന്നും ആർക്കും നിശ്ചയമില്ല. അതുകൊണ്ട് ഒരു പ്രിക്കാഷണറി നടപടിയായി എന്റെ ഭേദഗതി സ്വീകരിച്ചാൽ ഒരു കുഴപ്പവും വരികയില്ല. മൈനോറിട്ടി സ്കൂളുകളെ സംബന്ധിച്ചിടത്തോളം ഇതിലുള്ള യാതൊരു വകുപ്പുകളും ബന്ധിക്കുകയില്ലെന്നു വയ്ക്കുന്നതു നല്ലതാണ്. മൈനോറിട്ടി സ്കൂളുകളെപ്പറ്റി നമുക്കു ഒരു വിവരവും ഇല്ലാതിരിക്കുന്ന ചുറ്റുപാടിൽ ഇങ്ങനെയൊരു വ്യവസ്ഥ ചെയ്യാനേ നിവൃത്തിയുള്ളു. മൈനോറിട്ടി സ്കൂളുകൾക്കു ഫീസു പിരിക്കാൻ അവകാശമുണ്ടോ, അതിനെ റെഗുലേറ്റു ചെയ്യാൻ ഗവൺമെന്റിനവകാശമുണ്ടോ എന്നെല്ലാമുള്ള പ്രശ്നം അവശേഷിക്കുകയാണ്. എന്തായാലും കുറെ അനിശ്ചിതാവസ്ഥ ഉണ്ടായിരിക്കും. നാം നിയമം പാസ്സാക്കുന്നതു എല്ലാ കാര്യങ്ങളും വ്യക്തമാക്കാനാണ്. ഇവിടത്തെ ശ്രമം അതല്ല. എന്താണെന്നു മനസ്സിലാകാൻ പാടില്ലാത്ത നിലയിൽ നിയമം പാസ്സാക്കുകയാണ്.

ശ്രീ. പി. ടി. ചാക്കോ: ഞാൻ ഭേദഗതിയെ അനുകൂലിക്കുകയാണ്. എനിക്കു ഈ അവസരത്തിൽ ഒരു കാര്യം പ്രത്യേകമായി പറയാനുള്ളതു വിദ്യാഭ്യാസമന്ത്രിക്കു മൈനോറിട്ടി സ്കൂളുകൾ എന്താണെന്നു അറിയാൻ പാടില്ലെന്നു പറഞ്ഞതു വളരെ അന്യായമായിപ്പോയി എന്നാണ്. ആദ്യം നാം പാസ്സാക്കിയ വിദ്യാഭ്യാസബില്ലിൽ ഇതിനെ ബന്ധിക്കുന്ന മൂന്നു വകുപ്പുകൾ ഉണ്ട്. ന്യൂനപക്ഷങ്ങൾ നടത്തുന്ന വിദ്യാലയങ്ങൾക്കു ബാധകമല്ലാത്തതു ആ മൂന്നുവകുപ്പുകളിൽ ബാധകമാക്കി വയ്ക്കുന്നതുകൊണ്ടു അതു മൂന്നും ഭരണഘടനാവിരുദ്ധമാണെന്ന് സുപ്രീംകോടതി പറഞ്ഞു. സുപ്രീംകോടതി പറഞ്ഞതു എന്താണെന്ന് വിദ്യാഭ്യാസമന്ത്രിയും ഗവൺമെന്റും മനസ്സിലാക്കിയെന്ന് ആ മൂന്നു വകുപ്പുകൾക്കും ഭേദഗതികൾ വിദ്യാഭ്യാസമന്ത്രി നിർദ്ദേശിച്ചതിൽ നിന്നും കരുതാം. അങ്ങനെ ഭേദഗതി നിർദ്ദേശിച്ചപ്പോൾ 30-ാം ആർട്ടിക്കിളിൽ പെടുന്ന ന്യൂനപക്ഷങ്ങളുടെ വിദ്യാലയങ്ങൾക്കു ആ മൂന്നു വകുപ്പുകളും ബാധകമാകരുതെന്നു വിദ്യാഭ്യാസമന്ത്രി കരുതിയെന്നു വേണം വിചാരിക്കാൻ. ഇതെല്ലാം കഴിഞ്ഞു വിദ്യാഭ്യാസമന്ത്രി ഇന്നു പറയുകയാണ്: "മൈനോറിട്ടി സ്കൂളുകളോ, എനിക്ക് അറിയാൻ പാടില്ല എന്താണെന്ന്." മൈനോറിട്ടി സ്കൂളുകൾ എന്താണെന്നു എനിക്കറിയാം. പക്ഷെ, എന്റെ നിർവചനം അവർ സ്വീകരിക്കുകയില്ല. മൈനോറിട്ടി സ്കൂളുകൾ എന്താണെന്നു അറിഞ്ഞുകൂടാത്ത വിദ്യാഭ്യാസമന്ത്രിയാണു വളരെ ദൂരത്തു നിന്നു ഒരാളെ ഇവിടെ വരുത്തി എയ്ഡഡ് കൊടുക്കുന്ന സ്കൂളുകളൊന്നും മൈനോറിട്ടി സ്കൂളുകളാകുകയില്ലെന്നു സുപ്രീംകോർട്ടിൽ വാദിപ്പിച്ചതു. അദ്ദേഹം സുപ്രീംകോടതിയിൽ ക്രിസ്ത്യൻസും, മുസ്ലീംസും ന്യൂനപക്ഷങ്ങളാകുകയില്ലെന്നും വാദിച്ചു. മതപരമായി നോക്കുമ്പോൾ ക്രിസ്ത്യൻസും, മുസ്ലീംസും ന്യൂനപക്ഷങ്ങളാണെന്നു സുപ്രീം കോടതി പറഞ്ഞു. ഗവൺമെന്റ വാദിച്ചു, എയ്ഡഡ് സ്കൂളുകൾക്ക് ന്യൂനപക്ഷ വിദ്യാ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ടി. ചാക്കോ]

ലയങ്ങളുടെ അവകാശം കൊടുക്കാൻ പാടില്ലെന്നു്. എയിഡഡ് സ്കൂളുകളായാലും ശരി, ന്യൂനപക്ഷ വിദ്യാലയങ്ങളുടെ അവകാശങ്ങളെ സംബന്ധിച്ചിടത്തോളം സംരക്ഷണം നൽകണമെന്നും സുപ്രീം കോടതി തീരുമാനിച്ചു. അതിനു് വീണ്ടും ഉഗ്രമായി വാദിച്ചു, ഗവർമ്മെന്റിന്റെ ഓരോഭാഗത്തുമാണ് വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതു്, അങ്ങനെ വിദ്യാലയങ്ങൾ നടത്തുന്ന സ്ഥലം നോക്കിയാൽ ആ ഭാഗത്തുള്ള ഭൂരിപക്ഷം സമുദായം ഇവരായിരിക്കും, ആ നിലയ്ക്കു് ഇവർ ന്യൂനപക്ഷമാകുകയില്ലെന്നു്; ആ വാദവും സുപ്രീം കോടതി തിരസ്കരിച്ചു. ക്രിസ്ത്യൻസ്, മുസ്ലിംസ് ഈ രണ്ടു വിഭാഗക്കാര, മററുള്ളവരെപ്പററി അവർ ഒന്നും അവിടെ വാദിക്കാത്തതുകൊണ്ടു് പറഞ്ഞില്ല ന്യൂനപക്ഷ വിഭാഗക്കാർ ആരാണെന്നും അതുകൊണ്ടു് 30 (2)-ാം വകുപ്പിൽ പറയുന്ന സംരക്ഷണാവകാശം ഇവർക്കുണ്ടെന്നും സുപ്രീംകോടതി വ്യക്തമായി പറഞ്ഞു. അതു കേട്ടതിനുശേഷം, അതനുസരിച്ചുകൊണ്ടുതന്നെ ഈ നിയമസഭയിൽ വന്നു് അങ്ങനെയുള്ള വിദ്യാലയങ്ങൾ ആ വകുപ്പിന്റെ പ്രവർത്തനങ്ങളിൽനിന്നും ഒഴിവാക്കുന്ന വിധമുള്ള ഭേദഗതികൾ കൊണ്ടുവന്നു് പാസാക്കിയിരിക്കുന്നു. ഇന്നു പറയുന്നതു്, മൈനോറിട്ടി വിദ്യാലയങ്ങൾ എന്നു പറയുന്നതെന്താണെന്നു തനിക്കു് അറിയാൻ പാടില്ലെന്നാണു്. അതിനെപ്പററി ഞാൻ കൂടുതലൊന്നും പറയുന്നില്ല. ഏററവും മിതമായി പറഞ്ഞാൽ അതു് അദ്ദേഹം സ്വാഭാവികമായി എപ്പോഴും കാണിക്കുന്ന ധിക്കാരമാണു്. അദ്ദേഹത്തിനു അതു് അറിഞ്ഞുകൂടാഞ്ഞിട്ടല്ല. എങ്ങനെയെങ്കിലും ഈ രാജ്യത്തെ കുറെയാളുകളെയെങ്കിലും തെററിദ്ധരിപ്പിക്കണമെന്നുള്ള വിചാരവും, അല്ലെങ്കിലും പ്രൈവററ വിദ്യാലയങ്ങൾ നടത്തിയാൽ അതിനു് എന്തെല്ലാം തടസ്സമുണ്ടാക്കാമോ, അതുണ്ടാക്കണമെന്നുള്ള ഒരു നിർബ്ബന്ധബുദ്ധിയും, ദുശ്ശാഠ്യവും അദ്ദേഹത്തിനുണ്ടു്.

സർ, ഈ ബില്ലു് ഉണ്ടാക്കിയപ്പോൾപ്പോലും, ഒരു ഇരട്ടത്താപ്പുനയം വിദ്യാഭ്യാസമന്ത്രി കൈക്കൊള്ളുകയുണ്ടായി. അദ്ദേഹം ചങ്ങനാശ്ശേരി വരെ പായി ചിലരെക്കണ്ടു് നിങ്ങൾക്കനുകൂലമായിട്ടുള്ള വിധത്തിൽ ബില്ലുകൾ ഉണ്ടാക്കാമെന്നു പറഞ്ഞതായി എനിക്കറിയാം. അദ്ദേഹം ചിലയാളുകളോടു പറഞ്ഞു, വിദ്യാഭ്യാസ നിയമത്തിലെ 11-ാം വകുപ്പിലെ സംവരണം വേണ്ടെന്നു് വയ്ക്കാമെന്നും; അങ്ങനെ അദ്ദേഹം ഒരു കൂട്ടരോടു പറഞ്ഞതായി എനിക്കറിയാം. അവർ പറഞ്ഞു, സംവരണം വേണ്ടെന്നു് വയ്ക്കുകയല്ല, ഞങ്ങളുടെ ആവശ്യം, മററു ചിലതാണു് എന്നു്. മററു ചിലർ അദ്ദേഹത്തെ കണ്ടു് സംസാരിക്കുവാൻ ചെന്നപ്പോൾ, നിങ്ങളോടു സംസാരിക്കുവാൻ എനിക്കു അവസരമില്ലെന്നു പറഞ്ഞു. ഇത്തരത്തിലുള്ള ഒരു ഇരട്ടത്താപ്പുനയമാണു് ഇന്നു് വിദ്യാഭ്യാസമന്ത്രി കൈക്കൊണ്ടിരിക്കുന്നതു്. അതാണു് ഇവിടെ വന്നു് തനിക്കു് ന്യൂനപക്ഷ വിദ്യാലയങ്ങൾ എന്നു പറഞ്ഞാൽ എന്താണെന്നു അറിഞ്ഞുകൂടെന്നു പ്രസ്താവിക്കുകയാണു്. ആളുകളിൽ ചിന്താക്കുഴപ്പമുണ്ടാക്കുന്ന പ്രസ്താവനകളാണു് അദ്ദേഹം ചെയ്യുന്നതു്. ന്യൂനപക്ഷവിദ്യാലയങ്ങളെ എത്രമാത്രം ഞെരുക്കാമോ, അത്രയും ഞെരുക്കിയാണു ഈ വകുപ്പുകൾ ഉണ്ടാക്കിയിരിക്കുന്നതു്. 29-ാംമത്തെ ബില്ലും 1ാംമത്തെ ബില്ലും (12-ാം അദ്ധ്യായം) പരസ്പരം വിരുദ്ധമാണെന്നു ശ്രീ. തൊമ്മൻ ചൂണ്ടിക്കാണിച്ചു. അതിനു് നിയമമന്ത്രി പറഞ്ഞതു് രണ്ടു ബില്ലുകൾ പരസ്പര വിരുദ്ധങ്ങളാകുമ്പോൾ അതിലെ സ്പിരിട്ടു നോക്കി ഏതെങ്കിലും ഒന്നു് അംഗീകരിക്കണമെന്നാണു്. അതിനോടു ഞാൻ യോജിക്കുന്നു. എന്നാൽ ഫീസ് പിരിക്കുന്നതിനെപ്പററി അടിസ്ഥാനമായി അവലംബിക്കേണ്ടതു്, ഒന്നാമത്തെ ബില്ലാണോ, അതോ 29-ാമത്തെ ബില്ലാണോ? എന്നു നിശ്ചയിക്കേണ്ടതു് ആരാണു്? അതുപോലെതന്നെ അവകാശമില്ലാത്തതുണ്ടാക്കിവച്ചിട്ടുണ്ടു്. അതു് ഭരണഘടനാവിരുദ്ധമായാലും വേണ്ടില്ലാ, ഞെരുക്കാവുന്നിടത്തോളം ആളുകളെ ഞെരുക്കാമെന്നു വിചാരിച്ചു മുമ്പോട്ടുപോകുകയാണു്. വിദ്യാഭ്യാസ ആക്ടിന്റെ അടിസ്ഥാനത്തിൽ സമുദായങ്ങളെ ഭിന്നിപ്പിച്ചു് കലഹങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി വിദ്യാഭ്യാസ മന്ത്രി ചെയ്തിട്ടുള്ള പ്രസ്താവനകൾ ഈ രാജ്യത്തിനു വളരെയധികം കുഴപ്പങ്ങൾ ഉണ്ടാക്കിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

സാമുദായികമത്സരം ഈ രാജ്യത്തു് വർദ്ധിപ്പിച്ചു്, കലങ്ങിയ വെള്ളത്തിൽ മീൻ പിടിക്കുന്ന പരിശ്രമമാണു് ഈ റൂൾ ഉണ്ടാക്കിയപ്പോഴും ഗവണ്മെൻറു് ചെയ്തിരിക്കുന്നതു്.

സർ, അങ്ങേയ്ക്കറിയാം, വിദ്യാഭ്യാസകാര്യത്തെപ്പററി എന്തെങ്കിലും അറിയാവുന്ന ആരു് എഴുതിയാലും, എഴുതുകയില്ലാത്തതു് ഈ റൂളുകളിൽ എഴുതിക്കൊണ്ടുവന്നു. എന്നിട്ടു്, അതിനെല്ലാം ഉത്തരവാദിത്വം മററുള്ളവർക്കാണെന്നു് സ്ഥാപിക്കാൻ ശ്രമിച്ചു. അതിനിടയിൽ പ്രൈവററു് വിദ്യാലയങ്ങളെ ഞെരുക്കുന്നതിനുള്ള തന്ത്രങ്ങളെല്ലാം പ്രയോഗിച്ചു. ഈ ചാപ്ററർ വിദ്യാലയങ്ങളിലെ ഫീസ് പിരിവു് നിയന്ത്രിക്കുന്നതിനുവേണ്ടി മാത്രമുള്ളതാണ്. 20-ാമത്തെ സെക്ഷൻ ഭരണഘടനാവിരുദ്ധമാണെന്നു് പറയാതെ തരമില്ല. പ്രൈമറി സ്കൂളുകളിലും, ഫീസ് പിരിക്കേണ്ട എന്നു പറയാൻ ഗവണ്മെൻറിനു് അധികാരമില്ലെന്നു സുപ്രീംകോടതി പറഞ്ഞിട്ടുണ്ടു്. പ്രൈമറി സ്കൂളുകളിൽ ഫീസ് പിരിക്കരുതെന്നു വച്ചിട്ടുണ്ടു്. പ്രൈമറി സ്കൂളുകളിൽ മാത്രമല്ലാ, സെക്കണ്ടറി സ്കൂളുകളിൽപോലും, ഫീസ് വസൂലരുതെന്നുള്ളതു് സ്റ്റേററിന്റെ നയമാണു്. എങ്കിലും, ന്യൂനപക്ഷങ്ങളുടെ വകയായുള്ള പ്രൈമറി സ്കൂളുകളിൽ ഫീസ് പിരിക്കരുതെന്നു പറയാൻ പാടില്ലെന്നു സുപ്രീംകോടതി പറഞ്ഞു. അങ്ങനെ പറഞ്ഞതിനെ മനസ്സിൽ വച്ചുകൊണ്ടു് ഇന്നു് അങ്ങനെയുള്ള വിദ്യാലയങ്ങളെ സംബന്ധിച്ചും ഫീസ് പിരിക്കുന്നതിനെ സംബന്ധിച്ചും, ഈ റൂളിൽ നിയന്ത്രണം വച്ചിരിക്കുകയാണു്. ഇതിന്റെ എല്ലാം ആകെക്കൂടിയുള്ള അർത്ഥം ഈ രാജ്യത്തു് പ്രൈവററു് വിദ്യാലയങ്ങൾ ആവശ്യം നടത്തരുതെന്നാണു്. വിദ്യാഭ്യാസ നിയമത്തിന്റെ ചർച്ചാവേളയിൽ ബഹുമാനപ്പെട്ടമന്ത്രി ഒന്നു രണ്ടു തവണ പറഞ്ഞു, പബ്ലിക്കു് സ്കൂളിന്റെ മാതൃകയിൽ വിദ്യാലയങ്ങൾ നടത്താമെന്നു്. റിക്കഗ്നൈസ്ഡു് സ്കൂളിന്റെ കാര്യത്തിൽ നിയന്ത്രണം ഉൾപ്പെടുത്തിയാൽ പബ്ലിക്കു് സ്കൂളിന്റെ മാതൃകയിൽ നടത്താൻ കഴിയുമോ എന്നു ബഹുമാനപ്പെട്ട മന്ത്രി ഗൗരവപൂർവ്വം ആലോചിക്കണം. അങ്ങനെയുള്ള വിദ്യാലയങ്ങൾ ഈ രാജ്യത്തുണ്ടാകുന്നതു് നല്ലതാണു്. അതു് യാതൊരു ദ്രോഷ്യവും ചെയ്യുന്നതല്ലാ, മറിച്ചു് നല്ല പ്രയോജനം ഉണ്ടാകുന്ന കാര്യവുമാണു്. ശ്രീമതി കുസുമം ജോസഫു് ചൂണ്ടിക്കാണിച്ചതുപോലെ, പ്രൈമറി വിദ്യാലയങ്ങൾ റിക്കഗ്നൈസ്ഡു് വിദ്യാലയങ്ങളായിട്ടു് നടത്താൻ ഈ റൂളനുസരിച്ചു് സാദ്ധ്യമല്ലെന്നുള്ളതു് ഒരു പരമാർത്ഥമാണു്. ഒരു ക്ലാസിൽ നിന്നു് അഞ്ചുയററം 80 രൂപാ ഫീസ് പിരിക്കാം. ആ ക്ലാസ്സിൽ കുറഞ്ഞതു് 1[illegible]0 രൂപാ ശമ്പളം കൊടുത്തു് ഒരധ്യാപകനെ വയ്ക്കുകയും കൂടാതെ, വിദ്യാലയത്തിന്റെ മെയിൻറനൻസ് നടത്തുക തുടങ്ങിയ കാര്യങ്ങൾ നടത്തിക്കൊണ്ടുപോകുകയും ചെയ്യണം. ഇതു സാദ്ധ്യമാണോ? അപ്പോൾ, റക്കഗ്നൈസ്ഡു് സ്കൂളുകളായിട്ടു് പ്രൈവററു് സ്കൂൾ പോകരുതെന്നാണു് ഉദ്ദേശം. അതു തെററാണെന്നു ഞാൻ പറയുന്നു. പക്ഷേ, ഇനി അതു് പറഞ്ഞിട്ടു പ്രയോജനമില്ല. അതു ന്യൂനപക്ഷങ്ങൾക്കു് ബാധകമാകരുതു്, ബാധകമാക്കിയാൽ ഭരണഘടനാവിരുദ്ധമാണു് അതു്. അങ്ങനെ ചെയ്താൽ നടപ്പിൽ വരുത്തുവാൻ സാദ്ധ്യമല്ലാതെ വരും. "Schools of their own choice" എന്നാണു് ഭരണഘടനയിലെ വാക്കുകൾ. ഈ കാര്യത്തെപ്പററി ഗൗരവപൂർവ്വം ചിന്തിച്ചു് വിദ്യാഭ്യാസരംഗത്തു് കൊണ്ടുവരുന്ന പരിഷ്കാരങ്ങൾ ജനങ്ങൾക്കു് പ്രയോജനകരമായിരിക്കണമെന്നും ഇതെല്ലാം രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി ആയിരിക്കരുതെന്നും ബഹുമാനപ്പെട്ട മന്ത്രി പരിഗണിക്കണമെന്നും, ആ പരിഗണനയുടെ വെളിച്ചത്തിൽ ഈ ചാപ്ററർ മൈനോറിട്ടി വിദ്യാലയങ്ങൾക്കു് ബാധകമല്ലാതാക്കിത്തീർക്കണമെന്നും ഞാൻ ആവശ്യപ്പെടുകയാണു്. സർ, ഞാൻ ശ്രീ. തൊമ്മന്റെ ഭേദഗതിയെ പിൻതാങ്ങുന്നു.

Shri E. P. Poulose: Doubts were expressed as to how far...

Chairman: Where is the member reading from?

Shri E. P. Poulose: I am reading from page 26 of the Opinion of the Supreme Court of India on the Kerala Education Bill.

LIBRARY ARCHIVES Kerala Legislative Assembly

[Shri E. P. Poulose]

"We are prepared to accept the provisions of sub-clauses 2, 4 to 9 of cl. 7 and the provisions of cl. 10 as permissibl regulations but it is difficult to treat cl. 20 as merely regulatory. That clause peremptorily requires that no fees should be charged for tuition in the primary classes. There is no dispute that the number of pupils in the primary classes is more than that in the other classes. The 1955-56 figures of school-going children, as to which there is no dispute, show that of the age group of 6 to 11 per cent of boys attend classes, while 91 per cent of girls of that age group do the same. There is a drop in attendance when we come to age group 11 to 14. In that age group 36·2 per cent of boys and 29 per cent of girls go to schools. It is clear, therefore, that although the rate of fees charged in primary classes is lower than those charged in higher classes, the total amount collected from scholars attending primary classes is quite considerable and forms an appreciable part of the total income of the school. If this Bill becomes law, all these schools will have to forego this fruitful source of income. There is, however, no provision for counterbalancing the loss of fees which will be brought about by clause 20 when it comes into force. There is no provision such as there is in cl. 9 which applies to aided schools only, that the State should make good that loss. Therefore, the imposition of such restriction against the collection of fees from any pupil in the primary classes as a condition for recognition will in effect make it impossible for an educational institution established by a minority community being carried on. it is true that cl. 36(2)(c) empowers the Government to make rules providing for the grant of recognition to private schools and we are asked to suspend our opinion until the said Bill comes into force and rules are actually made. But no rule to be framed under cl. 36(2)(c) can nullify the constitutional infirmity of cl. 3(5) read with cl. 20 which is calculated to infringe the fundamental rights of minority communities in respect of recognised schools to be established after the commencement of the said Bill."

So the Supreme Court held that the imposing of such restrictions as a violation of the Constitutional rights of minorities.

It was also argued before the Supreme Court that at the stage of framing rules all these points would be considered and Government will make suitable adjustments to safeguard the rights of minorities. Then, with regard to this, the Supreme Court said:

"It is true that cl. 36(2)(c) empowers the Government to make rules providing for the grant of recognition to private schools and we are asked to suspend our opinion until the said Bill comes into force and rules are actually made. But no rule to be framed under cl. 36(2)(c) can nullify the constitutional infirmity of cl. 3(5) read with cl. 20 which is calculated to infringe the fundamental rights of minority communities in respect of recognised schools to be established after the commencement of the said Bill."

LIBRARY ARCHIVES Kerala Legislative Assembly

So even mere restrictions will also be violating the fundamental rights of minority communities, defined in the Constitution. This rule must therefore go.

As Mr. Kurup pointed out, in the rule-making powers, sub-clause (e) authorises Government to make rules for purposes of regulating collection of fees in recognised schools. I respectfully submit that even that clause will certainly be against Art. 30 of the Constitution, and as such I oppose that also.

Shri V. R. Krishna Iyer: Sir, the Education Minister will be speaking regarding what he thinks about minority schools, whether they are schools conducted by the minority communities, how far they are contributing for the benefit of minorities and all that.

I wish to mention only just one or two things from the Supreme Court judgment, having reference to Art. 30 dealing with minority schools. It is not quite fair on the part of the Leader of the Opposition to accuse one if he is totally ignorant of what is a 'minority institution'. What is really meant is, there are certain concepts in law which are capable of different interpretations and often times have been interpreted differently, so that one cannot be dogmatic, specific or positive that this is a minority school or this is not a minority school. There is some fluidity about the whole thing. I do not know whether more should be read into that statement.

Now, with regard to minorities and minority schools, about which there has been a lot of controversy, the Supreme Court says:

> "As soon as we reach Art. 30 (1) learned counsel for the State of Kerala at once poses the question: what is a minority?......

Shri E. P. Poulose: Where is that dealt with?

Shri V. R. Krishna Iyer: I am sorry I cannot give the paragraph number, as paragraphs have not been numbered in this printed copy of the judgment; unfortunately it does not contain paragraph numbers. I am reading from page 16 of the printed judgment.

> "As soon as we reach Art. 30(1) learned counsel for Kerala at once poses the question: what is a minority? That is a term which is not defined in the Constitution It is easy to say that a minority community means a community which is numerically less than 50 per cent, but then the question is not fully answered, for part of the question has yet to be answered, namely, 50 per cent of what? Is it 0 per cent of the entire population of India or 50 per cent of the population of a State forming a part of the Union? The position taken up by the State of Kerala in its statement of case filed herein is as follows."

After citing from the statement of case, the Learned Judges proceed:

LIBRARY ARCHIVES Kerala Legislative Assembly

[Shri V. R. Krishna Iyer]

"The State of Kerala, therefore contends that in order to constitute a minority which may claim the fundamental rights guaranteed to minorities by Arts. 29 (1) and 30 (1) persons must numerically be a minority in the particular region in which the educational institution in question is or is intended to be situate. A little reflection will at once show that this is not a satisfactory test. Where is the line to be drawn and which is the unit which will have to be taken? Are we to take as our unit a district, or a sub division or a taluk or a town or its suburbs or a municipality or its wards? It is well known that in many towns persons belonging to a particular community flock together in a suburb of the town or a ward of the municipality," etc.

And ultimately, they say:

"The illustrations given above will apply to that case also. Further such a construction will necessitate the addition of the words "within their jurisdiction" after the words "minority groups."

* * * *

They said that, because the arguments took them to various conceptions, and they themselves did not come to know of any stipulations defining what is a 'minority'. So they said:

> "We need not, however, on this occasion go further into the matter and enter upon a discussion and expres a final opinion as to whether education being a State subject being item 11 of List II of the Seventh Schedule to the Constitution subject only to the provisions of entries 62, 63, 64 and 66 of List I and entry 25 of List III, the existence of a minority community should in all circumstances and for purposes of all laws of that State be determined on the basis of the population of the whole State or whether it should be determined on the State basis only when the validity of a law extending to the whole State is in question or whether it should be determined on the basis of the population of a particular locality when the law under attack applies only to that locality, for the Bill before us extends to the whole of the State of Kerala and consequently the minority must be determined by reference to the entire population of that State. By this test Christians, Muslims and Anglo-Indians will certainly be minorities in the State of Kerala.
>
> * * * *
>
> The Anglo-Indians in the State of Travancore-Cochin before the reorganisation of the States numbered only 11,990 according to the 1951 Census. We may also emphasise that question 2 itself proceeds on the footing that there are minorities in Kerala who are entitled to the rights conferred by Art. 30 (1) and strictly speaking, for answering question 2 we need not enquire as to what a minority community means or how it is to be ascertained."

LIBRARY ARCHIVES Kerala Legislative Assembly

Sir, the last sentence itself indicates that there is that essential element of indefiniteness in their concept. So when the Education Minister said "I do not know" in reply to the question: "What is minority institution", he was explaining things in a philosophical way, because that is a concept which could be changed from judge to judge, and one cannot be specific about it, truly speaking.

Shri P. T. Chacko: When he has brought in an amendment to the Act using the word 'minority schools' he is definite about those words 'minority schools'. It may be possible for the Law Minister to argue that that word is a very elastic word. But even if that word is elastic, the Minister for Education had some concept when he brought in the amendment. Now, he disowns that. He does not say, 'I maintain such and such a school is a minority school.' That is not what he says. He had a concept about it when he brought that amendment. Now he says 'I do not know' what a minority school is. It is rather ridiculous and foolish.

Shri V. R. Krishna Iyer: I do not know what is 'foolish' in that. I do not want to go into that part of the polemics also. Even the Supreme Court did not want to pronounce definitely on that; after hearing the various arguments put forward before them, they did not want to put any definiteness on that. They said: "Strictly speaking, for answering question 2, we need not enquire as to what minority community means or how it is to be ascertained." They say, 'We do not feel called upon to say it is a minority community.' That is the point.

Shri P. T. Chacko: The difference is this. It may be difficult to define a man; but I can surely say that Krishna Iyer is a man. Just like that the Supreme Court has not defined it; but they have clearly stated that by these tests, Christians, Muslims and Anglo Indians would certainly be minorities—whatever be the definition of 'minorities' these communities are definitely and certainly minorities.

Shri V. R. Krishna Iyer: I would have been very happy if they had stated atleast that. But here what the Judges have stated is this:

"By this test Christians, Muslims and Anglo Indians will certainly be minorities in the State of Kerala. It is admitted that out of the total population of 1,42,04 000 in Kerala there are only 34,00,000 Christians and 25 00,000 Muslims. The Anglo Indians in the State of Travancore-Cochin before the reorganisation of the States numbered only 11,990 according to the 1951 Census. We may also emphasise that question 2 itself proceeds on the footing that there are minorities in Kerala who are entitled to the rights conferred by Art. 30 (1), *and strictly speaking, for answering question 2, we need not enquire as to what a minority community means or how it is to be ascertained.*"

2/675/V.

LIBRARY ARCHIVES Kerala Legislative Assembly

[Shri V. R. Krishna Iyer]

Then the entire effect of what has gone ahead is whittled down by that last sentence. I do not want to carry coal to Newcastle. It is a case where long discussions had gone on and certain opinions were expressed and ultimately the Judges said: "We are not called upon to express a definite opinion". It means *obiter dictum*, and 'obiter' according to Alexander Byril does not even bind the author.

Shri P. T. Chacko : Later, the Supreme Court says: "We have already determined, according to the test referred to above, that the Anglo Indians, Christians and Muslims are minority communities in the State of Kerala". "We have determined" —those are the words used. Then where is the *obiter dicta*?

Shri V. R. Krishna Iyer : I do not want to carry out a forensic discussion here. There are indications definitely in that judgment that their Lordships did not want to define as to what a 'minority community' is. To define what is a 'minority institution' is still more difficult. All minorities shall have a right to establish and administer educational institutions of their own choice. So, the Supreme Court has given 3 categories in a pragmatic way without saying "what are institutions of their choice established by minorities" and that is why 'minority institutions' are not yet judicially defined. As a whole, their Lordships of the Supreme Court have given us some rough classifications; even that they have not definitely stated; they stated: "minority institutions which have aid; then minority institutions which receive no aid but which are recognised and thirdly, minority institutions which are not aided or recognised at all." So, there are three categories. This is what is stated in that judgment:

"The educational institutions established or administered by the minorities or to be so established or administered by them in exercise of the rights conferred by that article may be classified into three categories, viz.,

(1) those which do not seek either aid or recognition from the State,

(2) those which want aid, and

(3) those which want only recognition but not aid.

Out of these 3 categories, the first category comes outside the purview of the Act. The other two categories were dealt with by their Lordships as coming within the purview of the Act.

Now let us examine what the compulsion referred to is, whether in regard to the collection of fees the Supreme Court has expressed itself very specifically or not. I am bringing to the notice of the Members belonging to the legal profession in this House what exactly they have pronounced upon the actual provision. The Judges said:

LIBRARY ARCHIVES Kerala Legislative Assembly

"By clause 19 the following clauses, namely, 7 (except sub-clauses 1 and 3 which apply only to aided schools), 10 and 20 were made applicable to recognised schools. We are prepared to accept the provisions of sub clauses 2, 4-9 of clause 7 and the provisions of clause 10 as permissible regulations but it is difficult to treat clause 20 as merely regulatory. That clause peremptorily requires that no fees should be charged for tuition in the primary classes."

This is the passage which was read by Shri Poulose. So, what the Judges said was that it was difficult to treat clause 20 as merely regulatory; *that clause peremptorily requires that no fees should be charged for tuition in the primary classes.*

"There is no dispute that the number of pupils in the primary classes is more than that in the other classes", etc.

So, with reference to the total prohibition, the clause which lays down that no fee shall be collected—it is without restriction. But here, what is happening is not a total ban on the collection of fees. The Education Rules now being framed fix fairly high figures for fees. The Supreme Court itself says:

> "According to the decisions of this Court referred to above, in judging the validity of any law, regard must be had to its real intendment and effect on the rights of the aggrieved parties, rather than to its form".

With that view they say that Section 20 which puts a total ban, a complete and absolute ban on collection of fees, as a ban it should be agreeable with the financial stamina of minorities to run schools. What is the effect on the rights of minorities under the present rule? The present rule fixes high figures and there is also an amendment that with the permission of the Director, they can increase the figures. So, it is not a total ban; it is regulatory in the sense that much more amounts are allowed to be collected even now. Therefore, the regulation in rules is different from the ban mentioned in the Supreme Court Judgment. I, therefore, think that these rules will stand their test in the courts of the land.

Shri A. Thanu Pillai: Is there any objection to exclude the minority schools from the operation of the rules in this Chapter? A minority school is a school which is allowed to run in its own way, to give instruction on its own lines. If such a school asks for aid from the Government under the Constitution, will it be right in refusing grant? Is it right to show discrimination? In the case of schools which receive aid from Government what the Law Minister stated will be correct. A minority which wants to run a school of its own to impart instruction in the way which it considers necessary, should have the right to collect fees, to maintain the prescribed standard over which the Government may have some control. Apart from all that if they did not seek aid; should we impose such restrictions in the collection of fees? Suppose a school is being

LIBRARY ARCHIVES Kerala Legislative Assembly
LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

[Shri A. Thanu Pillai]

run in such a way that the fee collection will be at a higher rate, but at the same time there are members in the community who are prepared to pay, because they want to teach their students in their own way, my question is should not these schools be exempted from the operation of the rules in this Chapter?

Mr. Thomman's amendment, as it stands now is: "Nothing in this Chapter shall apply to minority schools". If it is agreeable to Mr. Thomman and the Government it may be changed like this: "Nothing in this Chapter shall apply any school which do not receive aid from the Government". Then there may not be any practical difficulty. At the same time what the Government wants will also be there.

Shri V. R. Krishna Iyer: That is not so much a matter of law. According to the Supreme Court decision, it is impossible for any legislation to regulate the collection of fees by minority schools where no aid is given by the Government. Why do you want to fetter the law? So far as the law or Constitution is concerned it permits such regulation, a total ban on the collection of fees. If you are having a reasonable figure by which you are able to carry on and the effect of such a regulation is not to deny the right it is alright. It is constitutionally permissible; but you are still to have such a power. It is not a question of law or policy. I see no great harm in accepting that suggestion. The Education Minister may consider the question and if it is acceptable to him, of course the other question falls to ground. It is a matter to be considered and it may be held over for a time.

[Shri K. M. George in the Chair]

Shri A. Thanu Pillai: Not to raise the question of legality. They want to spend money. All the members of a particular community are willing to send their children to that particular school. It is only a particular class that desires so.

Shri V. R. Krishna Iyer: *Prima facie* it looks acceptable when they are not receiving any grant. Of course it may be held over.

Shri A. Thanu Pillai: "Schools that do not receive any aid"; that is Mr. Thomman's amendment. I think that is acceptable with the modification I suggested.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ബഹുമാനപ്പെട്ട തിരുവനന്തപുരം മെമ്പർ അഭിപ്രായപ്പെട്ടമാതിരി ഭേദഗതി ചെയ്തു ഈ അമെൻഡ്മെൻറ് സ്വീകരിക്കാമോ എന്നു പരിശോധിക്കാം. ഇവിടെ അതൊന്നുമല്ല പറയുന്നത്. ഇവിടെ ഒരു യാജ്ഞവൽക്യൻ പറയുകയുണ്ടായി ഈ വിദ്യാഭ്യാസമന്ത്രി ഒന്നും അറിയാൻ പാടില്ലാത്ത ഒരു കോന്താഴത്തുകാരനാണ്. മൈനോറിറ്റി സ്കൂളുകൾ......

ശ്രീ. പി. ടി. ചാക്കോ: മൈനോറിറ്റി സ്കൂളുകളെ സംബന്ധിച്ചിടത്തോളം പറഞ്ഞിരിക്കുന്ന.......

ശ്രീ. മാവേലത്തു ഗോപിനാഥപിള്ള: സർ, ഒരു പായിൻറ ആഫ് ഓർഡർ. ആരോ ഒരു യാജ്ഞവല്ക്യൻ കോത്താഴത്തുനിന്നും വന്നിട്ടുണ്ടെന്നു പറഞ്ഞു. ഈ കോത്താഴം എവിടെയാണ്, കോത്താഴത്തുകാരൻ എന്ന വാക്കിൻെറ അർത്ഥം എന്താണ് എന്ന് പറഞ്ഞാൽ കൊള്ളാം.

ചെയർമാൻ: അതു പായിൻറ ആഫ് ഓർഡർ ഒന്നുമല്ല. വിദ്യാഭ്യാസമന്ത്രി സംസാരിക്കുമ്പോൾ മനസ്സിലാകും.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഈ ന്യൂനപക്ഷ സ്കൂളുകളെ സംബന്ധിച്ച് എനിക്ക് യാതൊരു അറിവുമില്ല, എന്ന് ഇവിടെ പറഞ്ഞു. ആ പറഞ്ഞ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ നിയമം ഇവിടെ ഹാജരാക്കിയ സമയത്തു പറഞ്ഞിട്ടുള്ള സംഗതികൾക്ക് വിരുദ്ധമാണ് ഇങ്ങനെ പറയുന്നതു് എന്ന് നമ്മുടെ ബഹുമാന്യനായ പ്രതിപക്ഷനേതാവ് മനസ്സിലാക്കേണ്ടതാണ്.

ശ്രീ. പി. ടി. ചാക്കോ: പ്രതിപക്ഷനേതാവാണ്, യാജ്ഞവല്ക്യനല്ല.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഒരാൾക്ക് യാജ്ഞവല്ക്യൻ എന്നു കൂടി ചേർത്തു പറയുന്ന ഘട്ടമേയുള്ളു. അതേപ്പററി അദ്ദേഹം വീണ്ടും വീണ്ടും ചോദിച്ചപ്പോൾ പറഞ്ഞതു് ഇവിടെ എനിക്ക് പറയാനുള്ളതു് ആ സംബന്ധിച്ചുള്ള ഡയറക്ഷനിൽ അടങ്ങിയിട്ടുണ്ടെന്നാണ്. അതായതു് 30-(1) ആർട്ടിക്കിളിനു വിധേയമായി സ്ഥാപിക്കപ്പെടുന്ന സ്കൂളുകൾ ഏതാണോ അതാണ് മൈനാറിററി സ്കൂളുകൾ എന്ന് നിർവ്വചിച്ചിട്ടുണ്ട്. അതുകൊണ്ട് ആ വിഷയത്തെക്കുറിച്ച് എനിക്ക് പറയാൻ കഴികയില്ല എന്നു പറഞ്ഞു. അദ്ദേഹത്തിനു വേണ്ടതു് അദ്ദേഹം വിഭാവനം ചെയ്ത തരത്തിലുള്ള സ്കൂളുകളാണ് മൈനാറിററി സ്കൂളുകളെന്നു സമ്മതിക്കണമെന്നാണ്. അതാണു വിഷമം. ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി സുപ്രീംകോടതിയുടെ അഭിപ്രായങ്ങളെക്കുറിച്ച് ഇവിടെ പ്രസ്താവിച്ചു. ആ പറഞ്ഞ കാര്യങ്ങളിലേയ്ക്ക് ഇനി ഞാൻ കടക്കേണ്ടിവരികയില്ല. മൈനാറിററി സ്കൂളുകളെ സംബന്ധിച്ചിടത്തോളം കാൺസ്റ്റിററ്യൂഷനിൽ പറഞ്ഞിട്ടുള്ള സംഗതികൾ എന്താണ്. മൈനാറിററി വിഭാഗത്തിൽപ്പെട്ടവർക്ക് അവരുടെ താല്പര്യമനുസരിച്ചു സ്കൂളുകൾ അല്ലെങ്കിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാൻ ഉള്ള അവകാശം ഉണ്ടായിരിക്കുന്നതാണ് എന്നാണ് കാൺസ്റ്റിററ്യൂഷനിൽ പറഞ്ഞിരിക്കുന്നതു്. ഈ സ്കൂളുകളെ പ്രത്യേകരീതിയിൽ എടുത്തുകൊണ്ടാണ് കഴിഞ്ഞതവണ ഈ നിയമം ഹാജരാക്കിയിരിക്കുന്നതു്. ഈ 30-(1)-ൽ പറഞ്ഞിരിക്കുന്ന പാസററീവ് റൈററിനെപ്പററിയാണ്. അതിനെ നെഗററീവ് ചെയ്യുന്ന ഏതെങ്കിലും വ്യവസ്ഥ ഈ ബില്ലിൽ ഉണ്ടെങ്കിൽ അതില്ലാതാക്കിയിട്ടാണ് സുപ്രീംകോടതി ഉന്നയിച്ച വാദം. അതിനു ബഹുമാനപ്പെട്ട സുപ്രീംകോടതി ഏതോ ഒരു പ്രൊവിഷൻ എടുത്തുകാണിച്ചു. അതുസംബന്ധിച്ച് ഉള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന ക്ലാസ് ഈ മൈനാറിററി സ്കൂളുകളെ സംബന്ധിച്ചിടത്തോളം ബാധകമാകുന്നതാണെന്നു വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതുപോലെ എയിഡ് വാങ്ങിക്കാത്ത സ്കൂളുകളെ സംബന്ധിച്ചിടത്തോളം ഫീസ് ഒട്ടും പിരിക്കാൻ പാടില്ലായെന്നും അതിൽ പറഞ്ഞിട്ടുണ്ട്. ഇത്രേ പറഞ്ഞിട്ടുള്ളു. ന്യൂനപക്ഷങ്ങളുടെ സാംസ്കാരികതാല്പര്യങ്ങൾക്കുവേണ്ടി, ധാർമ്മിക താല്പര്യങ്ങൾക്കുവേണ്ടി പ്രത്യേക രീതിയിൽ നടത്തുന്ന സ്കൂളുകൾ ഏതു വിഭാഗമാണ് ഏർപ്പെടുത്തുന്നതെങ്കിൽ തന്നെയും അവ നിഷ്കൃഷ്ടമായിട്ടുള്ള രീതിയിൽ ന്യൂനപക്ഷ വിദ്യാലയങ്ങൾ ആയിരിക്കുമെന്നാണ്. അതായതു സുപ്രീംകോടതി മാത്രമല്ല, ഇതു ലോകത്തിൽ പല രാജ്യങ്ങളിലും അംഗീകരിക്കപ്പെട്ട ചില തത്വങ്ങൾ അടിസ്ഥാനപ്പെടുത്തിയുള്ള നിർവ്വചനമാണ്. അത്തരം സ്കൂളുകളാണോ മൈനാറിററി സ്കൂളുകൾ എന്ന് ഇവിടെ എൻെറ സ്നേഹിതൻ പ്രതിപക്ഷനേതാവ് വാദിക്കുന്നതു കേട്ടു. ഇന്ന് ന്യൂനപക്ഷസമുദായങ്ങളിൽ ആരെങ്കിലും നടത്തുന്ന വിദ്യാലയങ്ങൾ ഉണ്ടോ, അതെല്ലാം ന്യൂനപക്ഷവിദ്യാലയങ്ങൾ ആയി പരിഗണിക്കണം എന്നാണ് അദ്ദേഹത്തിൻെറ വാദം. അങ്ങനെയാണെങ്കിൽ ഭൂരിപക്ഷസമുദായങ്ങളുടെ കീഴിലുള്ള സ്കൂളുകളുടെ ഉടമസ്ഥാവകാശമോ, മാനേജ്മെൻേറാ ഒരു ക്രിസ്ത്യാനിക്കോ, മുസ്ലീമിനോ വിട്ടുകൊടുത്താൽ പിറേറദിവസം തൊട്ടു ആ സ്കൂൾ മൈനാറിററി സ്കൂളായിട്ട് പരിഗണിക്കാമെന്നാണ് പറയുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. രാജഗോപാലൻ നായർ: ന്യൂനപക്ഷ സമുദായങ്ങൾ എന്ന് ഗവണ്മെന്റ് അംഗീകരിച്ചിട്ടുള്ള സമുദായങ്ങൾ നടത്തുന്ന സ്കൂളുകൾ മൈനോറിററി സ്കൂളുകളായി പരിഗണിക്കപ്പെടുമോ?

ശ്രീ. പി. ടി. ചാക്കോ: ഇതു് മതത്തിന്റെ അടിസ്ഥാനത്തിലാണെന്ന് ഭരണഘടനയിൽ പറഞ്ഞിട്ടുണ്ട്. അതുംകൂടി ഒന്നു വായിച്ചുനോക്കണം.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ശ്രീ. രാജഗോപാലൻ നായരുടെ അഭിപ്രായം ആലോചനാവിഷയമാകുന്നതാണ്.

ഏതായാലും ഈ രാജ്യത്തെ ക്രിസ്ത്യാനികളും മുസ്ലീങ്ങളും മൈനോറിററികളുടെ കൂട്ടത്തിൽപെടുമോ, അവർ മൈനോറിററികളാണോ എന്നുള്ളതു സുപ്രീംകോടതിയുടെ ആലോചനയ്ക്കുവച്ച് അഭിപ്രായം ഉന്നയിച്ചിട്ട് അതു സംബന്ധിച്ച് വല്ല തർക്കങ്ങളും ഉണ്ടെങ്കിൽ അതെല്ലാം തീരുമാനിച്ച് ന്യൂനപക്ഷങ്ങളാണെന്നു തീരുമാനിക്കുകയാണെങ്കിൽ ആയിക്കൊള്ളട്ടെ. ന്യൂനപക്ഷസമുദായത്തിലെ ഏതെങ്കിലും ഒരു വ്യക്തിക്ക് ഇന്നു ഏതെങ്കിലും സമുദായത്തിൽപ്പെട്ടവർ ഏതെങ്കിലും സ്കൂളുകളുടെ ഉടമസ്ഥാവകാശമോ, മാനേജ്മെൻറോ കൊടുക്കുകയാണെങ്കിൽ പിറേറദിവസംമുതൽ ആ വ്യക്തി സ്കൂൾ നടത്തുകയാണെങ്കിൽ ആ സ്ഥാപനം, ന്യൂനപക്ഷസമുദായത്തിന്റെ സ്ഥാപനമാണെന്നു പറയാമോ?

ശ്രീ. പി. ടി. ചാക്കോ: നമ്മുടെ എഡ്യൂക്കേഷൻ ആക്ടിന്റെ പതിനാലാമത്തേയും പതിനഞ്ചാമത്തേയും വകുപ്പ് ഈ നിയമസഭയുടെ മുമ്പാകെ കൊണ്ടുവന്നപ്പോൾ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി അതിൽ പതിനാലാം വകുപ്പിന്റെ അവസാനം "Nothing in this Section shall apply to minority schools".

അതുപോലെ പതിനഞ്ചാം വകുപ്പിലും "Nothing in this Section shall apply to minority schools".

എഴുതി ചേർക്കുന്നതിനുള്ള ഭേദഗതിയോടുകൂടിയാണ് കൊണ്ടുവന്നതു്. അങ്ങനെ വിദ്യാഭ്യാസമന്ത്രി "Nothing in this Section shall apply to minority schools". എന്നെഴുതിയപ്പോൾ സ്കൂളുകളെ അതു ബാധിക്കയില്ല എന്ന ഒരു അഭിപ്രായം ഉണ്ടായിരുന്നില്ലേ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അതു നേരത്തെ പറഞ്ഞിട്ടാണ് മൈനോറിററിസ്കൂളുകളെന്നു പറഞ്ഞാൽ എന്താണെന്ന് അതേപ്പററി ഡിഫൈൻ ചെയ്തതു്. ആ ഡെഫനിഷൻ സാററിസ്ഫൈ ചെയ്യുന്ന സ്കൂളുകൾക്ക് ഇതു ബാധകമല്ല എന്നു പറഞ്ഞു.

ശ്രീ. പി. ടി. ചാക്കോ: ഇന്നലെ അങ്ങനെയാണോ പറഞ്ഞതു്?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അങ്ങനെയാണ് പറഞ്ഞതു്.

ശ്രീ. പി. ടി. ചാക്കോ: ഡെഫനിഷനിലെ പറഞ്ഞിട്ടുള്ളൂ. ഇങ്ങനെ ന്യായത്തിനു പകരം ധിക്കാരംകൊണ്ടു മറുപടി പറഞ്ഞ് കാര്യം സാധിക്കാമെന്നു വിചാരിക്കുന്നതു് ശരിയല്ല.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ധിക്കാരം നമുക്കു കുത്തകയല്ല. ധിക്കാരപരമായ വാദങ്ങൾകൊണ്ട് തർക്കമുണ്ടാക്കി തീർത്തതിന്റെ ഫലമാണ് ഇങ്ങനെ പറയേണ്ടിവന്നതു്.

ഞാൻ പറഞ്ഞുവന്നതു് ഈ ന്യൂനപക്ഷവിദ്യാലയങ്ങളെ സംബന്ധിച്ചിടത്തോളം ഈ 30 (1) ആർട്ടിക്കിളിൽ നിർവ്വചിച്ചിട്ടുള്ള വിദ്യാലയങ്ങളാകുമോ, എന്ന കാര്യത്തെക്കുറിച്ചു ഇനിയും ഒരു തീരുമാനം ഉണ്ടാക്കേണ്ടതായിട്ടാണിരിക്കുന്നതു്. അതുകൊണ്ട് ആ കാര്യത്തെക്കുറിച്ച് വിശദമായി
11 A. M.] പറയാൻ സാധ്യമല്ലെന്നാണ് പറഞ്ഞതു്. ഈ ബില്ലിൽ ഭേദഗതി കൊണ്ടുവന്ന സമയം മൈനോറിട്ടീസ് എന്നു പറഞ്ഞാൽ ആക്ടിലെ ഡെഫനിഷൻകൊണ്ടു വ്യക്തമാകും. അതു വിട്ടിട്ട് തങ്ങൾ ഉദ്ദേശി

ക്കുന്ന സ്കൂളുകൾ എല്ലാം മൈനോറിട്ടീസിന്റെ സ്കൂളുകളാണെന്നു സ്ഥാപിക്കാൻ ശ്രമിച്ചാൽ വളരെക്കാലം ശ്രമിച്ചു് പോന്നിട്ടുള്ള താല്പര്യത്തിനുവേണ്ടിയുള്ള നിലപാടാണതു്. മൈനോറിറ്റീസ് സ്കൂളുകൾ ഏതെല്ലാമെന്നു് സുപ്രീംകോടതി പറയുന്നുണ്ടു്. ഒന്നു് എയിഡ് വാങ്ങാതെ നടത്തുന്ന സ്കൂൾ. രണ്ടു് എയ്ഡ് വാങ്ങി നടത്തുന്ന സ്കൂളുകൾ. മൂന്നാമത്തു് റക്കഗ്നൈസ്ഡ് സ്കൂളുകൾ. ഒരർത്ഥത്തിൽ ധനസഹായമായാലും അംഗീകാരമായാലും വേണ്ടെന്നുവച്ചിട്ടു് തങ്ങളുടെ സംസ്കാരത്തെയും താല്പര്യത്തെയും മുൻനിറുത്തി പ്രത്യേകമായിട്ടു വച്ചുനടത്തുന്ന സ്കൂളുകളാണു് ഡിനോമിനേഷനൽ സ്കൂളുകൾ അല്ലെങ്കിൽ മൈനോറിററി സ്കൂളുകൾ. അമേരിക്കയിലും ഇംഗ്ലണ്ടിലും ഫ്രാൻസിലും ഇതുപോലുള്ള സ്കൂളുകളാണു് നടത്തിപ്പോരുന്നതെന്നാണു് മനസ്സിലാക്കുന്നതു്. അതുപോലെയുള്ള സ്കൂളുകളാണോ ഇവിടത്തെ മൈനോറിട്ടീസ് സ്കൂളുകൾ എന്നു നാം ആലോചിക്കണം. അതല്ല റക്കഗ്നിഷനുള്ള സ്കൂളുകളാണെങ്കിൽ സ്റ്റേററിലെ മററു സ്കൂളുകൾക്കു തുല്യമാണു്. ആ സ്കൂളുകൾ മൈനോറിട്ടി സമുദായത്തിൽപ്പെട്ട ഒരു വ്യക്തി നടത്തുന്നതുകൊണ്ടു് മാത്രം ഒരു മൈനോറിട്ടീസ് സ്കൂളാകണമെന്നർത്ഥമില്ല. മററു താല്പര്യങ്ങൾ നിർവ്വഹിക്കാൻ തക്കവിധം മററു വല്ല കാര്യവും സംഘടിപ്പിക്കാൻ കഴിയുമോ എന്ന കാര്യം വേറെ. അങ്ങനെ വല്ലതും സംഘടിപ്പിച്ചുകഴിഞ്ഞാൽ ഗവണ്മെന്റിന്റെ എല്ലാ ആനുകൂല്യങ്ങളും അനുഭവിക്കുകയും അതേസമയം ചില പ്രത്യേക സംസ്കാരത്തെയും താൽപ്പര്യത്തെയും സംരക്ഷിക്കുകയും ചെയ്ക, ഇതു രണ്ടും ഒരുമിച്ചു നിർവ്വഹിക്കയാണെങ്കിൽ അതൊരു കോസ്മോപാളിററൻ സ്കൂളായെങ്കിലേ പററൂ. സർക്കാരിൽനിന്നും ശമ്പളം വാങ്ങുമ്പോൾ സർക്കാരിന്റെ നിയന്ത്രണങ്ങൾക്കു വിധേയമായിട്ടല്ലാതെ ഇത്തരം ആനുകൂല്യങ്ങൾ മൈനോറിട്ടീസ് സ്കൂളുകൾക്കു നൽകാൻ പാടില്ല. അതിൽനിന്നു വിട്ടുനിൽക്കുന്നതു് ആംഗ്ലോ ഇൻഡ്യൻ സ്കൂളുകളാണു്. ഭാഷയെ സംബന്ധിച്ചിടത്തോളം അതു് മൈനോറിട്ടീസ് സ്കൂളുകൾ എന്നു പരിഗണിക്കണമെന്നു് ഭരണഘടനയിൽത്തന്നെ പറഞ്ഞിട്ടുണ്ടു്. അതുവിട്ടിട്ടു് മററു സ്കൂളുകളെപ്പോലെ ധനസഹായം വാങ്ങുകയും ചെയ്യുന്ന ന്യൂനപക്ഷസ്കൂളുകൾ ഉണ്ടെങ്കിൽ അതു് ആംഗ്ലോ ഇൻഡ്യൻ സ്കൂളുകളാണു്. ഈ കാര്യങ്ങളെല്ലാം സവിസ്തരം ചിന്തിച്ചു് കോടതിയുടെ അഭിപ്രായം കേട്ടതിനുശേഷം തീരുമാനിക്കേണ്ടുന്നായതുകൊണ്ടാണു് യാജ്ഞവൽക്യന്റെ 10 നാഴികപോലും ഉരെനിൽക്കാൻ കെൽപ്പില്ലാത്ത ഞാൻ അതിനെപ്പററി എന്റെ എളിയ അഭിപ്രായം പറഞ്ഞുപോയതു്. അതു വിനയംകൊണ്ടാണോ ധിക്കാരംകൊണ്ടാണോ എന്നു് മററുള്ളവർ തീരുമാനിച്ചുകൊള്ളും. എന്തിനും ദുസ്സ്വാദം പരത്തുന്ന ദുഷിച്ച ഒരു പാരമ്പര്യം ഉള്ളവർ ആ ഭാഗത്തുണ്ടു്. ഈ പറഞ്ഞതു് ധിക്കാരമാണെന്നു പറയുന്നതു് അക്കൂട്ടത്തിലെ കരുതാനുള്ള. ഇവിടെ ഉന്നയിച്ചിട്ടുള്ള ഭേദഗതി ബഹുമാനപ്പെട്ട നിയമമന്ത്രി പറഞ്ഞതുപോലെ റീഡ്രാഫ്റ്റ ചെയ്തുകൊണ്ടു വരുന്നതിനു് ഞാൻ ആഗ്രഹിക്കുകയാണു്.

ശ്രീ. പി. ടി. ചാക്കോ: പാരമ്പര്യത്തെപ്പററി പറഞ്ഞതു കേട്ടില്ല. ആരുടെ പാരമ്പര്യത്തെപ്പററി പറഞ്ഞതാണു്?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: പാരമ്പര്യമുള്ളവർ ഉണ്ടെന്നാണു് പറയുന്നതു്.

ശ്രീ. പി ടി. ചാക്കോ: വിദ്യാഭ്യാസകാര്യത്തിൽ നാം ഒരുമിച്ചുനിന്നു പ്രക്ഷോഭണം നടത്തിയ കാലത്തെ പാരമ്പര്യമാണോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: സമരകാലത്തു ഞാൻ നിങ്ങളുടെകൂടെയില്ലായിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവു പറയുന്ന സമരത്തിനു അതായതു് സർ സി. പി. യുടെ വിദ്യാഭ്യാസ പരിഷ്കാരത്തിനെതിരായുള്ള സമരത്തിനു നിങ്ങളുടെകൂടെ ഞാനില്ലായിരുന്നു. അന്നും ഞാൻ ധീരമായ ഒരു നിലപാടുതന്നെയായിരുന്നു സ്വീകരിച്ചിരുന്നതു്. അന്നു് നിങ്ങളുടെ പ്രക്ഷോഭണത്തിനു ഞാൻ എതിരായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. പൗലോസ്: അന്ന് പ്രക്ഷോഭിക്കാത്തയാൾ ഇന്ന് ക്ഷോഭിക്കാൻ കാരണമെന്താണ്?

Chairman: Is this amendment to be held over?

Shri Joseph Mundassery: Yes, it may be held over.

The amendment was held over.

Shri E. P. Poulose: I move: "In Chapter XIII Rule (ii) add the following at the end 'and punished with imprisonment for a period not less than three months with or without fine'. Rule i) in this Chapter states that any person employed as a teacher in a Government or private school shall not be eligible to continue as a teacher if he has been convicted of any offence involving dishonesty or moral turpitude. My amendment is to the effect that such punishment should be inflicted only if the teacher is punished with imprisonment for a period not less than three months. Moral turpitude is a matter of opinion. It may vary with individuals. Even the failure to deposit the amount entrusted for the purchase of text books by a day or a few hours may be taken as an offence involving moral turpitude. Breach of trust and misappropriation of funds may be reckoned as offences involving dishonesty and moral turpitude. Even in law it is not a plea for the teacher to say that owing to unavoidable circumstances, he has not been able to return the amount in time. He will be legally liable for breach of trust. In strict law that will be an offence involving moral turpitude. In actual dealings between individuals it will not be taken as dishonesty or moral turpitude. My amendment is only for diluting the drastic provisions of the clause to the benefit of the teacher.

Shri Joseph Mundasseri: I do not accept it.

The Amendment was put and lost.

Shri P T. Chacko: I move: In Chapter XIII Sub-rule (iv) the words "has been dismissed from any employment for misconduct or" be deleted.

Shri Joseph Mundasseri: I accept the amendment.

The amendment of Shri P. T. Chacko was put and carried.

Shri K. Moideenkutty Haji: Sir, I move:

In Chapter XIII delete rule (v) and renumber the remaining rules.

ഈ ചാപ്റ്ററിൽ അദ്ധ്യാപകന്മാരെ അദ്ധ്യാപകജോലിക്ക് അർഹരല്ലാതാക്കുന്ന ചില വകുപ്പുകളാണ് പറഞ്ഞിട്ടുള്ളത്. ഇതിൽ ഒരദ്ധ്യാപകന് വിദ്യാർത്ഥിയോടോ ഹെഡ്മാസ്റ്ററോടോ മാനേജരോടോ എഡ്യൂക്കേഷനൽ ആഫീസറോടോ അപമര്യാദയായി പെരുമാറിയാൽ ആ അദ്ധ്യാപകൻ അദ്ധ്യാപകജോലിക്ക് അർഹനല്ലാതായിത്തീരുന്നു. ഈ അപമര്യാദ എന്ന പദത്തിനു യാതൊരു നിർവ്വചനവും കാണുന്നില്ല. ഇതുപ്രകാരം ഒരദ്ധ്യാപകനിൽ ആർക്കുവേണമെങ്കിലും അപമര്യാദ ആരോപിക്കാൻ സാധിക്കും. ഞാൻ പറയുന്ന ഒരു വാക്ക് മറ്റൊരാൾക്ക് അപമര്യാദയായി തോന്നും. അതേ സമയം ഞാൻ പറയുന്നതു് ഞങ്ങളുടെ നാട്ടിൽ അപമര്യാദയായിരിക്കുകയില്ല. ഈ സഭയിൽതന്നെ ഞങ്ങളുടെ പ്രദേശത്തു പറയുന്ന വാക്ക് അപമര്യാദയായി കാണാൻ ഇടയുണ്ട്. അപമര്യാദയെന്നതിനു യാതൊരു നിർവ്വചനവും

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ ഈ വകുപ്പു നിലനിറുത്തുകയാണെങ്കിൽ അദ്ധ്യാപകന് ജോലി ചെയ്യാൻ സാധിക്കാത്ത പരിതഃസ്ഥിതിയുണ്ടാകും. അദ്ധ്യാപകന് സംരക്ഷണം കൊടുക്കുന്ന റൂളുകളാണ് നാം ഇവിടെ ഉണ്ടാക്കാൻ പോകുന്നത്. ഈ പരിതഃസ്ഥിതിയിൽ ആരോടെങ്കിലും അപമര്യാദയായി പെരുമാറിയെന്ന കാരണംകൊണ്ട് ആ അദ്ധ്യാപകന്റെ ജീവിതത്തെത്തന്നെ ഇല്ലാതാക്കിത്തീർക്കുന്ന ഇടപാട് കഷ്ടമാണ്. അദ്ധ്യാപകനെ നോട്ടപ്പുള്ളിയാക്കുന്ന വ്യവസ്ഥയാണിതെന്ന് ഞാൻ വിചാരിക്കുകയാണ്. അതുകൊണ്ട് ഈ ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, മി. മൊയ്തീൻകുട്ടി ഹാജിയുടെ ഭേദഗതിയെ ഞാൻ പരിപൂർണ്ണമായിട്ട് പിൻതാങ്ങുന്നു. എന്തുകൊണ്ടെന്നാൽ, ചാപ്റ്റർ 13-ൽ അദ്ധ്യാപകന്മാരെപ്പററിയാണ് പൊതുവെ പറയുന്നത്.

"Any person employed as a teacher in a Government or private school shall not be eligible to cotinue as a teacher. if he"—

എന്നാണ് പറയുന്നത്. ഒരദ്ധ്യാപകൻ താഴെ പറയുന്ന ഏതെങ്കിലും വിധത്തിലാണെങ്കിൽ ഒരു അദ്ധ്യാപകനായിരിക്കാൻ ഒക്കുകയില്ല എന്നാണ് ഇതിൽ പറയുന്നത്. ഇതിൽ 5-ാം വകുപ്പിൽ പറയുന്നത്, ഏതെങ്കിലും അദ്ധ്യാപകരുടെ പെരുമാററം വിദ്യാർത്ഥികളോടോ, രക്ഷകർത്താക്കളോടോ, ഹെഡ്മാസ്റ്ററോടോ അവമാനകരമായിട്ടുണ്ടായാൽ അയാൾക്ക് അദ്ധ്യാപകനായിരിക്കാൻ യോഗ്യത ഇല്ലാതാകുമെന്നാണ്. 'Any manner unbecoming' എന്നു പറഞ്ഞാൽ വലിയ കുഴപ്പമാണ്. കുട്ടികളുടെ രക്ഷിതാക്കൾ എന്നു പറഞ്ഞാൽ അത് ആരാണെന്നു തിരക്കിപ്പിടിക്കുന്നതുതന്നെ വലിയ വിഷമം; അതുപോകട്ടെ, ഈ ചട്ടത്തിൽ എന്തെല്ലാം കുഴപ്പമുണ്ടെന്നറിയാമോ?

സർ, 'അങ്ങേര്', എന്ന് ഇവിടെ പറഞ്ഞാൽ, തിരുവനന്തപുരത്തുകാർക്ക് വലിയ ആക്ഷേപമാണ്. ഇവിടെ തെങ്ങുകയററക്കാരനെയോ, കൂലിവേലക്കാരനെയോ, തോട്ടിയെയോ സൂചിപ്പിക്കുന്ന ഒരു വാക്കായിട്ട് അതു പ്രയോഗിക്കും. തോട്ടി രണ്ടുദിവസമായി വരുന്നില്ല; അങ്ങേര് എന്താണ് വരാഞ്ഞത്? എന്നിങ്ങനെ വളരെ താഴ്ന്നതരത്തിലുള്ളവരെപ്പററി പറയുമ്പോഴാണ് ഇവിടെ ആ പദം ഉപയോഗിക്കുന്നത്. നേരെമറിച്ച് ഞങ്ങളുടെ നാട്ടിൽ, കോട്ടയം, തൊടുപുഴ, മീനച്ചിൽ എന്നീ പ്രദേശങ്ങളിൽ ആ പദം വളരെ ബഹുമാനസൂചകമായിട്ടാണ് പ്രയോഗിക്കുക. 'മെത്രാനച്ചൻ നാളെ വരും, അങ്ങേര് നാളെ പ്രസംഗിക്കും' എന്നിങ്ങനെ വളരെ ആദരവോടുകൂടി ഉപയോഗിക്കുന്ന പദമാണ് അവിടെ—ളാപ്പാലം മുതൽ അങ്ങോട്ട്. അങ്ങനെ അങ്ങേര് എന്ന പദം ഇവിടെ പറഞ്ഞാൽ, കുഴപ്പമാണ്; ഞങ്ങളുടെ നാട്ടിൽ മാന്യവുമാണ്. ഈ നാട്ടിൽ 'പൂള', എന്ന പദം മോശമാണ്. മലബാറിൽ പൂള എന്നു പറഞ്ഞാൽ മരച്ചീനി എന്നാണർത്ഥം. ഇവിടെ വന്ന് ആരെങ്കിലും പൂള എന്നു പറഞ്ഞാൽ കരണക്കുററിക്ക സമ്മാനം കിട്ടും; നല്ല ആളുകളാണെങ്കിൽ മറേറ കരണംകൂടി കാണിച്ചുകൊടുക്കും. മലബാറിൽനിന്നും ഒരു അദ്ധ്യാപകൻ തിരുവനന്തപുരത്തു ജോലി നോക്കുകയാണ്. ഒരു ദിവസം രാവിലെ താമസിച്ചു ചെന്നപ്പോൾ ഹെഡ്മാസ്റ്റർ ചോദിച്ചു 'ലേററായത് എന്താണെന്ന്'. സർ, 'ഞാൻ പൂള അന്വേഷിച്ചു നടന്നതാണ്' എന്നു പറയുന്നു ടീച്ചർ. മുൻകോപിയായ ഹെഡ്മാസ്റ്റർ അയാളുടെ പെരുമാററത്തിൽ ധിക്കാരവും, അവമതിയുമുണ്ടെന്ന് ഈ ചട്ടത്തിന്റെ തണലിൽ വിധിയെഴുതും. പാവം അദ്ധ്യാപകൻ രാവിലെ പുഴുങ്ങിത്തിന്നാൻ മരച്ചീനി അന്വേഷിച്ചുനടന്നകാര്യം പറഞ്ഞതിനാണ് ഈ ശിക്ഷണനടപടി! ഇങ്ങനെ കേരളത്തിന്റെ പലഭാഗങ്ങളുമുള്ള പ്രത്യേക പദങ്ങൾതന്നെ അർത്ഥവ്യത്യാസമുള്ളതായതിനാൽ ബഹുമാനപ്പെട്ട മന്ത്രി ഇങ്ങനെയുള്ള ചട്ടങ്ങൾ ഇതിൽ എഴുതി ഉണ്ടാക്കുന്നതു ശരിയല്ല. ഞാൻ മുമ്പു പറഞ്ഞ ഹെഡ്മാസ്റ്റർ, പാവപ്പെട്ട ആ അദ്ധ്യാപകന്റെപേരിൽ നടപടി എടുത്താൽ, ബഹുമാനപ്പെട്ട മന്ത്രി എന്തുചെയ്യും? ഇവിടെ 'unbecoming' എന്ന് എഴുതിപ്പിടിപ്പിച്ചാൽ

2/675/V

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോസഫ് ചാഴിക്കാട്ട്]

ഇത്തരത്തിലുള്ള കുഴപ്പങ്ങൾ ധാരാളം ഉണ്ടാകും. നാട്ടിൽ അദ്ധ്യാപകർക്ക് ജോലിക്കു പോകാൻ സാധിക്കാതെ വരും. ഓരോ അദ്ധ്യാപകനും, അതാതു സ്ഥലത്തെ ഭാഷ പഠിക്കാൻ കുറെക്കാലം പ്രത്യേകം പരിശീലനം നടത്തേണ്ടി വരും. ഇങ്ങനെ എലാസ്റ്റിക്കായിട്ടുള്ള ചട്ടം ഉണ്ടാക്കാൻ പാടില്ല. അദ്ധ്യാപകരെ, അദ്ധ്യാപകർ അല്ലാതാക്കുന്ന ഈ വകുപ്പ് വളരെ അപകടമുണ്ടാക്കുന്നതാണ്. അതുകൊണ്ട് മി. മൊയ്തീൻകുട്ടി ഹാജി കൊണ്ടുവന്ന ഈ ഭേദഗതി സ്വീകരിക്കയാണ് വേണ്ടത്. ഈ ചട്ടം എടുത്തുകളയണമെന്നാണ് എന്റെയും അഭിപ്രായം. ഇതിലെ സബ് റൂൾ 5 എടുത്തുകളയണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. സി. എബ്രഹാം: സർ, ഈ ചട്ടം തീരെ വ്യക്തമല്ല; 'un-becoming' എന്നു പറയുന്നതിന്റെ അർത്ഥം അളക്കുന്നതിനുള്ള ശരിയായ ഒരു മാനദണ്ഡം ഇല്ലാത്തിടത്തോളം ഈ ചട്ടം ദുരുപയോഗപ്പെടുത്തുവാൻ സാദ്ധ്യതയുണ്ട്. ശ്രീ. ചാഴിക്കാടൻ പോയിടത്തോളം ഞാൻ പോകുന്നില്ലെങ്കിലും....

ശ്രീ. ജോസഫ് ചാഴിക്കാട്ട്: എവിടെവരെ പോകുന്നെന്നാണ് പറഞ്ഞത്?

ശ്രീ. കെ. സി. എബ്രഹാം: സർ, ഈ റൂൾ എടുത്തുകളയണമെന്ന അഭിപ്രായമാണ് എനിക്കുമുള്ളത്.

ശ്രീ. ടി. എ. തൊമ്മൻ: സർ, എനിക്ക് ഇതിനെക്കുറിച്ച് ഒരു വാക്കു പറയാനുണ്ട്. അദ്ധ്യാപകരുടെ പെരുമാററത്തെപ്പററി ചാപ്റ്റർ ഒൻപത്, റൂൾ 12-ൽ പറഞ്ഞിട്ടുണ്ട്; അവർ സ്കൂളിനകത്തും പുറത്തും കുട്ടികൾക്കും മററും ഒരു മാതൃകയായിരിക്കണമെന്നാണ് അതിൽ പറയുന്നത്.

"It shall be the duty of the teachers to conduct themselves in or out side the school in such a manner that their behaviour would be a model for the pupils".

മാതൃകാപരമായി അദ്ധ്യാപകൻ പെരുമാറിയില്ലെങ്കിൽ അത് unbecoming ആയിവരുന്നു. Unbecoming ആയി പെരുമാറുകയാണെങ്കിൽ അദ്ധ്യാപകനായി തുടരുവാൻ നിവൃത്തിയില്ല. ചുരുക്കത്തിൽ മാതൃകാപരമായി പ്രവർത്തിക്കാത്ത അദ്ധ്യാപകന് വലിയ ശിക്ഷ. ശ്രീ. മുണ്ടശ്ശേരി മാസ്റ്റർക്കറിയാം ലഘുവായ പാപത്തിന് നരകത്തിലേക്കു പോകേണ്ട; ഘനമായ പാപത്തിനാണ് നരകം എന്ന്. ഇതിൽ 'unbec ming' എന്നു പറഞ്ഞാൽ ഒരു ചെറിയ കുററം ആണ്. അങ്ങനെയുള്ള ചെറിയ കുററത്തിന് ഇത്ര ഗംഭീരമായ ശിക്ഷ വയ്ക്കുന്നതു ശരിയല്ല. "കോത്താഴത്തു"കാരെ ഇങ്ങനെയുള്ള ശിക്ഷകൾ നിയമത്തിൽ എഴുതിവയ്ക്കുകയുള്ളു. ഇതു ഈ നിയമത്തിൽ വച്ചു കഴിഞ്ഞാൽ, ഏതോ "കോത്താഴത്തു"കാരാണ് ഇതു കൊണ്ടുവന്നതെന്നു പറയും. സർ, ഇത് അപ്പാടെ ഡിലീററു ചെയ്യേണ്ടതാണ്.

ശ്രീ. എൻ. ഇ. ബലറാം: 'കോത്താഴത്തുകാരൻ' എന്നാൽ എന്താണ്?

Shri T. A. Thomman: You can refer to the Minister for Education who introduced that expreission here today.

ശ്രീ. മാലേത്തു കെ. ഗോപിനാഥപിള്ള: സർ, ചാപ്റ്റർ 13, സബ് റൂൾ 5-ന് ശ്രീ. മൊയ്തീൻകുട്ടി ഹാജി അവതരിപ്പിച്ച ഭേദഗതിയെ ഞാൻ പിൻതാങ്ങുകയാണ്. 5-ാം സബ് റൂളിൽ ഇങ്ങനെയാണ് പറഞ്ഞിരിക്കുന്നത്:

"(v) behaves towards his pupils, their parents, the Head-master, the Manager, or any Educational Officer in any manner unbecoming of a teacher".

സർ, ഇതിൽ വിദ്യാർത്ഥികൾ എന്നു പറഞ്ഞിട്ടുണ്ട്; രക്ഷകർത്താക്കൾ എന്നു പറഞ്ഞിട്ടുണ്ട്, രക്ഷകർത്താക്കളുടെ ബന്ധുക്കളും, നാട്ടുകാരും എന്നുകൂടി എഴുതി ചേർക്കേണ്ടതായിരുന്നു. 'Unbecoming എന്നതിനെ സംബന്ധിച്ച് ഇതിൽ യാതൊന്നും പറഞ്ഞിട്ടില്ല. ശ്രീ. ടി. എ. തൊമ്മൻ ചൂണ്ടിക്കാണിച്ചതുപോലെ, ഒൻപതാമത്തെ അദ്ധ്യായത്തിൽ ഒന്നു രണ്ടു കാര്യങ്ങൾ പറയുന്നുണ്ട്; അദ്ധ്യാപകന്റെ ചുമതലകളെപ്പററി ക്ലാസിൽ ഹാജരാകാത്ത ഒരു കുട്ടിക്ക് ഹാജർ കൊടുക്കണമെന്ന് ആരെങ്കിലും പറയുകയാണ്; അദ്ധ്യാപകൻ അതു കേൾക്കുന്നില്ല. ഹെഡ്മാസ്റ്ററും അങ്ങനെ നിർബ്ബന്ധിച്ചാലും അദ്ധ്യാപകൻ കേൾക്കാഞ്ഞാൽ അത് ഈ ചട്ടത്തിന്റെ അടിസ്ഥാനത്തിൽ ഹെഡ്മാസ്റ്റർക്ക് അൺബിക്കമിംഗായി പരിഗണിക്കാമല്ലോ. കഴിഞ്ഞകാലത്തെ ചരിത്രം പരിശോധിച്ചാൽ അങ്ങനെയുള്ള കേസ്സുകൾ വരാൻ സാദ്ധ്യതയുണ്ട്. അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം അങ്ങേയററത്തെ അവമാനമാണിതു്. ഈ രാജ്യത്തെ അദ്ധ്യാപകർ എല്ലാം പോക്രികളും ആഭാസന്മാരുമാണെന്നുള്ള ധാരണ ഉള്ളിൽ വച്ചുകൊണ്ടാണ് ഇതു എഴുതിച്ചേർത്തിരിക്കുന്നതു്. ഒരദ്ധ്യാപകൻ നല്ല ആളും ആയിരിക്കണമെന്നതന്നെ എല്ലാവരും ആഗ്രഹിക്കുന്നതു്. ഈ രാജ്യത്തുള്ള എല്ലാവരും നല്ലവർ ആയിരിക്കട്ടെ എന്നു നമുക്കാശിക്കാം. എന്നാൽ, ഒരദ്ധ്യാപകനെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും ഒരു ദുർവ്വാസാവിനു് എന്തെങ്കിലും കാരണം പറഞ്ഞു സർവ്വീസിൽനിന്നും പറഞ്ഞയ്ക്കത്തക്ക അവസരം ഉണ്ടാകുന്ന ചട്ടങ്ങൾ ഇതിൽ എഴുതിവയ്ക്കുന്നതു ശരിയല്ല. അതു തികഞ്ഞ അനീതിയാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി ദീർഘകാലം ഒരു അദ്ധ്യാപകനായിരുന്നയാളാണ്. അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം അനപേക്ഷണീയമായി ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നോ എന്ന് കഴിഞ്ഞ ഒന്നുരണ്ടു നിമിഷത്തിനിടയിൽ നമുക്കു കാണാൻ കഴിഞ്ഞു. പ്രതിപക്ഷനേതാവിന്റെ ചോദ്യത്തിനു് 'കോത്താഴത്തുകാരെ'പ്പററിയാണ് അദ്ദേഹം സൂചിപ്പിച്ചു സംസാരിച്ചതു്. സർ, 'കോത്താഴത്തു' ചിറക്കടവ് എന്ന സ്ഥലത്തെപ്പററിയാണ് ഇങ്ങനെ പരിഹാസമായി പറയുന്നതു്. അവിടത്തെ ആളുകൾ ബുദ്ധിശൂന്യന്മാരാണ്; അവിവേകികളാണ്. പ്രതിപക്ഷനേതാവു് ഈ റൂളിനെ സംബന്ധിച്ചു സംസാരിച്ചപ്പോൾ, ബഹുമാനപ്പെട്ട മന്ത്രി ക്ഷോഭപ്പെട്ടു്, മുൻകോപത്തോടുകൂടി, ദീർഘകാലം അദ്ധ്യാപകനായിരുന്ന അദ്ദേഹത്തിനുണ്ടായിരിക്കേണ്ട വിവരമെല്ലാം നഷ്ടപ്പെട്ടു് അങ്ങനെ പറഞ്ഞതു് കഷ്ടമായിപ്പോയി. സർ, ഇനി മേലാലെങ്കിലും 'കോത്താഴത്തുകാരൻ' എന്ന വാക്കു് ഈ നിയമസഭയിൽ പ്രയോഗിക്കാതിരിക്കണം. സർ, പൊൻകുന്നത്തോ, കാഞ്ഞിരപ്പള്ളിയിലോ ഏതെങ്കിലും ഒരു പ്രസംഗവേദിയിൽ നിന്നുകൊണ്ട് കോത്താഴത്തുകാരൻ എന്ന പദം ഒന്നു പറയാൻ ഞാൻ വിദ്യാഭ്യാസമന്ത്രിയെ ക്ഷണിക്കുകയാണ്. അങ്ങനെ പറഞ്ഞാൽ, മലയാളത്തിൽ വളരെ ഭംഗിയായി, സ്പഷ്ടമായി സംസാരിക്കുന്ന അദ്ദേഹത്തിനു് മേലാൽ അതു സാധിക്കാത്ത അനുഭവം ഉണ്ടാകുമെന്നു് ഉറപ്പിച്ചു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതിനുവേണ്ടി ഞാൻ അദ്ദേഹത്തെ അങ്ങോട്ടു ക്ഷണിക്കുകയാണ്. സർ, എന്റെ അഭിപ്രായത്തിൽ, അദ്ധ്യാപകരെസംബന്ധിച്ചിടത്തോളം ആവശ്യമില്ലാത്തതാണ് ചാപ്റ്റർ 13-ൽ പറഞ്ഞിരിക്കുന്നതു്; അതു് അസംബന്ധമാണ്; ഈ രാജ്യത്തെ അദ്ധ്യാപകർ ക്രിമിനൽ പുള്ളികളെപ്പോലെ കരുതപ്പെടുന്ന ഈ 5-ാം സബ്റൂൾ നമ്മുടെ നിയമസംഹിതയിൽ സ്ഥാനംപിടിക്കാൻ ഇടയാക്കരുതെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഇതു് പല തെററിദ്ധാരണയ്ക്കും ഇടയുണ്ടാക്കുന്നതാണ്. "'behave Becently'' എന്നു മാത്രം പറഞ്ഞാൽ മതി അതിൽ കൂടുതൽ ഒന്നും വേണ്ട. 'unbecoming of a teacher' എന്നു പറഞ്ഞാൽ എന്താണെന്നു നിശ്ചയിക്കാൻ നിവൃത്തിയില്ല. ചില ആദർശങ്ങൾ അനുസരിച്ചു് അദ്ധ്യാപകൻ പ്രവർത്തിക്കണം. ഒരദ്ധ്യാപകൻ അദ്ധ്യാപകന്റെ നിലയ്ക്കു യോജിക്കാത്ത തരത്തിൽ പെരുമാറുന്നതു് തെററാണ്. അങ്ങനെ പെരുമാറാൻ പാടില്ല. ഇതിൽ പറയുന്ന ആളുകളോടെന്നുമാത്രമല്ല റോഡേ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പൊന്നറ ജി. ശ്രീധർ]

പോകുന്ന ആളുകളോടുപോലും ഒരധ്യാപകന്റെ നില വിട്ടു അദ്ധ്യാപകൻ പെരുമാറുന്നതു് ശരിയല്ല. അങ്ങനെ ഏതെങ്കിലും ഒരധ്യാപകൻ മര്യാദകേടായി പെരുമാറിയാൽ അതിനെ ചോദ്യം ചെയ്യേണ്ടതാണു്. അതിനു് വിവരണം ഒന്നും കൂടാതെ കുറ്റപ്പെടുത്തുകയാണെങ്കിൽ അധ്യാപകനു ഞങ്ങളുടെ നാട്ടിൽ ഇങ്ങനെ പറയുന്നുണ്ടു്; ആ അർത്ഥത്തിലാണു് ഞാൻ പറഞ്ഞതെന്നെല്ലാം പറഞ്ഞൊഴിയാനുള്ള സൗകര്യങ്ങളും ഉണ്ടു്. ഏതായാലും കുറച്ചുകാലമായി അധ്യാപകനും വിദ്യാർത്ഥികളും സർക്കാർ ഉദ്യോഗസ്ഥന്മാരും തുടങ്ങി വളരെ ഉത്തരവാദിത്വത്തോടുകൂടി പെരുമാറണമെന്നു നാം ഉദ്ദേശിക്കുന്ന പലരും വളരെ നിരുത്തരവാദപരമായും അക്രമപരമായും പെരുമാറുന്നതു് നാം കാണുന്നുണ്ടു്. കഴിഞ്ഞ കാലത്തു് അധ്യാപകന്മാർ സ്ട്രൈക്കു നടത്തി. പിന്നെ കുട്ടികളും സ്ട്രൈക്കു നടത്തിയാൽ എങ്ങനെ കുറ്റപ്പെടുത്താൻ കഴിയും. സ്ട്രൈക്കുകളുടെ ന്യായാന്യായങ്ങളെപ്പറ്റിയല്ല ഞാൻ പറയുന്നതു്. പക്ഷേ അതിലേക്കു ഈ പരിപാടികളാണോ സ്വീകരിക്കേണ്ടതു്? പിഞ്ചുകുട്ടികളെ പഠിപ്പിച്ചു് ഏതാദർശത്തോടുകൂടി വളർത്തിക്കൊണ്ടുവരണമോ അതിനു സാദ്ധ്യമല്ലാത്ത രീതിയിലുള്ള പ്രവൃത്തികൾ അധ്യാപകരിൽ നിന്നും ഉണ്ടായാൽ അതു് അധ്യാപകനു യോജിച്ചതല്ല. ഇതിനു് ഒരു ക്ലിപ്തമായ രൂപം വയ്ക്കാൻ സാധ്യമല്ല. അതു് ഓരോരോ പ്രവൃത്തിയനുസരിച്ചു് തീരുമാനിക്കേണ്ടതാണു്. അതു തീരുമാനിക്കേണ്ടവർ തീരുമാനിച്ചുകൊള്ളും. അവർ എടുക്കുന്ന തീരുമാനം പിശകാണോ എന്നു് നോക്കുന്നതിനും സൗകര്യമുണ്ടായിരിക്കണം. ഇപ്പോൾ റൂളിൽ പറഞ്ഞിരിക്കുന്ന പ്രകാരം ഒരധ്യാപകനു ആ സ്കൂളിലുള്ള പ്യൂണിനോടു മര്യാദകേടായി പെരുമാറാം. സ്റ്റാഫ് എന്നു് എഴുതാൻ പാടില്ലായിരുന്നോ? അങ്ങനെ പലതും ഇതിൽ ചേർക്കാനുണ്ടു്. അധ്യാപകനായിരിക്കുന്ന കാലമത്രയും അധ്യാപകൻ എന്ന നിലയിലല്ലാതെ ആരോടും പെരുമാറാൻ പാടില്ല. ആ നിലയിൽ റൂൾ ഉണ്ടാക്കണം. ഇന്നത്തെ നിലയിൽ ഇങ്ങനെ എഴുതി വയ്ക്കുന്നതു കുഴപ്പങ്ങൾക്കു ഇടയാകും. റൂൾസ് ഡ്രാഫ്റ്റു ചെയ്തവർ ഇക്കാര്യം മുഴുവൻ പരിശോധിച്ചു കാണുകയില്ല. അതുകൊണ്ടു ആവശ്യമില്ലാത്ത ഭാഗങ്ങൾ എടുത്തുകളയുന്നില്ലെങ്കിൽ മുഴുവൻ ഭാഗവും എടുത്തുകളയണമെന്നാണു് എനിക്കു് പറയാനുള്ളതു്.

Shri R. Raghava Menon: Mr. Speaker Sir, I wish to say a few words about this rule 5 that is about the conduct of teachers. The penalty if a teacher does not behave in a particular way is prescribed here. That is a very difficult provision. A teacher is expected to be a competent, decent man who can handle a class to the benefit of the students. That is a general qualification of a teacher. Here we have the disqualifications? "Has been dismissed from employ ment". That is clear. Has taken any part whatsoever in unlawful agitation. We can understand that also. "Refuses to obey valid orders". That is also easily understandable, "Refuses to undergo a course of training". That also we can understand. "Is found to be not competent to serve efficiently as a teacher". That also we can more or less understand from the class results. "Has completed the age of retirement". That is a very difficult job because nobody gives the correct age. But of all these sub-clause (v) is very difficult to understand. I would request the Hon. Minister for Education to modify it so that it may not be difficult. Every minute there may be a complaint against a teacher because his behaviour towards his pupils or their parent may not be to their liking. All that may not be correct. The

LIBRARY ARCHIVES Kerala Legislative Assembly

pupil may complain to the management. They may go and complain to the Headmaster. There will be a lot of complaints. The teacher will get discontented". Suppose his behaviour is thought to be not respectful. Then they will say 'Oh he is not of good manners'! "behaves.....Headmaster, the Manager, or any Educational Officer....". That will depend upon the mutual behaviour. A teacher may be quite all right. But others may not be. I am talking of practical things. So, what I suggest is this. If the Headmaster or the Manager complains about a teacher to the Director of Public Instruction he should, after hearing the teacher if he finds him to be guilty, may terminate his service. Otherwise it will be very difficult. A man may be a very good teacher. But he may be hated by everybody. The students realise the goodness of the teacher only afterwards. Suppose a Headmaster takes it into his head to trouble the teacher and says that he is an impertenant fellow for no fault of his. Then that will create trouble. So let us have a third person. The majority of the teachers are good people. So rule 5 may be deleted or at least modified by making the Director of Public Instruction as the person who has got the final voice to say that the service of the teacher may be dispensed with.

Shri P. T. Chacko: Sir, I move.

(1) "In Chapter XIII sub-rule (vi) be deleted."

(2) "In Chapter XIII sub-rule (vii) the words "refuses to obey valid orders communicated to him by the officers of the department or" be deleted.

(3) "In Chapter XIII sub-rule (ix) be deleted.

(4) "In Chapter XIII sub-rule (xii) be deleted."

(5) "In Chapter XIII sub-rule (xiii) be deleted."

എല്ലാ ഭേദഗതികളെപ്പററിയും ഒരുമിച്ച് ചുരുക്കമായി പറയാൻ ഞാൻ ആഗ്രഹിക്കയാണ്. ഇതിനു മുമ്പു അവതരിപ്പിച്ചിട്ടുള്ള അഞ്ചാമത്തെ ഉപറൂളും നീക്കം ചെയ്യണമെന്ന ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു. അഞ്ചാമത്തെ ഉപറൂളും നടപ്പിലാക്കാൻ വളരെ വൈഷമ്യമുള്ളതും അദ്ധ്യാപകനെ കുരുക്കിൽ ചാടിക്കാൻ കഴിയുന്നതുമാണ്. ഞാൻ അതിന് ഉദാഹരണം പറയാം.

Chapter XIV B Rule 8-ൽ "A teacher shall avoid habitual indebtedness" എന്നു പറയുന്നു. അതുകൂടി കണക്കിലെടുക്കണം. ഒരദ്ധ്യാപകന് കടം വാങ്ങാൻ പാടില്ല. അതുപോലെ വാടക കുറച്ച് വീടെടുക്കാൻ പാടില്ല. ചാപ്റ്റർ 14 (ബി) 23-ൽ പറയുന്നത് ഇങ്ങനെയാണ്:

"No teacher shall engage himself in any strike. ... or incitement thereto or in any similiar activities.

Likewise there are these rules Chapter XIV B.

"18. No teacher who has a wife living shall contract another marriage without first obtaining the permission of the Government notwithstanding that such subsequent marriage is permissible under the personal law for the time being applicable to him.

That is intended to cover Muslims.

LIBRARY ARCHIVES Kerala Legislative Assembly

[Shri P. T. Chacko]

Then there is Rule 19.

"19. No teacher shall directly or indirectly engage in the business of money lending or borrow money from or otherwise place himself under pecuniary obligation to any person subordinate or superior to him".

After that Rule 21 says:

"21. A teacher who belongs to a Joint Hindu family carrying on the business of money lending as an anscestral profession is exempted from the prohibition provided he takes no active share in the business and is not employed in a Revenue District in which the transactions of the firm are carried on".

Rule 23 says:

"23. No teacher shall engage himself in any strike or incitment thereto or in any similar activities".

ഈ റൂളുകളൊക്കെ ഞാൻ വായിച്ചതു് ഒരദ്ധ്യാപകൻ ഈ പറയുന്നതിനെന്തെങ്കിലും എതിരായിട്ടു പെരുമാറിയാൽ അതു സബ്ബ്‌റൂൾ 5-ാം ബാധകമാകും എന്നു കാണിക്കുവാനാണു്. അവിടെ അൺബിക്കമിംഗായിട്ടു പെരുമാറരുതെന്നാണു പറയുന്നതു്. ഒരു അദ്ധ്യാപകൻ ഒരു കുട്ടിയോടു ഒരു രൂപ വായ്പ ചോദിച്ചാൽ, അതു് ആ അദ്ധ്യാപകനെ സംബന്ധിച്ചിടത്തോളം അൺബിക്കമിംഗായിരിക്കും. അങ്ങനെ ചെയ്യാൻ കൊടുക്കുന്നതു് ചെറിയ ശിക്ഷയല്ല. ടീച്ചർ ഉദ്യോഗമേ പാടില്ല എന്നാണു പറയുന്നതു്. അതുപോലെ ഒരു കുട്ടിയുടെ രക്ഷകർത്താവിന്റെ അടുക്കൽച്ചെന്നു വീടിന്റെ വാടക കുറച്ചു കിട്ടണമെന്നാവശ്യപ്പെട്ടാലും അൺബിക്കമിംഗാകും. ഞാനിതു പറഞ്ഞപ്പോഴും ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അല്ലെങ്കിൽ ഇന്നു മുതൽ ആകാൻ തുടങ്ങുന്ന പോലീസുമന്ത്രി ചിരിക്കുന്നു. ഏതായിരുന്നാലും, വാടക കുറച്ചു വീടെടുക്കുമ്പോഴോ അതുപോലെ സ്വന്തം വസ്തു വില്ക്കണമെന്നുണ്ടെങ്കിൽ, വില കൂട്ടി വില്ക്കുമ്പോഴോ, ...

<u>ശ്രീ. പി. ഗോവിന്ദപ്പിള്ള</u>: ഈ രാജ്യത്തു ഇപ്പോഴും ഒരു സർവ്വീസ് കാണ്ടക്റ്റ് റൂൾസുണ്ടു്. അതു അതേപടി ഇവിടെയും ചേർത്തിരിക്കുകയാണു്. അതിലെന്താണാക്ഷേപം ?

<u>ശ്രീ. പി. ടി. ചാക്കോ</u>: ഈ ചട്ടം എവിടെനിന്നു കൊണ്ടുവന്നതാണെന്നെനിക്കു നിശ്ചയമില്ല. ഏതായിരുന്നാലും ഇതു മഹാനായ യാജ്ഞവൽക്യൻ കൊണ്ടുവന്നതാണു്. അദ്ദേഹം തക്ഷശിലാപണ്ഡിതനാണു്.

അപ്പോഴും ഒരു വീടു വാടകയ്ക്കു എടുക്കുമ്പോഴും പത്തു രൂപാ വാടകയ്ക്കുള്ള വീടു് അഞ്ചു രൂപയ്ക്കു തരുമോയെന്നു ചോദിച്ചാൽ ഉടനെ ആ അദ്ധ്യാപകൻ unbecoming ആകും.

<u>ശ്രീ. കെ. ചന്ദ്രശേഖരൻ</u>: ഗവൺമെന്റ് സർവ്വീസിന്റെ മേൽ ചുമത്തുന്ന റെസ്ട്രിക്ഷൻസ് മുഴുവൻ പ്രൈവറ്റ് സ്കൂൾ ടീച്ചേഴ്സിന്റെ മേലും ചുമത്തണമെന്നു പ്രതിപക്ഷ നേതാവിനു് അഭിപ്രായമുണ്ടോ ?

<u>ശ്രീ. പി. ടി. ചാക്കോ</u>: ശ്രീ. ഗോവിന്ദപ്പിള്ളയുടെ ആ അഭിപ്രായത്തോടു മുഴുവൻ അദ്ദേഹത്തിന്റെ പാർട്ടിതന്നെ യോജിക്കുകയില്ലെന്നു എനിക്കു നിശ്ചയമുണ്ടു്. ഒരുപക്ഷെ മന്ത്രിയോജിച്ചേക്കാം. അതുപോലെതന്നെ ഏതെങ്കിലും ഒരു വസ്തു മേടിക്കാൻ ആഗ്രഹിക്കുകയാണെങ്കിൽ, ആ വസ്തുവിനു 300 രൂപാ വിലയുണ്ടെങ്കിൽ, 250 രൂപയ്ക്കു ആ വസ്തു എനിക്കു തരണമേ എന്നു പറഞ്ഞാൽ, അതു് അൺബിക്കമിംഗ് ആഫ് എ ടീച്ചർ ആയിരിക്കും. അങ്ങനെ നോക്കു

LIBRARY ARCHIVES Kerala Legislative Assembly

മ്പോഴും, ഒരാൾ സാധാരണ ജീവിതത്തിൽ ചെയ്യുന്ന കാര്യങ്ങളെല്ലാം ഒരദ്ധ്യാപകൻ ഏതെങ്കിലും കുട്ടിയുടെ രക്ഷാകർത്താവുമായി ചെയ്താൽ അതു് അൺബിക്കമിംഗാകും. ശ്രീ മുണ്ടശ്ശേരിമാസ്റ്റർതന്നെ ഒരിക്കൽ ഇതുപോലെ അൺബിക്കമിംഗായിട്ടു പെരുമാറിയെന്നു പറയപ്പെടുകയാണ്. അക്കാരണത്താൽ അദ്ദേഹത്തെ പിരിച്ചുവിട്ടിട്ടുള്ളതാണ്. വാസ്തവത്തിൽ അതു് അദ്ദേഹം അൺബിക്കമിംഗ് ആഫ് എ പ്രൊഫസർ ആയിട്ടാണോ? അല്ലെന്നാണ് അദ്ദേഹത്തിന്റെ തന്നെ അഭിപ്രായം. എങ്കിലും അദ്ദേഹത്തിന്റെ ചില പെരുമാററങ്ങളും അൺബിക്കമിംഗ് ആഫ് എ പ്രൊഫസർ എന്നു പറഞ്ഞു. ഒരു പക്ഷെ അല്ലായിരിക്കാം. അപ്പോഴും ഒരദ്ധ്യാപകൻ രക്ഷാകർത്താക്കളോടോ, അല്ലെങ്കിൽ വിദ്യാർത്ഥികളോടോ ഇങ്ങനെ പെരുമാറുന്നതു്, അൺബിക്കമിംഗ് ആഫ് എ ടീച്ചർ എന്നുപറഞ്ഞാൽ, അതു വിരോധികളായിട്ടുള്ള ആളുകളെ കുടുക്കിലാക്കാൻ ഉപകരിക്കുമെന്നല്ലാതെ മററു യാതൊരു പ്രയോജനവും അതുകൊണ്ടുണ്ടാകുന്നതല്ല. അതിനാൽ ഈ വകുപ്പു ഉപേക്ഷിക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

അടുത്തതു് ആറാമത്തെതാണ്. അതും ഉപേക്ഷിക്കണം.

"(vi) has taken any part whatsoever in unlawful agitation directed against the authority of the Government or in any movement or agitation of any kind which may be accompanied by or result in, ill-feeling between different sections of the people."

Shri Joseph Mundassery: Sir, I agree to the deletion of that.

ശ്രീ. പി. ടി ചാക്കോ: മന്ത്രി അതു സമ്മതിച്ചതിൽ ഞാൻ സന്തോഷിക്കുന്നു.

ശ്രീ. പൊന്നറ ജി. ശ്രീധർ: അങ്ങനെ സമ്മതിച്ചതിൽ മുഴുവൻ യോജിക്കുവാൻ എനിക്കു നിവൃത്തിയില്ല. അതിൽ ചില ഭാഗങ്ങളും വേണമെന്നാണെന്റെ അഭിപ്രായം.

ശ്രീ. പി. ടി. ചാക്കോ: അങ്ങനെ പറഞ്ഞതുകൊണ്ടു് വിശേഷമൊന്നുമില്ല. ഞാൻ യാജ്ഞവൽക്യനും അദ്ദേഹം മനുവുമാണ്.

റൂൾ ഉണ്ടാക്കുമ്പോൾ അവരവരുടെ കണ്ണാടിയിൽ കാണുന്ന നിറത്തിൽക്കൂടിയാണു് എപ്പോഴും റൂൾ എഴുതുന്നതു്. താൻ ഒരദ്ധ്യാപകനായിരുന്നാൽ, എന്തുവേണം എന്നാലോചിച്ചിരുന്നു എങ്കിൽ, ഈ റൂളിൽ കാണുന്ന പല വ്യവസ്ഥകളും ഇതിൽ സ്ഥലം പിടിക്കുകയില്ലായിരുന്നു.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള: ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതിയെപ്പററി ബഹുമാനപ്പെട്ട മെമ്പർക്കു പറയാനുള്ളതെന്താണെന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. പി. ടി. ചാക്കോ: നമ്മുടെ വിദ്യാഭ്യാസമന്ത്രി അദ്ധ്യാപകനായിരുന്ന കാലത്തു് അദ്ദേഹം എങ്ങനെയിരിക്കണമെന്നു വിഭാവനചെയ്തുകൊണ്ടു് ആ ദർപ്പണത്തിൽക്കൂടി കാണുന്ന ചില കാഴ്ചകൾവച്ചുകൊണ്ടാണ് ഈ റൂൾ ഇപ്പോൾ എഴുതിയിരിക്കുന്നതു്.

[Mr. Speaker in the Chair]

ഏഴാമത്തെ ഉപവകുപ്പിൽ "refuses to obey valid orders communicated to him by the officers of the Department." എന്നാണു് പറഞ്ഞിരിക്കുന്നതു്. വാലിഡ് ആർഡേഴ്സ് റെഫ്യൂസ് ചെയ്യണമെന്നു പറഞ്ഞാൽ, അർത്ഥമെന്താണ്? നിയമപ്രകാരമുള്ള ആർഡേഴ്സ് അനുസരിക്കണമെന്നു പറഞ്ഞാൽ മനസ്സിലാക്കാം. ഏതെങ്കിലും ഒരു ആർഡർ വാലിഡ് അല്ലെന്നു തോന്നിയാലോ? അതുകൊണ്ടു് ഈ ഉപവകുപ്പും ആവശ്യമില്ലാത്ത ഉപദ്രവം ഉണ്ടാക്കുന്നതാണ്. ഈ ഭേദഗതി മന്ത്രി സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ടി. ചാക്കോ]

അടുത്തത്, എട്ടാം ഉപചട്ടത്തെപ്പററിയാണ്. അത് ഉപേക്ഷിക്കണമെന്നാണ് എന്റെ ഭേദഗതി.

മി. സ്പീക്കർ: 8 ഉപേക്ഷിക്കണമെന്നൊരു ഭേദഗതി ബഹുമാനപ്പെട്ട മെമ്പർ അവതരിപ്പിച്ചിട്ടില്ല.

"refuses to undergo a course of training when required to do so"—No amendment to that has been suggested by anybody.

Shri P. T. Chacko: I was speaking about clause (vii); Incidentally I mentioned about clause (viii).

അടുത്തത് 9-ാം വകുപ്പ് ഡിലീററ് ചെയ്യണമെന്നുള്ളതാണ്. ആ ഉപവകുപ്പ് ഇതാണ്. "is found to be not competent to serve efficiently as a teacher of the Standards or subjects which he is permitted to teach"

Shri Joseph Mundassery: I agree to delete sub-rule (ix).

ശ്രീ. പി. ടി. ചാക്കോ: അടുത്തത് 12-ാം ഉപവകുപ്പിനെപ്പററിയാണ്. അതും ഡിലീററ് ചെയ്യണം.

"is directly or indirectly, solely or in conjunction with others, the editor or the proprietor of any news paper, magazine, or periodical other than a publication devoted to art, science, or literature, without the written sanction of the Director': എന്ന വ്യവസ്ഥയും ആവശ്യമില്ലെന്നാണ് തോന്നുന്നത്. ഒരു പത്രത്തിന്റെ ഫുൾടൈം എഡിററർ ആകരുതെന്നേയുള്ളൂ. ഒരദ്ധ്യാപകൻ ഒരു പത്രവുമായുള്ള ബന്ധം പുലർത്തുന്നു എന്നുള്ളതുകൊണ്ട്, അല്ലെങ്കിൽ വല്ല എഡിറേറാറിയലും എഴുതിക്കൊടുത്തതുകൊണ്ട് ദോഷമൊന്നും വരാനില്ല. മന്ത്രിതന്നെ മന്ത്രിയായിരുന്നുകൊണ്ട് പത്രപ്രവർത്തനം നടത്തുന്നുണ്ട്. അദ്ദേഹം അദ്ധ്യാപകനായിരുന്നപ്പോഴും നടത്തിയിട്ടുണ്ടെന്നാണെന്റെ ഓർമ്മ. അതു ശരിയാണോ അല്ലയോ എന്നു നിശ്ചയമില്ല. അതുകൊണ്ടു പത്രപ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം ഒരദ്ധ്യാപകൻ ഫുൾടൈം പ്രവർത്തകനല്ലെങ്കിൽ, അതിനെ നിരോധിക്കേണ്ടതില്ല.

അടുത്തത് 13-ാമത്തെ സബ്ക്ലാസ്സ് ഡിലീററ് ചെയ്യണമെന്നുള്ളതാണ്, അതു മന്ത്രി തീർച്ചയായും സമ്മതിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

Shri Joseph Mundassery: I agree to delete it.

ശ്രീ. പി. ടി. ചാക്കോ: ഇതൊക്കെ അക്സപ്ററ് ചെയ്യുന്നെങ്കിലും ഇങ്ങനെ റൂളുകൾ എഴുതിയുണ്ടാക്കുമ്പോൾ, ഡിലീററ് ചെയ്യാവുന്ന വകുപ്പുകൾ കാലേക്കൂട്ടിത്തന്നെ ഡിലീററ് ചെയ്തുകൊണ്ട് റൂളുകൾ ഉണ്ടാക്കിയിരുന്നു എങ്കിൽ ഇത്രയേറെ സമയവും, പണവും ചെലവാക്കേണ്ടയാവശ്യമില്ലായിരുന്നു. ഈ സഭയുടെ വിലയേറിയ സമയം ഇതുമൂലം വളരെയധികം മിനക്കെട്ടിട്ടുണ്ട്. അതുകൂടി മന്ത്രി ശ്രദ്ധിക്കണമെന്നപേക്ഷിക്കുന്നു.

Shri P. Govinda Pillai: Sir, I move In Chapter XIII, Rule(xi) be deleted.

Shri Joseph Mundassery: Sir, I agree to the deletion of that sub-rule (xi).

Mr. Speaker: Now, Mr. K. C. Abraham, are you moving your amendment for the deletion of (viii).

Shri Ponnara G. Sreedhar: It is better not to accept that. Is it already accepted? I mean deletion of Rule (xi).

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: The Minister has agreed to accept; it becomes acceptance only when it is put to the House and accepted.

Shri K. C. Abraham: Sir, I move that in Chapter XIII, sub-rule (viii) be deleted.

എട്ടാം ഉപവകുപ്പ് ഡിലീററു ചെയ്യണമെന്നുള്ളതാണ് എന്റെ ഭേദഗതി. ഏതെങ്കിലും തരത്തിലുള്ള ട്രെയിനിംഗിനു പോകാനായി ആവശ്യപ്പെട്ടാൽ അതു ചെയ്യുന്നില്ലെങ്കിൽ ആ അദ്ധ്യാപകനെ ജോലിയിൽനിന്നും പിരിച്ചുവിടുമെന്നാണ് ഈ റൂളിൽ പറയുന്നതു്. അദ്ധ്യാപകന്മാർ സ്കൗട്ട് മാസ്റ്ററന്മാരായി പോകേണ്ട സന്ദർഭങ്ങൾ വരും. അപ്പോൾ അതിനു വിസമ്മതിക്കുകയാണെങ്കിൽ, ജോലിയിൽനിന്നും പിരിച്ചുവിടും. വേറെയും ചില ട്രെയിനിംഗിനായി അദ്ധ്യാപകന്മാർ പോകാനുണ്ട്. അതിനും വിസമ്മതിച്ചാൽ ജോലിയിൽനിന്നും പിരിച്ചുവിടുമെന്നു പറയുന്നതും ശരിയല്ല. അതിനു ചില ചെറിയ ശിക്ഷകൾ കൊടുത്താൽ മതിയാകും. ഇൻക്രിമെന്റു തടയുക, promotion തടയുക തുടങ്ങിയ ശിക്ഷകൾ ഏതെങ്കിലും കൊടുത്താൽ മതിയാകും. ഈ ഭേദഗതി മന്ത്രി സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

Shri Joseph Mundassery: I do not accept it.

ശ്രീ. പൊന്നറ ജി. ശ്രീധർ: എല്ലാം മൂവ്ചെയ്തുകഴിഞ്ഞെങ്കിൽ എനിക്കു ഒരു വാക്കു പറയാനുണ്ടായിരുന്നു.

മി. സ്പീക്കർ: എല്ലാം മൂവ് ചെയ്തു കഴിഞ്ഞു.

12 noon] ശ്രീ. പൊന്നറ ജി. ശ്രീധർ: എന്നാൽ എനിക്കു് ഒരു വാക്കു പറയുവാനുണ്ടു്.

Shri T. C. Narayanan Nambiar: Sir, may I know whether amendment of Shri Poulose has been moved?

Shri E. P. Poulose: I move:

In Chapter XIII, Rule (viii) add at the end "withput sufficient grounds"

Shri M. Narayana Kurup: Sir, I may know whether the Minister has agreed to delete the whole of sub-rule (xi) Otherwise I had a partial amendment.

Shri Joseph Mundassery: Yes. I have agreed to the entire deletion of rule (xi)

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, ഇതിലെ റൂളുകൾ എഴുതിക്കൊണ്ടുവന്നതിലല്ല എനിക്കു് അതിശയം തോന്നുന്നതു്, ചില അമൻഡ്മെന്റുകളെല്ലാം അതേപടി മന്ത്രി സ്വീകരിച്ചുപോകുന്നതിലാണ് എനിക്കു് അത്ഭുതം. അദ്ദേഹം സ്വീകരിച്ച ഭേദഗതികൾ ചിലതെല്ലാം സ്വീകരിക്കുവാൻ പാടില്ലാത്തവയാണ്. ഇതിലെ പല റൂളുകളും വളരെ അത്യാവശ്യമായിട്ടുള്ള റൂളുകളാണ്. നമ്മുടെ രാജ്യത്തെ വിദ്യാഭ്യാസം ശരിക്കു നടത്തിക്കൊണ്ടുപോകണമെങ്കിൽ ഇങ്ങനെയുള്ള റൂളുകൾ ആവശ്യമാണ്. സർക്കാർ അദ്ധ്യാപകന്മാരും പ്രൈവററു അദ്ധ്യാപകന്മാരും അവരുടെ ചുമതലകൾ ശരിക്കു നിർവഹിച്ചുകൊണ്ടുപോകുന്നതിനു് ഇങ്ങനെയുള്ള റൂളുകൾ ആവശ്യമാണ്. സർക്കാർ ഉദ്യോഗസ്ഥന്മാർക്കു് ബാധകമായിട്ടുള്ള ചില റൂളുകൾ ഉണ്ട്. ആ റൂളുകളാണ് ഇങ്ങോട്ടു പകർത്തിയിരിക്കുന്നതു്. അതിലെ ചില റൂളുകൾ എടുത്തുകളയുവാൻ മന്ത്രിതന്നെ സമ്മതിച്ചിരിക്കുകയാണ്. xi-ാം സബ്റൂളും തന്നെ എടുത്തുകളയുവാൻ അദ്ദേഹം സമ്മതിച്ചിരിക്കുകയാണ്.

2/675/V.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പൊന്നറ ജി. ശ്രീധർ]

"wilfully infringes any conditions of service in the school wherein he is employed as a teacher"; ഇതാണ് (xi)-ാം സബ്ക്ലാസ്. ഇതു് എടുത്തുകളയണം എന്നുള്ള ഭേദഗതിയെ അദ്ദേഹം സ്വീകരിക്കുകയാണ് ചെയ്തതു്. വിൽഫുളി ഇൻഫ്രിഞ്ചസ്, അതായതു ഒരു അദ്ധ്യാപകൻ മനഃപൂർവ്വം സർവ്വീസ് കണ്ടിഷനെ ധിക്കരിച്ചു പ്രവർത്തിക്കുകയാണെങ്കിൽ ആ അദ്ധ്യാപകനെ ശിക്ഷിക്കേണ്ട എന്നു് അദ്ദേഹം സമ്മതിച്ചിരിക്കുകയാണ്. പിന്നെ സബ് ക്ലാസ് (ix) പഠിപ്പിക്കുന്നതിനു താൻ സ്റ്റാൻഡേർഡിൽ എത്തിയിട്ടുള്ള ആളാണെന്നു് അധികാരികളെ വിശ്വസിപ്പിച്ചുകൊണ്ടാണ് അദ്ധ്യാപകന്മാർ വന്നുകയറുക. അങ്ങനെ വന്നുകയറുന്ന ഏതെങ്കിലും അദ്ധ്യാപകനു പഠിപ്പിക്കുവാൻ അറിഞ്ഞുകൂടായെങ്കിൽ, ഒന്നിനും കൊള്ളാത്ത അദ്ധ്യാപകനെ ഏതെങ്കിലും ക്ലാസിൽ സ്കൂളിൽ വച്ചുകൊണ്ടിരിക്കണമെന്നു് അദ്ദേഹം സമ്മതിച്ചിരിക്കുകയാണ്. പഠിപ്പിക്കുവാൻ അറിയാത്ത അദ്ധ്യാപകൻ ഏതെങ്കിലും ക്ലാസിൽ സ്കൂളിൽ കടന്നുപോയാൽ ആ അദ്ധ്യാപകനെ അവിടെ വച്ചുകൊണ്ടിരിക്കണമെന്നു് അദ്ദേഹം സമ്മതിച്ചിരിക്കുകയാണ്. അതുപോലെ സബ്ക്ലാസ് (ix) അതും എടുത്തുകളയുന്നതിനു അദ്ദേഹം സമ്മതിച്ചിരിക്കുകയാണ് എന്നാണെന്റെ ഓർമ്മ. അതു് അദ്ദേഹം സമ്മതിച്ചോ എന്നു അറിഞ്ഞാൽ കൊള്ളാം.

Mr. Speaker: You can speak from your own memory.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഈ സബ്ക്ലാസിൽനിന്നു "is found to be not competent to serve efficiently as a teacher" എന്ന ഭാഗം എടുത്തുകളഞ്ഞു് "has taken any part whatsoever in unlawful agitation directed against the authority of the Government or in any movement" എന്നു കഴിഞ്ഞിട്ടു് "resulting in violence" എന്നു ചേർത്തു് ഒരു ക്ലാസ് ഉണ്ടെങ്കിൽ അങ്ങനെയുള്ള ഒരു ക്ലാസ് വളരെ ആവശ്യമാണ്. ഇന്നത്തെ അദ്ധ്യാപകന്മാരുടെ പോക്കിനെ തടയുന്നതിനു് അങ്ങനെ ഒരു ക്ലാസ് ആവശ്യമാണ്. ഇന്നത്തെ പോക്കു തടയുന്നതിനു ഒരു ക്ലാസ് ആവശ്യമാണ്. അൺലാഫുൾ അജിറ്റേഷൻ അദ്ധ്യാപകന്മാർ നടത്തുകയാണെങ്കിൽ അതിനെ നിരോധിക്കുന്നതിനു ഒരു ക്ലാസ് ആവശ്യമാണ്. അൺലാഫുൾ അജിറ്റേഷനു സർക്കാർ ഉദ്യോഗസ്ഥന്മാർ തയ്യാറായാൽ അവരുടെ പേരിൽ നടപടി എടുക്കുന്നതിനു വ്യവസ്ഥകൾ ഉണ്ട്. എന്നാൽ പള്ളിക്കൂടം വാദ്ധ്യാന്മാർ അൺലാഫുൾ അജിറ്റേഷൻ നടത്തുകയാണെങ്കിൽ അതിനെ തടയുന്നതിനു നിയമം ആവശ്യമില്ല എന്നാണ് പറയുന്നതു്. ഈ നാട്ടിലുള്ള കുറെ ആളുകളെ, പത്തഞ്ഞൂറു പേരെ ഉപദ്രവിക്കുന്നതിനും അടിക്കുന്നതിനും കുറെ അദ്ധ്യാപകന്മാർ തയ്യാറായാൽ അതിനെ തടയുന്നതിനു് ഒരു നിയമം ആവശ്യമാണ്. അൺലാഫുൾ അജിറ്റേഷൻ ഏതെങ്കിലും അദ്ധ്യാപകൻ ചെയ്യുകയാണെങ്കിൽ അയാൾ തീർച്ചയായും കുറ്റക്കാരനാണ്, അതിനു് അയാളെ ശിക്ഷിക്കുന്നതിനു് ഈ മാതിരി ഒരു നിയമം ആവശ്യമാണ്. ബഹുഭൂരിപക്ഷത്തിനു ചിലപ്പോൾ വിരോധമായിരിക്കും എന്റെ അഭിപ്രായം.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: അല്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഇന്നത്തെ കുഞ്ഞുങ്ങളെ പഠിപ്പിക്കുവാൻ കൂടി കടമപ്പെട്ട അദ്ധ്യാപകന്മാരുടെ കാര്യത്തിലുള്ള ഈ വകുപ്പു എടുത്തുകളയാം എന്നു മന്ത്രി പറഞ്ഞതു് ശരിയല്ല. അദ്ദേഹം ഞാൻ പറഞ്ഞ ഭേദഗതികളോടുകൂടി ചില വകുപ്പുകൾ ഇതിലേക്കു് കൊണ്ടുവരുന്നതു് നന്നായിരിക്കും. അദ്ധ്യാപകന്മാരെ സംബന്ധിച്ചുള്ള കാൺഡക്റ്റ റൂൾസ് നിയമവിരുദ്ധമാണെന്നു് കോടതി വിധിക്കുന്നതുവരെ നമുക്കു് അതു് ഇവിടെ നടപ്പാക്കാം. ന്യായം നടത്തുവാൻ സൗകര്യമുള്ള വകുപ്പുകളെല്ലാം എടുത്തുകളയുന്നതു് ഒരിക്കലും ശരിയല്ല. അദ്ദേഹം ഒരു അദ്ധ്യാപകൻ ആയിരുന്നതുകൊണ്ടു് വാദ്ധ്യാന്മാരെ സഹായിക്കുവാൻ വേണ്ടിയാണ് ഈ (ix)-ം, (xi)-ം ഉപവകുപ്പുകൾ എടുത്തുകളയാം എന്നു സമ്മതിച്ചതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. മത്തായി: സർ, ഇതിലെ സബ്ക്ലാസ്സ് (8) ഡിലീററ് ചെയ്യണമെന്നു് മിസ്റ്റർ അബ്രഹാം ഒരു അമൻഡുമെൻറ് കൊണ്ടുവന്നതു് മന്ത്രി സ്വീകരിച്ചില്ല. ഒരു അദ്ധ്യാപകനോടു ട്രെയിനിംഗിനു പോകണമെന്നു പറഞ്ഞാൽ ആ അദ്ധ്യാപകൻ പോയില്ലെങ്കിൽ അയാളെ അദ്ധ്യാപകനായി തുടരാൻ അനുവദിക്കുകയില്ല എന്നാണു് പറയുന്നതു് ട്രെയിനിംഗിനു് പോകണം എന്നു പറയുന്ന അവസരത്തിൽ പല കാരണങ്ങൾകൊണ്ടും ഒരു അദ്ധ്യാപകനു് ട്രെയിനിംഗിനു് പോകുവാൻ സൗകര്യപ്പെടാതെവരും. അതുകൊണ്ടു് sufficient reason ഓടുകൂടി റെഫ്യൂസ് ചെയ്യുകയാണെങ്കിൽ ആ അദ്ധ്യാപകനെ ഈ ഉപറൂൾ ബാധിക്കുകയില്ല എന്നു ചേർത്തില്ലെങ്കിൽ ഈ ഉപറൂൾ അദ്ധ്യാപകന്മാരെ സംബന്ധിച്ചിടത്തോളം വളരെ ബുദ്ധിമുട്ടുണ്ടാക്കുന്ന ഒന്നായിരിക്കും. ഏതെങ്കിലും സുഖക്കേടു വന്നാൽ അല്ലെങ്കിൽ വേറെ ഏതെങ്കിലും അസൗകര്യമുണ്ടെങ്കിൽ ആ കാരണം പറഞ്ഞു് അദ്ധ്യാപകനു് ട്രെയിനിംഗിനു് പോകാതെയിരിക്കാവുന്നതാണു്.

ശ്രീ. എം. നാരായണക്കുറുപ്പു്: സർ, ഈ റൂളുകൾ ഗവൺമെൻറ് സർവ്വീസ് ചട്ടങ്ങളിൽപ്പെട്ടതാണു്. അതുകൊണ്ടു് ഇതിൽ അഭിപ്രായവ്യത്യാസം ഉണ്ടാകാൻ ഇടയില്ല എന്നുള്ള അഭിപ്രായഗതിയോടു് യോജിക്കുവാൻ നിവൃത്തിയില്ല. ഇവിടെ അദ്ധ്യാപകന്മാരെ നിയമിക്കുന്നതു പബ്ലിക് സർവ്വീസ് കമ്മീഷൻ തിരഞ്ഞെടുക്കുന്ന ലിസ്റ്റിൽ നിന്നാണെങ്കിലും അവരുടെ പേരിൽ ശിക്ഷണ നടപടികൾ എടുക്കുന്ന കാര്യത്തിൽ അതുമായിട്ടു് ബന്ധമില്ല. സാധാരണ ഒരു ഗവൺമെൻറ് ജീവനക്കാരനാണെങ്കിൽ പബ്ലിക്ക് സർവ്വീസ് കമ്മിഷൻെറ നിയന്ത്രണത്തിനു വിധേയമായിട്ടു മാത്രമേ ശിക്ഷണ നടപടികൾ എടുക്കുവാൻ പാടുള്ളു. ഇവിടെ അതു ഇല്ലാത്തതുകൊണ്ടു് അതു അങ്ങനെതന്നെ പകർത്തണം എന്നു പറയുന്നതിനോടു് യോജിക്കുവാൻ നിവൃത്തിയില്ല.

ഇതിലെ (ix)-ം, (xi)-ം സബ്റൂളുകൾ എടുത്തുകളയേണ്ടതു് ആവശ്യമാണു്. എഫിഷ്യൻസിയുടെ കാര്യം പറഞ്ഞു് എഡ്യൂക്കേഷണൽ ആഫീസറും മാനേജരുംകൂടി യോജിച്ചു് ചില അദ്ധ്യാപകന്മാരെ പിരിച്ചുവിട്ടിട്ടുണ്ടു്. ഒരദ്ധ്യാപകനെ പിരിച്ചുവിടണമെന്നു മാനേജർക്കു തോന്നിയാൽ മാനേജരും എഡ്യൂക്കേഷണൽ ആഫീസറുംകൂടി യോജിച്ചുകൊണ്ടു് അദ്ദേഹത്തിനു പഠിപ്പിക്കുവാൻ കഴിയാത്ത വിഷയങ്ങൾ പഠിപ്പിക്കുവാൻ പറയും. അതു പഠിപ്പിക്കുവാൻ ആ അദ്ധ്യാപകനു കഴിഞ്ഞില്ലെങ്കിൽ അയാളെ പിരിച്ചുവിടും. ഒരദ്ധ്യാപകനു പഠിപ്പിക്കുവാൻ കഴിവില്ലാത്ത വിഷയം പഠിപ്പിക്കണമെന്നു പറഞ്ഞാൽ എങ്ങനെയാണു് അതു് പഠിപ്പിക്കുവാൻ സാധിക്കുക.

പിന്നെ സബ്റൂൾ (xi)-ൽ "wilfully infringes any conditions of service in the school where in he is employed as a teacher", എന്നാണു പറയുന്നതു്. ഇവിടെ പൊതുവെയുള്ള ഒരു സർവ്വീസ് ചട്ടമാണു ഏർപ്പെടുത്തുന്നതു്. പ്രത്യേകസ്കൂളുകൾക്കു പ്രത്യേക ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം കൊടുത്തിട്ടില്ല. ഇനി പ്രത്യേക സ്കൂളുകൾക്കു പ്രത്യേക സർവ്വീസ് ചട്ടങ്ങൾ അനുവദിക്കപ്പെടുകയില്ല. അതുകൊണ്ടു് ഈ രണ്ടു റൂളുകളെ സംബന്ധിച്ചും എൻെറ പ്രത്യേകമായുള്ള അഭിപ്രായങ്ങൾ ഇവിടെ രേഖപ്പെടുത്തുകയാണു്. ഗവൺമെൻറിൻെറ സർവ്വീസ് ചട്ടങ്ങൾ അവർക്കു നൽകിയിട്ടുള്ള മുഴുവൻ അവകാശങ്ങളും, അതായതു് പബ്ലിക്ക് സർവ്വീസ് കമ്മിഷൻെറ നിയന്ത്രണത്തിനു വിധേയമായി ശിക്ഷണ നടപടികളെടുക്കുവാനുള്ള അവകാശം കൊടുക്കാത്തിടത്തോളംകാലം അതങ്ങനെ തന്നെപകർത്തുന്നതു ശരിയായിരിക്കുകയില്ല എന്നാണു് എൻെറ അഭിപ്രായം.

Mr. Speaker: The Education Minister had expressed opinions of all these amendments. Have you got anything more to say?

Shri Joseph Mundassery: No.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: സബ്റൂൾ (5)-നെപ്പററി അദ്ദേഹത്തിന്റെ അഭിപ്രായം പറഞ്ഞിട്ടില്ല.

Mr. Speaker: Has the Minister got anything to say about sub-rule (5)?

Shri Joseph Mundassery: I may be allowed to redraft the whole Chapter.

Mr. Speaker: Chapter XIII is held over. Chapter XIV.

ശ്രീ. പി. ടി. ചാക്കോ: ചാപ്ററർ 14-നും, അങ്ങനെ വേണമെങ്കിൽ അതിനെക്കുറിച്ചു് ഒരു ചർച്ച വേണം

Mr. Speaker: When a certain amount of discussion takes place if it becomes necessary, it may be held over. Otherwise that is not required.

Shri Alexander Parampithara: "In Chapter XIV A, Rule 1 add after" (d) temporary "and there shall be no difference in grades of pay, increments, leave rules and all other amenities of service between sirkar and private school teachers"

ഈ ഭേദഗതി ഇവിടെ അവതരിപ്പിക്കുന്നതു്, തുല്യ ജോലിക്കു് തുല്യവേതനം എന്നു വളരെ ഏറെ പ്രസംഗിക്കപ്പെട്ടിട്ടുള്ളതാണെങ്കിലും, അതു ഈ വിദ്യാഭ്യാസബില്ലിൽ നടപ്പിൽ വന്നാൽ സാദ്ധ്യതയാകുമെന്നൊരു പ്രതീക്ഷ അദ്ധ്യാപകന്മാർക്കും മററുമുണ്ടായിരുന്നുവെങ്കിലും അതു സംബന്ധിച്ചു് യാതൊന്നും ഇതിൽ കാണാത്തതുകൊണ്ടാണു്. I move also: In Chapter XIV A, Rule 6 add as note the following:—

"The probation period shall count for increment as in Government schools". ഒരു കൊല്ലം പ്രൊബേഷൻ പീരിയഡ് പൂർത്തിയായി എന്നുവരുകിൽ അതും കൂടി ഇൻക്രിമെൻറിനു് കണക്കാക്കണമെന്നാണു്.

Shri K. M. George: I move:

In Chapter XIV Rule 7 be deleted.

അദ്ധ്യാപകന്മാരെ നിയമിച്ചുകഴിഞ്ഞാൽ മാനേജർ അപ്പോയിൻറമെൻഡ് ഓർഡർ ഈ അദ്ധ്യാപകനു കൊടുക്കണമെന്നും ആ അപ്പോയിൻറമെൻഡ് ഓർഡർ എന്നു ജോലിയിൽ പ്രവേശിക്കുന്നോ, അന്നുമുതൽ നിയമനം ഉർജ്ജിതത്തിൽ വരുമെന്നും എന്നാൽ അതു് "Provided the appointment is duly approved"

അങ്ങനെ അപ്രൂവൽ കിട്ടിയതിനുശേഷം വേണമെന്നാണു്. അതിന്റെ ആവശ്യമൊന്നും കാണുന്നില്ല. ഇതു് ഡിലീററു ചെയ്യാവുന്നതാണു്. സ്വയം വ്യക്തമാണു്.

Shri Joseph Mundassery: I do not accept the amendments. These matters would come under the rules which are to be framed under section 12 of the Act.

Mr. Speaker: So these rules are not complete and exhaustive. The rules framed on the basis of section 12 of the Act will be placed before the House later.

The amendments of Shri Alexander Parampithara were put and lost.

LIBRARY ARCHIVES Kerala Legislative Assembly

The amendment of Shri K. M. George was put and lost.

Shri P. Govinda Pillai: In Chapter XIV A Rule 10 in the last sentence delete the following words "such general principles" and substitute instead, "the written application of the teacher or teachers affected" and the following sentences:—

"No transfer shall be valid if it is a punitive measure. An appeal shall lie with the Director on the decision to the Educational Officer and the transfer shall not take effect before the Director decides on the appeal, if any". ഒരു എഡ്യൂക്കേഷണൽ ഏജൻസിയുടെ അല്ലെങ്കിൽ കാർപ്പറേററ് ബോഡിയുടെ കീഴിൽ പല സ്കൂളുകളുണ്ടായിരിക്കും. ഒരു മാനേജ്മെൻറിൻെറ കീഴിലുള്ള സ്കൂളുകളിലുള്ള അദ്ധ്യാപകന്മാരെ അങ്ങോട്ടുമിങ്ങോട്ടും ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള അധികാരം മാനേജ്മെൻറിനുണ്ട്. അതു് അല്പം നിയന്ത്രിക്കേണ്ടതാണ്. സ്ഥലംമാററങ്ങൾ നടത്തുന്നതിന് ചില നിയമങ്ങളെല്ലാം ഇപ്പോൾ ഗവണ്മെൻറ സർവ്വീസിൽ പാലിച്ചുവരുന്നുണ്ട്. അതിന് ചില വ്യവസ്ഥകളുണ്ട്. സ്ഥാപനം അല്ലെങ്കിൽ ആഫീസ് വീടിൻെറ അടുത്തായിരിക്കണം. ആവശ്യക്കാരൻ അപേക്ഷിച്ചിരിക്കണം. ഭാര്യാഭർത്താക്കന്മാർക്ക് ഒന്നിച്ചു താമസിക്കുന്നുള്ള സാഹചര്യം അനുവദിക്കണം. അങ്ങനെ വളരെയധികം നിയന്ത്രണങ്ങൾക്ക് വിധേയമായി മാത്രമേ ഗവണ്മെൻറു സ്ഥാപനങ്ങളിൽപോലും സ്ഥലംമാററങ്ങൾ കൊടുക്കുന്നുള്ളു. പല അദ്ധ്യാപകന്മാരും ശമ്പളക്കൂടുതലിനെക്കാൾ ആശിക്കുന്നതു് അവരുടെ വീടിനടുത്തു് ജോലി കിട്ടുക എന്നായിരിക്കും. സ്ഥലംമാററം ചിലപ്പോൾ ശമ്പളക്കുറവിനേക്കാൾ വലിയ ശാപമാകും. അതുകൊണ്ടു് സ്ഥലംമാററത്തെ സംബന്ധിച്ചിടത്തോളം ചില നിയന്ത്രണങ്ങൾ വേണ്ടതാണ്.

"No transfer shall be valid if it is a punitive measure"

അതായതു ശിക്ഷയായി സ്ഥലംമാററാൻ പാടില്ല.

സ്ഥലംമാററങ്ങളെല്ലാം തത്വനിഷ്ഠമായിരിക്കണം. അദ്ധ്യാപകൻെറ സൗകര്യം പ്രമാണിച്ചായിരിക്കണം പ്രധാനമായും. തത്വരഹിതവും നിയമവിധേയമല്ലാത്തതുമായ മാററങ്ങൾ ഡയറക്ടറുടെ തീരുമാനത്തിനുമുമ്പ് നടപ്പിൽവരരുതു്.

Mr. Speaker: You have to suggest a time limit also for the appeal. Otherwise it will complicate matters.

Shri Joseph Mundassery: I may be allowed to modify the rule as follows:—

"Where more than one school is under the same Educational Agency, the Educational Agency may transfer any teacher from one school to another and in deciding on these transfers, the principles followed in Government schools shall be observed. The previous approval of the District Educational Officer shall be obtained by the Educational Agency if the transfer is not in accordance with such general principles".

ശ്രീ. എം. നാരായണക്കുറുപ്പ്: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ഭേദഗതിയിൽ ഒടുവിലത്തെ ഭാഗം ആവശ്യമില്ലെന്നു തോന്നുന്നു. Principles followed in Government schools എന്നു പറഞ്ഞാൽ മതിയാകും. അവിടെയുള്ള രക്ഷാവ്യവസ്ഥകൾ ഇവിടെയും മതിയാകും. അല്ലെങ്കിൽ എഡ്യൂക്കേഷണൽ ആഫീസറും ഏജൻസിയും കൂടി യോജിച്ചു് ട്രാൻസ്ഫർ നടത്താൻ സാധിക്കും. ഇങ്ങനെ ഇക്കൂട്ടർ രണ്ടുപേരും കൂട്ടുകൂടി പ്രവർത്തിക്കുന്നതു നമുക്കു ധാരാളമായി കാണാം. അതുകൊണ്ടു് ആ ഭാഗം വേണ്ടാ എന്നു വയ്ക്കുന്നതായിരിക്കും നല്ലതു്.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. ടി. എ. തൊമ്മൻ:</u> സെക്ഷൻ 12 അനുസരിച്ചുള്ള റൂളുകളും ഇനി പ്രത്യേകമായിട്ട് അവതരിപ്പിക്കുവാൻ പോകുകയാണ് എന്നു പറഞ്ഞു. ഇതിനു മുമ്പ് മി. അലക്സാണ്ടർ പറമ്പിത്തറ അമെൻഡുമെൻറ മൂവ് ചെയ്തപ്പോഴും പറഞ്ഞതു അതിനുവേണ്ടിയിട്ട് റൂളുകൾ ഉണ്ടാക്കാൻ പോകുകയാണ് എന്നാണ്. ഈ റൂളുകളും പിന്നീട് ഉണ്ടാക്കുന്ന 12-ാം വകുപ്പനുസരിച്ചുള്ള റൂളുകളോടുകൂടി അന്നു കൺസിഡർ ചെയ്താൽ മതിയാകുന്നതാണ്. എല്ലാം കൂടി ഒരുമിച്ചു കൊണ്ടുവന്നു പാസ്സാക്കുകയാണ് നല്ലതു്.

Mr. Speaker: That is your suggestion.

Shri T. A. Thommen: Yes.

<u>ശ്രീ. സി. എ. മാത്യു:</u> സർ, അപ്പോഴും ഈ ഡിപ്പാർട്ടുമെൻറൽ ട്രാൻസ്ഫറിനെപ്പററിയും മററും ഉള്ള റൂളുകളും ഈ സഭയിൽ പരിഗണനയ്ക്കു വരികയില്ലെന്നാണോ മനസ്സിലാക്കേണ്ടതു്. അതു് ഗവണ്മെൻറ സ്കൂളുകളിലെപ്പോലെ ഈ ഗവണ്മെൻറിൻെറ പരിധിയിൽപ്പെടുന്നതാണോ? ഇതെല്ലാം പിന്നീട് തയ്യാറാക്കിക്കൊണ്ടുവരുന്നതാണെന്നു പറഞ്ഞാൽ അവ പരിഗണിക്കാനുള്ള അവസരം നമുക്കു കിട്ടുന്നില്ല. ഇന്നു് വളരെയധികം കുഴപ്പങ്ങളും ഈ ഡിപ്പാർട്ടുമെൻറിൽ നടക്കുന്നുണ്ടു്.

Mr. Speaker: Any rule framed in pursuance of this Act, according to section 37 has to be placed before this House. It goes without saying.

<u>ശ്രീ. സി. എ. മാത്യു:</u> മിനിസ്റ്റർ അവതരിപ്പിച്ച ഭേദഗതി അനുസരിച്ചു് പ്രൈവററ സ്കൂൾ ടീച്ചേഴ്സിനും ഗവണ്മെൻറ സ്കൂൾ ടീച്ചേഴ്സിൻെറ റൂൾസിനു വിധേയമായിട്ടുള്ള റൂൾ ഉണ്ടാകുമെന്നാണ്. ഇപ്പോഴുംതന്നെ ഡിപ്പാർട്ടുമെൻറിൽ വളരെയധികം അപാകതകളും നടക്കുന്നുണ്ടു്. അതു തീർത്തിട്ടുവേണം ഇതു പരിഗണിക്കാൻ.

<u>ശ്രീ. പി. ഗോവിന്ദപ്പിള്ള:</u> അതു സബോർഡിനേററ് ലജിസ്ലേഷൻ കമ്മിററിയിൽ ഉന്നയിക്കാമല്ലോ.

Shri Joseph Mundassery: I accept the suggestion of Shri Kurup to delete the last sentence.

The following amendment as modified was put and carried.

"Where more than one school is under the same Educational Agency, the Educational Agency may transfer any teacher from one school to another and in deciding on these transfers, the principles followed in Government Schools shall be observed."

Shri Alexander Parambithara: Sir, I move: "In Chapter XIV A Rule 11 after 'with the previous approval' add 'or the subsequent ratification' and after 'the District Educational Officer' add "or officers concerned".

ഇതിൻെറ ആവശ്യം പിന്നീടു വരുന്ന റൂൾ 12-ൽ ആണു്. രണ്ടു സ്കൂളുകളിൽ ജോലിചെയ്യുന്ന അദ്ധ്യാപകന്മാരെ തമ്മിൽ ട്രാൻസ്ഫർ ചെയ്യുന്നതു് കൊല്ലത്തിൻെറ ആരംഭത്തിൽതന്നെ നടപ്പിൽവരുത്തണമെന്നാണ് നിയമം. അതു കമ്മ്യൂണിക്കേററ ചെയ്തു യഥാസമയം നടപ്പിൽവരുത്താൻ സാധിച്ചില്ലെങ്കിൽ, അതായതു് ഒരുമാസം താമസിച്ചുപോയാൽ ട്രാൻസ്ഫർ ആ കൊല്ലത്തിൽ പാടില്ല. ഇതുകൊണ്ടു് അദ്ധ്യാപകർക്കു് വലിയ ബുദ്ധിമുട്ടുകളുണ്ടാകും. എൻെറ ഭേദഗതി സ്വീകരിക്കുന്നതുകൊണ്ടു് അപകടമുണ്ടാകയില്ല

LIBRARY ARCHIVES Kerala Legislative Assembly

Shri Joseph Mundassery: Sorry, I cannot accept the amendment.

The amendment was put and lost.

Shri K. Moideenkutty Haji: I move: "In Chapter XIV A Rule 13 delete the whole part beginning with "next below the junior most" and add "in accordance with the services accrued by him as per his service book".

ഇതിൽ 11-ാം വകുപ്പുപ്രകാരം രണ്ടു വിവിധ വിദ്യാഭ്യാസ ഏജൻസികളുടെ നടത്തിപ്പിൻകീഴിലിരിക്കുന്ന അദ്ധ്യാപകന്മാരെ അവരുടെ പരസ്പര സമ്മതത്തോടുകൂടിയും എഡ്യൂക്കേഷണൽ ആഫീസറുടെ അനുമതിയോടുകൂടിയും മാററുമ്പോൾ അങ്ങനെ വരുന്ന അദ്ധ്യാപകൻ, എ-യിൽ നിന്നു ബി-യിലേക്കു് വരുന്ന അദ്ധ്യാപകന്റെ സർവ്വീസ് ഏററവും ജൂനിയറായ മറെറാരാളുടെ താഴെയായിട്ടു മാത്രമേ കണക്കാക്കുകയുള്ളു എന്നതു മുതൽ എടുത്തുകളഞ്ഞു് പകരം "in accordance with the services accrued by him as per his service book" എന്നു് ചേർക്കണമെന്ന ഭേദഗതിയാണു് ഞാൻ അവതരിപ്പിക്കുന്നതു്. ഒരേ മാനേജുമെൻറിലുള്ള സ്കൂളുകളിലെ അദ്ധ്യാപകന്മാർ പരസ്പരം മാററപ്പെടുമ്പോൾ അവരുടെ സർവ്വീസ് വകവച്ചുകൊടുക്കുമ്പോൾ രണ്ടു മാനേജുമെൻറുകളുടെ കീഴിലുള്ള രണ്ടു് അദ്ധ്യാപകന്മാർ പരസ്പരം സമ്മതിച്ചും മാനേജുമെൻറുകൾ പരസ്പരം സമ്മതിച്ചും സ്ഥലംമാറുകയാണെങ്കിൽ അവരുടെ സർവ്വീസ് നഷ്ടപ്പെടുന്നതു കഷ്ടമാണു്. അതുകൊണ്ടു് സർവ്വീസ് ഫിക്സ് ചെയ്യുന്നതു് അയാളുടെ സർവ്വീസ് ബുക്കിൽ എത്ര സർവ്വീസുണ്ടോ അതു കണക്കാക്കിയാകണം. ഇങ്ങനെ സീനിയാറിട്ടി ഫിക്സ് ചെയ്യുന്നതിൽ അപാകതയുണ്ടെന്നു തോന്നുന്നില്ല. ഇതംഗീകരിക്കുന്നതിൽ ബുദ്ധിമുട്ടുണ്ടാകയില്ലെന്നു ഞാൻ വിശ്വസിക്കുകയാണു്. കാരണം അദ്ധ്യാപകൻ ഇന്നു് പല ത്യാഗങ്ങളും പടവെട്ടലും നടത്തുന്നതു് തന്റെ അവകാശത്തിനുവേണ്ടിയാണു്. ഈ നിയമം നാം നിർമ്മിക്കുന്നതും അവക്കു സംരക്ഷണം നൽകാനാണു്. അദ്ധ്യാപകൻ ജീവിതകാലം മുഴുവൻ സമ്പാദിച്ച സ്വത്താണു് അയാളുടെ സർവ്വീസ്. ഈ വകുപ്പു് അദ്ധ്യാപകൻ സമ്പാദിച്ച സ്വത്തിനു നഷ്ടം വരുത്തുന്ന ഒരു പ്രവണതയുള്ളതാണു്. അതു ഖേദകരമാണു്. അങ്ങനെ വരുന്ന അദ്ധ്യാപകന്റെ മുഴുവൻ സർവ്വീസും വകവച്ചുകൊടുക്കുകയാണെങ്കിൽ പ്രധാന അദ്ധ്യാപകൻ പെൻഷൻ ആകുന്ന അവസരത്തിൽ സീനിയറായ അദ്ധ്യാപകനു പ്രധാന അദ്ധ്യാപകനായി വരാൻ സാദ്ധ്യതയുണ്ടു്. അങ്ങനെയുള്ള അവരുടെ അവകാശം നഷ്ടപ്പെടുത്തുന്നതാണീ വകുപ്പു്. അതുകൊണ്ടു് എന്റെ ഭേദഗതി അംഗീകരിക്കണമെന്നപേക്ഷിക്കുന്നു. അദ്ധ്യാപകൻ വളരെ ത്യാഗങ്ങൾ അനുഷ്ഠിച്ചു സമ്പാദിച്ച സർവ്വീസിന്റെ ഒരു മണിപോലും നഷ്ടപ്പെടുത്താനിടയാകരുതു്.

<u>ശ്രീ. പി. ഗോവിന്ദപ്പിള്ള</u> : ശ്രീ. ഹാജിയുടെ ഭേദഗതിയെ ഞാൻ എതിർക്കുകയാണു്. ഈ ഭേദഗതികൊണ്ടു് ഉദ്ദേശിച്ച ഫലം വരികയില്ല. രണ്ടു മാനേജർമാർ തമ്മിലോ രണ്ടു അദ്ധ്യാപകന്മാർ തമ്മിലോ യോജിച്ചു ഗൂഢാലോചന നടത്തി അവിടെയുള്ള പല അദ്ധ്യാപകന്മാരുടേയും മുകളിൽ സീനിയോറിട്ടി കിട്ടത്തക്കവിധത്തിൽ വന്നുചേരാനുള്ള സൗകര്യം ഈ ഭേദഗതികൊണ്ടു് ഉണ്ടാകും. നിലവിലുള്ള വകുപ്പുപ്രകാരം ശമ്പളത്തിൽ കുറവുവരുന്നില്ല. ശ്രീ ഹാജിയുടെ ഭേദഗതി ഏതു സ്കൂളിലേക്കു് അദ്ധ്യാപകൻ പോകുന്നോ ആ സ്കൂളിലെ അദ്ധ്യാപകന്റെ താല്പര്യത്തിനെതിരായിരിക്കും. അതുകൊണ്ടു് ഈ ഭേദഗതിയെ ഞാൻ എതിർക്കുകയാണു്.

<u>ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി</u> : ഗവണ്മെൻറു സ്കൂളുകളിൽ ഉള്ള അദ്ധ്യാപകന്മാരെ സ്ഥലം മാററുമ്പോൾ ഈ സീനിയോറിട്ടി കിട്ടുകയില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. പി. ഗോവിന്ദപ്പിള്ള</u> : കിട്ടും. കംപ്ലീററ ലിസ്റ്റാണ് അവരുടെയുള്ളത്. സീനിയോറിട്ടി തീരുമാനിക്കുന്നത് സംസ്ഥാന അടിസ്ഥാനത്തിലുള്ള ലിസ്റ്റിൽ നിന്നാണ്. പ്രൈവററ സ്കൂളിലെ സീനിയോറിട്ടി അവിടുള്ളവരുടെ മാത്രം ലിസ്ററ അനുസരിച്ചായിരിക്കും.

<u>ശ്രീ. ജോസഫ് മുണ്ടശ്ശേരി</u>: ഡിപ്പാർട്ടുമെൻറൽ ട്രാൻസ്ഫർ ഗവണ്മെൻറ് അനുവദിച്ചുവരുന്ന റൂളാണ്. സ്വകാര്യമേഖലകളിലുള്ള അദ്ധ്യാപകന്മാർക്ക് അതു ബാധകമല്ല. ശ്രീമാൻ മൊയ്തീൻകുട്ടി ഹാജി വിചാരിച്ചതുപോലെ ട്രാൻസ്ഫറിൻെറ പ്രശ്നമേയില്ല. ഇൻറർ ഡിപ്പാർട്ടുമെൻറൽ ട്രാൻസ്ഫർ നടത്തുമ്പോൾ സീനിയോറിട്ടി അനുവദിക്കുന്നതുപോലെ പ്രൈവററ് സ്കൂളുകൾക്ക് അതു് ബാധകമാകയില്ല. അതുകൊണ്ട് അമെൻഡുമെൻറ് സ്വീകരിക്കുന്നില്ല.

The amendment was put and lost.

Shri P. T. Chacko: Sir, I move:

"In Chapter XIV A Rule 15 the words after the words 'the Rules thereunder' be deleted. The portion to be deleted is this: "and any other Rules that may be laid down by the Government or the Department".

The Government or the Department cannot lay down such Rules and nobody can compel that such Rules should be obeyed. The only Rules contemplated by the Act are Rules framed under Section 36 and therefore this last portion may be deleted.

Shri Joseph Mundassery: We can add "Rules laid down in conformity with the Act".

Shri P. T. Chacko: Whenever Government frame rules they have to be brought before the Legislature according to the provisions contained in Section 37. Here reference is to the rules to be framed by Government. According to me, excepting rules framed under the provisions contained in Sections 36 and 37 Government have no right to frame any other rules.

Shri Joseph Mundassery: I am prepared to accept if the amendment is like this: In Chapter XIV A, Rule 15, for the words "any other rules that may be laid down by the Government or the Department" at the end, the words "any other orders issued by the Government or the Department in conformity with the provisions of the Act and the rules thereunder" shall be substituted.

The modified amendment was put and carried.

Shri Alexander Parambithara: Sir, I move:

"In Chapter XIV (A) Rule 32, after the words 'pension' and 'pensions' add "provident fund".

Shri P. M. Joseph: Sir, I move:

In Chapter XIV Rule 32 add after "application for pension and before "or gratuity", "provident fund".

Shri Joseph Mundassery: I accept the amendment.

The amendment was put and carried.

The amendment of Shri Alexander Parambithara was put and lost.

LIBRARY ARCHIVES Kerala Legislative Assembly

Shri M. Narayana Kurup: Sir, I move: "In Chapter XIV (A) delete Rule 45."

Mr. Speaker: There is an alternative amendment also. You may move that also.

Shri M. Narayana Kurup: Sir, I move: "In chapter XIV (A) Rule 45 add the following proviso:-

"Provided that the graduate teacher has put in a service equal to three fourths of the period of service of the senior most teacher".

സർ, ഇതുവരെ അപകടം പിടിച്ച ഒരു റൂൾ ആണ്. മുമ്പ് തിരുവിതാംകൂറിൽ, ബിരുദധാരികൾക്ക് സർവ്വീസ്സിൽ മുൻഗണന നൽകിയിരുന്നു. ആ ചട്ടം ഈ ഗവണ്മെന്റ് ഇപ്പോൾ നിറുത്തൽ ചെയ്തിരിക്കുകയാണ്. ഒരു പ്രത്യേക തീയതിക്കുമുൻപ് ഉണ്ടായിരുന്നവർക്ക് ചില ആനുകൂല്യങ്ങൾ കൊടുത്തിട്ടുണ്ട്. സെക്രട്ടറിയേറ്റിൽ ഗ്രാഡ്വേറ്റ്, അണ്ടർ ഗ്രാഡ്വേറ്റ് തമ്മിൽ ഇപ്പോൾ സ്വീകരിച്ചിട്ടുള്ള അനുപാതം 1:1 എന്നാണ്. ഇവിടെ നിയമമാക്കാൻപോകുന്ന വിദ്യാഭ്യാസചട്ടത്തിൽ ഇങ്ങനെയൊരു റൂൾ എഴുതിച്ചേർത്തുകാണുമ്പോൾ ഒരു പക്ഷേ, ഇവിടെ പലപ്പോഴും പറഞ്ഞിട്ടുള്ള മാതിരി ഇതു മുഴുവൻ പരിശോധിച്ചിട്ട് എഴുതിച്ചേർത്തതല്ലെന്നാണ് എന്റെ വിശ്വാസം. ഒരു കാര്യത്തിന് അർഹതപ്പെട്ട യോഗ്യത നിശ്ചയിച്ച്, പി. എസ്. സി. തിരഞ്ഞെടുത്ത്, മാനേജ്മെന്റിനാൽ നിയമിക്കപ്പെട്ടിട്ട് റിട്ടയർ ചെയ്യുന്നകാലത്ത് മുപ്പതുകൊല്ലത്തെ സർവ്വീസാകുമ്പോൾ, അയാൾ എസ്. എസ്. എൽ. സി. ക്കാരനാകയാൽ ഹെഡ്മാസ്റ്ററാകാൻ യോഗ്യതയില്ലെന്നുവരുന്നതു് കഷ്ടമാണ്. ഈ അവസരം നോക്കി, ഒരു കൊല്ലം മുമ്പ് ഒരു ഗ്രാഡ്വേറ്റ് അവിടെ അദ്ധ്യാപകനായി വന്നാൽ അയാൾക്ക് ഹെഡ്മാസ്റ്ററാകാനുള്ള സാദ്ധ്യതയുണ്ടാകുന്നതു് അദ്ധ്യാപകലോകത്തു് ഒരു വിരോധത്തോടുചെയ്യുന്ന വൻപിച്ച അനീതിയാണ്. അതുകൊണ്ട് തത്വത്തിന്റെ പേരിൽ തീർച്ചയായിട്ടും ഈ റൂൾ എതിർക്കപ്പെടേണ്ടതാണ്. ഇങ്ങനെയൊരു പരിഗണന ആവശ്യമില്ല. വേറൊരു ദൂഷ്യം കാണുന്നുണ്ട്. ഇങ്ങനെ ബിരുദധാരികൾക്ക് ഹെഡ്മാസ്റ്ററാകാനുള്ള മുൻഗണന നൽകിയാൽ, ബിരുദധാരികൾ അങ്ങനെയുള്ള സ്കൂളുകളിൽ കയറാൻ ശ്രമിക്കും. അവിടത്തെ എസ്. എസ്. എൽ. സി. ക്കാരായ അദ്ധ്യാപകരുടെ അവസരം അങ്ങനെ നഷ്ടപ്പെടും. ഒരു കാലത്തു് ഹെഡ്മാസ്റ്ററാകാം എന്ന ഉദ്ദേശത്തിലാണ് അവർ എസ്. എസ്. എൽ. സി. കഴിഞ്ഞു് അദ്ധ്യാപകജോലിക്ക് പോകുന്നതു്; അല്ലെങ്കിൽ അവരും ഉയർന്ന വിദ്യാഭ്യാസത്തിന് കാളേജുകളിൽ പോകാൻ ശ്രമിക്കുമായിരുന്നു. ഹെഡ്മാസ്റ്ററാകാനുള്ള സാദ്ധ്യതയുണ്ടെന്നുള്ള വിശ്വാസത്തിലാണ് അവർ അദ്ധ്യാപകരായിപോകാൻ ഔത്സുക്യം പ്രദർശിപ്പിച്ചിട്ടുള്ളതു്. ഇന്നത്തെ ചട്ടം പൊതുതത്വത്തിന് ഒരിക്കലും യോജിച്ചതല്ല. ഇതു് എടുത്തുകളയണം, അല്ലെങ്കിൽ അദ്ധ്യാപകലോകത്തുള്ള ബഹുഭൂരിപക്ഷം ആളുകൾക്കും പരാതിയുണ്ടാകുന്നതാണ്.

സർ, എന്റെ അടുത്ത ഭേദഗതികൂടി അവതരിപ്പിക്കുകയാണ്.

സർ, ഈ ചട്ടം അനുസരിച്ച് മുപ്പതുകൊല്ലത്തെ സർവ്വീസുള്ള ഒരു എസ്. എസ്. എൽ. സി. ക്കാരൻ സീനിയർമോസ്റ്റായാലും, ആ സ്കൂളിലെ ഹെഡ്മാസ്റ്ററാകാൻ ഒരുകൊല്ലം സർവ്വീസുള്ള ഒരു ഗ്രാഡ്വേറ്റിനാണ് മുൻഗണനയെന്നാണ്. ബിരുദധാരികളെ സംബന്ധിച്ചിടത്തോളം ഈ പരിഗണന ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം. അതല്ല, അവർക്കു് പ്രത്യേകം പരിഗണന വേണമെന്നുണ്ടെങ്കിൽ 25 ശതമാനം ആനുകൂല്യം നൽകാം എന്നോമറ്റോ ഒരു വ്യവസ്ഥ ചെയ്യുകയായിരിക്കും നല്ലതു്. അല്ലെങ്കിൽ മററുള്ള അദ്ധ്യാപകർക്ക് അതു ന്യായമായ പരാതിക്ക് ഇടയാക്കും. അതുപോലെതന്നെ റൂൾ 46-ന്റെ ആവശ്യമില്ലെന്നാണ് എനിക്ക് പറയാനുള്ളതു്. അതിന്റെ അർത്ഥംതന്നെ മനസ്സിലാകുന്നില്ല.

2/675/V.

LIBRARY ARCHIVES Kerala Legislative Assembly

[Shri M. Narayana Kurup]:

"Confirmations and promotions made in deviation of the Rules shall be subject to the approval of the Director"

എന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്. ബി. എ. ക്കാർക്ക് ഇല്ലാത്ത പ്രത്യേക നിബന്ധനകൾ മററുള്ളവർക്ക് വയ്ക്കുന്നതിന്റെ ആവശ്യമില്ല. പ്രത്യേക പരിതഃസ്ഥിതികളിൽ ബിരുദധാരികൾക്കു മുൻഗണന നൽകുന്നുണ്ട്; അവർക്കു ഹെഡ്മാസ്റ്ററാകാനുള്ള സാദ്ധ്യതയുണ്ട്. ഏതായാലും റൂൾ 45 ബഹുഭൂരിപക്ഷം അദ്ധ്യാപകർക്കും ദോഷം ചെയ്യുന്നതാണ്; അത് അദ്ധ്യാപകരോടു ചെയ്യുന്ന വലിയ ഒരനീതിയായിരിക്കും. അതിനോടു യോജിക്കാൻ നിവൃത്തിയില്ല. ആ റൂൾ എടുത്തുകളയണമെന്നാണ് എന്റെ അഭിപ്രായം. അതു സ്വീകരിക്കാൻ വല്ല കാരണവശാലും നിവൃത്തിയില്ലാതെവന്നാൽ, അത് ഈ നിലയിൽ നിലനിറുത്തുകയാണെങ്കിൽ എന്റെ ഈ ഭേദഗതി സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

ശ്രീ. കെ.സി. എബ്രഹാം: സർ, ശ്രീ. കുറുപ്പിന്റെ ഭേദഗതിയെ ഞാൻ പിൻതാങ്ങുന്നു. ബഹുമാനപ്പെട്ട മന്ത്രി ഈ ഭേദഗതി സ്വീകരിക്കുന്നതിൽ ഒരു കുഴപ്പവുമില്ല. വളരെക്കാലം മുമ്പുതന്നെ കൊച്ചിയിലെ ടീച്ചേഴ്സ് അസോസിയേഷൻ സമരം നടത്തിയതാണ് ഈ ആവശ്യത്തിനുവേണ്ടി. അന്നു ബഹുമാനപ്പെട്ട മന്ത്രി ആ സമരത്തിൽ പങ്കെടുത്തിരുന്നുവെന്നും അദ്ദേഹം ആ കാലങ്ങളിൽ കൊച്ചി പ്രൈവററ് അദ്ധ്യാപക സംഘടനയുടെ അദ്ധ്യക്ഷനായിരുന്നുവെന്നും ഉള്ള കാര്യം വിസ്മരിക്കരുത്. പ്രൈമറിസ്കൂളുകളിൽ ഹെഡ്മാസ്റ്ററായിരിക്കാൻ സർവ്വകലാശാല ഡിഗ്രി ഒഴിച്ചുകൂടാൻ പാടില്ലാത്തതല്ലെന്നും നല്ല ടീച്ചിംഗ് എക്സ്പീരിയൻസുള്ള എസ്. എസ്. എൽ. സി ക്കാർ മതിയെന്നുമുള്ള ശ്രീ കുറുപ്പിന്റെ അഭിപ്രായത്തോടു ഞാനും യോജിക്കുകയാണ്.

Shri Joseph Mundassery: It is an accepted rule in Travancore-Cochin area that the Headmaster of a complete Upper Primary School should be a graduate teacher. If the honourable Member insists I am prepared to accept his amendment: "Provided that the graduate teacher has put in a service equal to three fourths of the period of service of the senior most teacher".

The amendment was put and carried.

The amendment moved by Shri M. Narayana Kurup to delete Rule 45 was withdrawn.

Shri M. Narayana Kurup: Sir, I move:

"In Chapter XIV (A) Rule 49 recast sub-rule (1) in the following manner:-

"(1) Acting and temporary teachers appointed in vacancies which are not permanent but which extend over the Summer vacation, shall be entitled to vacation salary."

സർ, എന്നേക്കാൾ അദ്ധ്യാപകരുമായി അധികം ബന്ധപ്പെട്ടിട്ടുള്ള ശ്രീ. കെ. സി. എബ്രഹാം ഇവിടെ പറഞ്ഞതുപോലെ, നാം സ്ഥാനം മാറുമ്പോൾ പഴയ കഥകൾ വിസ്മരിക്കരുത്. സ്വകാര്യ മാനേജുമെന്റുകൾ ടെമ്പററി ടീച്ചേഴ്സിനെ മാർച്ച് 31-ാംതീയതി പിരിച്ചുവിട്ടിട്ട് വെക്കേഷൻകാലത്തെ രണ്ടുമാസത്തെ ശമ്പളം അപഹരിക്കുന്ന തത്വത്തെ നാം എതിർക്കുന്നവരാണ്. ഗവെണ്മെന്റുഭാഗത്തുനിന്നും, നിയമപരമായി അങ്ങനെ ചെയ്യാനുള്ള ചട്ടങ്ങൾ കൊണ്ടുവരുമ്പോൾ അതിനെ ആക്ഷേപിക്കാതിരിക്കാൻ നിവൃത്തിയില്ല. നിയമനം മാർച്ച് 31-ാംതീയതിയോടുകൂടി അവസാനിക്കുകയാണെങ്കിൽ ഇങ്ങനെ പിരിച്ചുവിടുന്നതിൽ ആക്ഷേപമില്ല. ഇതിൽ പറഞ്ഞിരിക്കുന്നതു ആ നിയമനം എട്ടുമാസക്കാലത്തേക്കാണെങ്കിൽമാത്രം അപ്പോഴും

LIBRARY ARCHIVES Kerala Legislative Assembly

പിരിച്ചുവിടരുതെന്നാണ്. അതു എല്ലായ്പ്പോഴും സ്വീകാര്യമായി വരികയില്ല. എട്ടുമാസം എന്നുള്ളതു ഏഴുമാസമോ, ആറുമാസമോ ആയെന്നു വരും. എന്റെ അഭിപ്രായത്തിൽ ഈ നിയമനം, വെക്കേഷൻകാലം കഴിഞ്ഞും തുടരാനുള്ള സാദ്ധ്യതയുള്ളതാണെങ്കിൽ അവരെ പിരിച്ചുവിടാൻ പാടില്ലെന്നാണ്. ഈ എട്ടുമാസമെന്നുള്ളതിനെപ്പററിത്തന്നെ പലർക്കും എതിർ അഭിപ്രായം കാണും. ഞാൻ ഒരു മിതവാദിയെന്ന നിലയിൽ അഭിപ്രായം പറയുകയാണ്. വെക്കേഷൻ കഴിഞ്ഞും നിലനില്ക്കുന്ന ഒരു പോസ്റ്റിൽ നിയമിക്കപ്പെട്ടിരിക്കുന്ന അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം ഇത്തരത്തിലുള്ള പിരിച്ചുവിടൽ പാടില്ലെന്നു വ്യവസ്ഥചെയ്യേണ്ടതാണ്. അതാണ് എന്റെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു്. ഇതു സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

Shri Joseph Mundassery : I am not in a position to accept the amendment though I am in full sympathy with the teachers. According to the rule, a teacher who has served for a month or two will have to continue in rotation and get out at the time when the school reopens because the division in which he was working might have been stopped. So, it is not possible to accept the amendment.

The amendment by Shri M. Narayana Kurup was put and lost.

Shri M. Narayana Kurup : Sir, I move :

"In Chapter XIV (A) Rule 53 add the following at the end "or without giving three months' notice." Rule 53 reads thus: "A teacher shall not himself terminate his service before the expiry of the term of his appointment without the permission of the Educational officer."

സർ, ഇതു വളരെ ആവശ്യമായ ഒരു ഭേദഗതിയാണ്. ഇങ്ങനെയുള്ള ചട്ടങ്ങൾ ഒക്കെ ഉണ്ടാകുന്നതിനുമുമ്പുതന്നെ നാച്ചുറൽ ജസ്റ്റീസ് എന്നുള്ളതിന്റെ പേരിൽ അദ്ധ്യാപകന്മാരെ പിരിച്ചുവിട്ടിട്ടുള്ളതിന്മേൽ പരാതി ബോധിപ്പിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതിയിൽതന്നെവിധിയുണ്ടായിട്ടുണ്ട്; മൂന്നുമാസത്തെ നോട്ടീസ് കൊടുത്തിട്ടുവേണം പിരിച്ചുവിടാൻ എന്ന്. അല്ലെങ്കിൽ അത്രയുംകാലത്തെ ശമ്പളം അവർക്കു കൊടുക്കണമെന്നാണ്. ഇതിൽ എഡ്യൂക്കേഷൻ ആഫീസറുടെ അനുവാദം ഉണ്ടെങ്കിലേ ഒരാൾക്കു ഉദ്യോഗത്തിൽ നിന്നും പിരിയാൻ സാധിക്കുന്നുള്ളു. അദ്ധ്യയനവർഷത്തിന്റെ മദ്ധ്യത്തുവച്ച് അദ്ധ്യാപകൻ പിരിഞ്ഞുപോകുകയാണെങ്കിൽ, ആ സ്ഥാപനത്തിന്റെ നടത്തിപ്പിനു് ഹാനിവരാത്ത വിധത്തിൽ വേറെ വ്യവസ്ഥ ചെയ്യണം. അല്ലെങ്കിൽ ഒരു കൊല്ലത്തേക്കു് അദ്ധ്യാപകൻ എന്തുവന്നാലും പിരിഞ്ഞുപോകാൻ പാടില്ല എന്നു് വ്യവസ്ഥ ചെയ്യണം. അതു ശരിയായിരിക്കുകയില്ല. ഒരു അദ്ധ്യാപകന്റെ ഭാവി ഇങ്ങനെ ഉദ്യോഗസ്ഥന്റെ പേനത്തുമ്പത്തു ഒതുക്കിനിറുത്തുന്നതു ശരിയായ നടപടിയായിരിക്കുകയില്ല. അതുകൊണ്ട് മൂന്നുമാസത്തെ നോട്ടീസു കൊടുത്തിട്ടു പോകാൻ അനുവാദം കൊടുക്കുന്ന വ്യവസ്ഥ സ്വീകരിക്കുന്നതായിരിക്കും നല്ലതു്. ഇതു് കേവലം നാച്ചുറൽ ജസ്റ്റീസിന്റെപേരിൽ ചെയ്യാവുന്നതാണ്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഇതു സ്വീകരിച്ചാൽ, മാനേജ്മെന്റും മൂന്നുമാസത്തെ നോട്ടീസ് ആവശ്യപ്പെടും. പോകേണ്ട ആളിനു് പോകേണ്ട സമയത്തു പോകാൻ സാധ്യമല്ലാതെവരും. സാധാരണഗതിയിൽ എഡ്യൂക്കേഷൻ ആഫീസർ ഇതിനു അനുവാദം നൽകാറുണ്ട്. മാനേജ്മെന്റും മൂന്നുമാസത്തെ നോട്ടീസ് ആവശ്യപ്പെടാൻ ഒരു സാഹചര്യം സൃഷ്ടിക്കാതിരിക്കുകയാണ് നല്ലതു്. സാധാരണഗതിയിൽ ഇത്തരം ആളുകൾക്കു അനുവാദം നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നാരായണക്കുറുപ്പ്: തക്കസമയത്തു അവധി കൊടുക്കുന്നില്ലെങ്കിൽ ബുദ്ധിമുട്ടാണ്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അങ്ങനെ വരികയില്ല.

The amendment by Shri M. Narayana Kurup was put and lost.

Shri Alexander Parambithara: Sir, I move:

"In Chapter XIV(A) Rule 57 Note, after "The Manager shall be the competent authority to grant casual leave to the Headmaster" add the following:

"The Headmaster may avail casual leave as Headmasters in Government service."

സർ, അസിസ്റ്റന്റന്മാരുടെ കാഷ്വൽലീവ് അനുവദിക്കാനുള്ള അധികാരം ഹെഡ്മാസ്റ്റർമാർക്കുണ്ട്. ഹെഡ്മാസ്റ്റർമാരുടെ ലീവ് ഗവണ്മെന്റ സ്കൂൾ ഹെഡ്മാസ്റ്റർമാർക്കെന്നപോലെ അനുവദിക്കാൻ വ്യവസ്ഥ ചെയ്യണമെന്നാണ് എന്റെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നത്. ഇതു ബഹുമാനപ്പെട്ട മന്ത്രി അംഗീകരിക്കുമെന്നു വിശ്വസിക്കുന്നു.

Shri Joseph Mundassery: I am not in a position to accept the amendment.

The amendment by Shri Alexander Parambithara was put and lost.

Mr. Speaker: Tomorrow also we will continue the discussion of the Education Rules. If it is not finished by tomorrow we will decide the future course then.

The House will now adjourn and meet again at 8 a.m. tomorrow.

The Assembly adjourned at 1 p.m. to meet again at 8 a.m. on Friday, the 15th May 1959.

LIBRARY ARCHIVES Kerala Legislative Assembly